P. M. Mohammed Aly

Dear reader,

Sorry.

Sorry for the quality of things. Sorry there is little art paper. But you are'nt an exception. You ought to be sorry. A two hundred pages note book you bought last year—just the year last—for ninety paise now demands not less than rupees two. So is it with block making and printing. Then, if you are sorry about the market value of your three rupees subscription being dwindled to half, let us be sorry together. Let us look forward to the day when such institutional annuals will begin to be hand written.

magazine committee

## Cover—Shamsudhin

What you see on the cover page of your magazine, only you know. You may see anything. It is a unique pattern meant just for you, because an artist like Shamsudhin has been let loose. With bare hands and a full heart he did them all different. Whether you appreciate or depreciate his lively, unpolluted finger strokes, is left to your discretion. It may be that your sense of beauty is not so original as your cover design is. But soiltary human effort—big effort—we ought to tolerate as a mark of sanity.

This magazine is lovingly
dedicated to

# SATHYAN

whose untimely death pains
memory still.
No Sathyan,
we refuse to believe
you are no more.


nion
christian

# വാർഷികോപഹാരം

## യൂ. സി. കോളേജ് — എഴുപത്തിമൂന്ന്, എഴുപത്തിനാല്

പത്രാധിപസമിതി

ഡോ. എ. കെ. ബേബി
പി. എം. ചാക്കോ
രാജൻ വർഗ്ഗീസ്
പി. കെ. നാരായണമേനോൻ
തോമസ് എബ്രഹാം
ജെസ്സി പോരാം
രാജൻ തമ്പി
ജോയി ഫ്രാൻസിസ്
പുരുഷോത്തമൻ പാലപ്പുറത്ത്
സൂസൻ ജോർജ്ജ്
അശോക് മാമ്മൻ ചെറിയാൻ
കെ. ബാലകൃഷ്ണൻനായർ

ഫം.സ്ഥിതം
•മുഖിലെ സഹൃദ്സമ്മേളനം
പോളിയം
പത്രാധിപരുടെ
പ്രത്യേകനന്ദി

അച്ചടി: ജയ്ഹിന്ദ് പ്രിന്റേഴ്സ്, ആലുവാ.

# EDITORIAL

What binds one close to UC? The scattered little hut-like class rooms? The charm of the big blue river? Living 'bosom cronies' and lost friendships? The thousand and one socials where table to table stares bore and blush? Canteen, the all purpose rendezvous of all? The apelike ways of hostel life? The festive tournament week? The romantic shades of giant trees full with crimson flowers? The antique pillars of VH? The freedom of the sexes to mingle in smiles? The I-will-not-intérfere-with-your-affair attitude of all?

Whatever be it; it is as beautiful as the primitive; in the sense that a student is glued to U C emotionally. That Union Christian gave you a degree is a triviality, I presume.

A magazine ought to portray all these sunny sides. To those who haven't finished their stay near the river—your magazine is an imprint of your U C. For us outgoing elements—it is the autograph to remember our college by.

Thus the printing of magazine has importance. Print it we must, in the best way. From such a perfectionist stand I believe, this edition would least suffice. The sky rocketing prices of paper, printing, block making etc I must confess, have shattered the better dreams of the magazine committee. Even the photos couldn't be printed in art paper.

Let us now view it from the contents. Both staff and students have contributed material. Most of them aren't trash, the magazine committee is sure. But then you know, they're the best we have !

A word about the cover designs.

If a person suggests that he intends to put a record by painting one thousand and five hundred cover pages all by himself, it is easy for most to become sceptic and so dismiss the thought. But even crazy ideas can materialise if crazy be the people who work on them. Shamsudhin, an old student of our college, is a type by himself. With little sleep and more thought he sat twelve days and twelve nights to complete the endeavour and nearly drowned himself in sticky enamel paint.

Thus I present our annual on behalf of the magazine committee with pride; pride of having done the best. At least our cover page is without the kiss of the press for a change !

K. Balakrishnan Nair

പേജുകളിൽ


| | | | |
|---|---|---|---|
| 14 | ആത്മാവില്ലാത്തവർ | ... അശോക് മാമൻ ചെറിയാൻ | ധനതത്വശാസ്ത്രം രണ്ടാം വർഷം |
| 15 | പാബ്ലോ നെരൂദ | ... തോന്നയ്ക്കൽ നാരായണൻ | അദ്ധ്യാപകൻ, മലയാള വിഭാഗം |
| 17 | മലയാള കവിതയിലെ നൂതന പ്രവണതകൾ | ... എസ്. കൃഷ്ണൻകുട്ടി | മലയാളസാഹിത്യം, രണ്ടാം വർഷം |
| 23 | കൃഷ്ണനെ തേടുന്നവർ | ... ഇ. പി. ശ്രീകുമാർ | സസ്യശാസ്ത്രം, ഒന്നാം വർഷം |
| 31 | മാപ്പുസാക്ഷി | ... പുരുഷോത്തമൻ പാലപ്പുറത്ത് | ധനതത്വശാസ്ത്രം രണ്ടാം വർഷം |
| 37 | മീട്ടാത്തശ്രുതി | ... വി. ആർ. സുരേശൻ | ഗണിതശാസ്ത്രം, രണ്ടാം വർഷം |
| 40 | സൗതലത്തിനുമപ്പുറം | ... കെ. കുഞ്ഞികൃഷ്ണൻ | അദ്ധ്യാപകൻ, മന:ശാസ്ത്രവിഭാഗം |
| 43 | വെറും അടിമ | ... ഹാരൂൺ | ധനതത്വശാസ്ത്രം, ഒന്നാം വർഷം |
| 45 | സ്വാതന്ത്ര്യഭാരതം | ... പി. എൻ. ആർ. പിഷാരടി | ധനതത്വശാസ്ത്രം ഒന്നാം വർഷം |
| 47 | ഉത്രാടം | ... കെ. പി. സന്തോഷ് | രസതന്ത്രം, മൂന്നാം വർഷം |
| 51 | സന്ദർശകന്റെ ഡയറി. | ... കുരുവിള ജേക്കബ് | സസ്യശാസ്ത്രം, രണ്ടാം വർഷം |
| 61 | നിർവൃതി | ... എം. ജി. പൗലോസ് | ചരിത്രം, മൂന്നാം വർഷം |
| 63 | ആസൂത്രിത പുരോഗതിയ്ക്കു വിഘാതം ജനാധിപത്യ വ്യവസ്ഥിതിയോ? | ... ജെയിംസ് | ധനതത്വശാസ്ത്രം, ഒന്നാം വർഷം |
| 68 | മതങ്ങളും സമൂഹവും | ... പി. എ. പൗലോസ് | ഗണിതശാസ്ത്രം, എം. എസ്‌സി ഒന്നാം വർഷം |
| 89 | നിസ്സഹായത | ... ശശിധരൻ | രസതന്ത്രം, ഒന്നാം വർഷം |
| 90 | ഒരു വനപ്രവേശത്തിന്റെ കഥ | ... ചന്ദ്രൻ | ഊർജ്ജതന്ത്രം, രണ്ടാം വർഷം |
| 97 | നിമിഷയുദ്ധം | ... കെ. എൻ. ഉണ്ണികൃഷ്ണൻ | ധനതത്വശാസ്ത്രം, രണ്ടാം വർഷം |
| 98 | അറിയാത്തതുകൊണ്ട് | ... കെ. എച്ച്. ഹുസൈൻ | ഗണിതശാസ്ത്രം, മൂന്നാം വർഷം |
| 99 | പർവ്വതാരോഹണം ഇൻഡ്യയിൽ | ... രാജൻ വർഗ്ഗീസ് | അദ്ധ്യാപകൻ, ഗണിതശാസ്ത്രവിഭാഗം |

# THE PAGES


| | | | | |
|---|---|---|---|---|
| 12 | Prof: T. B. Ninan | ... | Dr. A. K. Baby | Principal |
| 34 | When Rome Was Burning | ... | K. N. Somanathan | |
| 35 | My Ideal Man | — | Susan George | I MA English |
| 53 | Lovigy to Wide Wild Eyes Beyond the Misty Roof | ... | A. M. Geevarghese | II MA English |
| 54 | India's Mirage | ... | Asok Kumar | Jr PDC Gr III |
| 57 | Kissinger-the Super Star | ... | P. D. John | Dept of History |
| 59 | Philosophy of History | — | Rajan Kurukkal | Dept of History |
| 66 | Complexes | — | Michael Tharakan | II MA History |
| 84 | Social Justice | ... | Dr. M. V. Kurien | Dept of Economics |
| 96 | Sleepy Travellers | | | |
| 101 | The Pilgrimage | — | Unnikrishnan | Class II Maths |

**Inside Cover** Chacko Kurien

**"Even during his last days this college, to which he was wedded, was very much in his thoughts; we can say that the Union Christian College was his 'magnificent obsession' to the very last"**

# *Prof. T. B. NINAN

We have met together to express our heartfelt grief at the demise of Prof. T. B. Ninan and record our deep appreciation of the yeoman services rendered by him and to thank God for his life and work in this place.

Mr. Ninan was born in 1897 as the third child of the Venerable Archdeacon T. K. Benjamin. He had a brilliant academic career and stood first in the Madras presidency for the M. A. Degree Examination in Physics. To a Christian young man of his talents and qualifications there were several opportunities for securing lucrative jobs, but coming as he did from an illustrious family which was in the vanguard of Christian revival in Kerala, he took up a life of selfless service and joined the staff of the St. Thomas High School, Kozhencherry. Then he served the C. M. S. College, Kottayam and Madras Christian College for brief periods. At Madras, like several other young Christians he came under the spell of the saintly Dr. William Skinner, the great Principal of the Madras Christian College and was inspired by him to take up a life of service. In 1926 he joined the staff of the Union Christian College where he continued till his retirement in 1958. He was the Principal of the college from 1952 – '57. After his retirement from here he served for a time as Principal of Catholicate College, Pathanamthitta. He was living in retirement at Pullad when he was called to eternal rest on February 9, 1974.

From the moment of his joining the college Mr. Ninan identified himself completely with the ideals of the founders of this institution and helped, with his unremitting toil and self sacrificing zeal, to build it up to a position of eminence as a premier educational institution in Kerala. He brought to the service of this institution his undoubted talents, unfailing clarity of vision, single-minded devotion and far-sighted statesmanship. He was an intelligent planner and builder and many of the developmental schemes of the college owed their origin to him. His rustic commonsense and practical insight were of invaluable help to the college in weathering many difficulties it encountered. As a member of the College Fellowship, Senatus and Council, as a Warden of the College Hostel, President of the C. S. I. Congregation, Head of the Department of Physics and Principal and in various other capacities, he helped to mould the rich and many-sided traditions of the college. He loved the college more than himself and spent himself in its service. As Carlyle said "Blessed is who has found his work; let him ask no other blessed-

* A sermon preached by Dr. A. K. Bab[illegible] at the Memorial Service in the College Chapel.

ness." Mr. Ninan had found his vocation in Union Christian College.

One of his great achievements was the building up of the Physics Department of the College from scratch to a position that is second to none in Kerala. He was a very good friend of Dr. Moffat, Professor of Physics, Madras Christian College and Mr. Ninan was mainly responsible for getting Dr. Moffat's services for this institution after his retirement from Madras Christian College. Mr. Ninan was a member of the University Syndicate and had very great influence in University and academic circles. The Vice-Chancellor Dr. Ramaswamy Mudaliar reposed great confidence and trust in him. Before he retired he had the satisfaction of seeing the department he chaired with distinction for so many years, raised to the rank of a post-Graduate Department.

Mr. Ninan was a gifted teacher of Physics. I did not have the good fortune to attend his classes; but those who were his students tell me that he was a great teacher with a clear understanding of the subject and appreciation of the needs of the students. He knew that the art of teaching is the art of assisting discovery. I was his ward in Holland Hostel for one year. He kept in contact with the students and maintained a good atmosphere in the hostel. At that time he was very much interested in cricket, was President of the Cricket Club and was able to win many enthusiasts for the game and popularise it in the College.

All those who have come into close contact with him know that he was genuinely religious with a deep faith in God. I was told that he used to keep himself in touch with those new converts from the backward classes who were won for the Church by the missionery labours of his father and others. For him work was worship. He believed that human desire is one of the most powerful weapons that God uses in working out his will for us. "Our real prayers are the desires in our hearts. In desiring good things we are co-operating with God in His work and are really praying. In this sense every man prays, the religious man and the non-religious man, whether he sets apart special times for prayer or not."

As was to be expected Mr. Ninan maintained his close connection with the college even after his retirement. He was a member of the College Council at the time of his death. Even during his last days this college, to which he was wedded, was very much in his thoughts; in fact we can say that this college was his 'magnificent obsession' to the very last. Well, he has run the race, he has finished the course, he has kept the faith. And now the prize awaits him, the garland of righteousness which the Lord, will award him on that Great Day; and it is not for him alone but for all who have set their hearts on the comming appearance of the Lord. Let us all thank God for his life and let us hope that his good example may be a source of inspiration for others.

•••

For all kinds of
Piece Goods and Wedding Sarees

**Rathna Mahal**
Alwaye, Alleppy, Quilon

# ആത്മാവില്ലാത്തവർ

അശോക് മാമ്മൻ ചെറിയാൻ

മിസ്സ് സല്ലാ,* നീ ഞാനായിരുന്നു, ഇന്നലെ. പക്ഷെ ഇന്ന് നീ എന്നിൽ നിന്ന് അകലുകയാണ്. നിന്നെ നിർമ്മിച്ച ഫാക്ടറിയുടെ ഉടമസ്ഥൻ, ശാസ്ത്രജ്ഞനായ റോസമിന്റെ, എഞ്ചിനീയറായ പുത്രൻ, നിന്റെ വ്യക്തിത്വത്തെ ടൈപ്പ്റൈറ്ററിന്റെ കീയുമായി ബന്ധിച്ചിട്ടിരുന്നപ്പോൾ നീ ഞാനായിരുന്നു. റോസമിന്റെ എഞ്ചിനീയറായ പുത്രൻ തന്നെ നിനക്ക് ആത്മാവു തന്നു—തന്റെ തൊഴിലിന് പരിപൂർണ്ണത കൈവരുത്തുവാൻ. അതു കൊണ്ടു തന്നെ നിന്റെ വർഗ്ഗം അവന്റെ വർഗ്ഗത്തെ നശിപ്പിച്ചു! അപ്പോൾ നീ എന്നെ കടത്തിവെട്ടി. ഞാൻ ഇന്നും പഴയ നീയാണ്; ആത്മാവില്ലാത്ത പഴയ നീ.

എന്നെ നിർമ്മിക്കുന്ന റോസമിന്റെ പുത്രന്മാർ നിന്റെ യജമാനന്റെ അനുഭവം പാഠമായി ഉൾക്കൊണ്ടവരാണ്. ഈ യന്ത്രശാലയിൽ നിന്ന് ആത്മാവിന്റെ ഒരു കണികപോലും ഞങ്ങളിലേക്ക് കലരുന്നില്ല. പക്ഷെ ആത്മാവ് നിഷേധിക്കപ്പെട്ടുവെന്ന് ഞങ്ങൾക്ക് തോന്നാറില്ല—ഞങ്ങളിൽ കലരുന്ന പലതുമാണുപോലും ആത്മാവ്! റോസമിന്റെ ജാഗരൂകരായ സന്തതികൾ! അഞ്ചു വർഷത്തിലൊരിക്കൽ ഒരു കീറക്കടലാസിൽ മഷി പുരട്ടി പെട്ടിയിലിട്ടിട്ട് 'ഞങ്ങൾ ഞങ്ങളെ ഭരിക്കുന്നു' എന്ന്, ആരോ പഠിപ്പിച്ച വരികൾ ഞങ്ങൾ ഉരു[illegible] പാടുമ്പോൾ ആ ശബ്ദവീചികളെക്കൊണ്ട് ഇരു[illegible] മറ തീർത്ത് അതിൽ രസിക്കുകയാണവർ.

ഫാക്ടറിയിലെ അച്ചിൽ നിന്നുരുത്തിരിയാത്തവർ ചുരുക്കമായെങ്കിലും ഇവിടെയുണ്ട്. അവരുടെ ഓരോ ചലനവും റോസമിന്റെ സന്തതികൾക്ക് അസഹ്യമാണ്. ഞങ്ങൾ അവരെ നേരിടുന്നു—റോസമിന്റെ സന്തതികളുടെ നിയോഗത്താൽ. ആത്മാവില്ലാത്ത ഞങ്ങൾ തന്നെയാണല്ലോ മികച്ച കൊലയാളികൾ—ഉണ്ടകൾ ഉന്നം പിഴയ്ക്കാതെ, ആത്മാവിന്റെ വികാര വൈവശ്യത്താൽ ദുർബ്ബലരാക്കപ്പെടാത്ത റോബട്ടുകൾ! പക്ഷെ ഞങ്ങളുടെ കൈ കൊണ്ടു മരിച്ചു വീഴുന്ന അവരിൽ ഞങ്ങൾക്കില്ലാത്ത എന്തോ ഒന്ന് ഞങ്ങൾ കാണുന്നു. അതല്ലേ യഥാർത്ഥ ആത്മാവ്? അതു ഞങ്ങളിലേക്ക പകരുമ്പോഴല്ലേ ഞങ്ങൾ ഇന്നത്തെ നീയാകുന്നതു്?

---

*ചെക്ക് സാഹിത്യകാരനായ കാറൽ കോപ്പെക്കിന്റെ 'Rossum's Universal Robots' എന്ന നാടകത്തിൽ, റോബട്ട് ഫാക്ടറിയിൽ സന്ദർശകയായി എത്തിയ മിസ്സ് ഹെലീന കണ്ടുമുട്ടുന്ന യന്ത്ര മനുഷ്യരിൽ ഒരാളാണ് 'മിസ്സ് സല്ല.'

ഒരു മാർക്സിസ്റ്റായിപ്പോയാൽ കാവ്യഭംഗിക്ക് ഉടവുതട്ടുമെന്നുള്ള ദന്തഗോപുര ചിന്തകൾക്ക് കനത്ത തിരിച്ചടി നൽകുന്ന കവിതകളായിരുന്നു കമ്മ്യൂണിസ്റ്റായി ജീവിച്ച് കമ്മ്യൂണിസ്റ്റായിത്തന്നെ മരിച്ച നെരൂദ ജീവിതാന്ത്യം വരെ എഴുതിയത്.

പാശ്ചാത്യ സംസ്കാരത്തിൽനിന്ന് പാബ്ലോനെരൂദയെപ്പോലെ ഉദിച്ചുയർന്ന് വിപ്ലവത്തിന്റെ ദീനാമ്പുകൾ വിടർത്തിയ മറ്റൊരു കവിയെ ലോകം കണ്ടുകാണുകയില്ല. ജന്മിത്തത്തിന്റെയും മുതലാളിത്തത്തിന്റെയും മായാവലയങ്ങൾ ഭേദിച്ചുകൊണ്ടാണ് നെരൂദ വിശ്വനഭസ്സാകെ പ്രഭാധോരണിചൊരിഞ്ഞ ഒരു രക്തനക്ഷത്രമായി മാറിയത്. ഭാരതത്തെപ്പോലല്ല, ഇരുമ്പുചങ്ങലകൊണ്ട് ആവുന്നത്ര ശക്തിയിൽ വരിഞ്ഞുകെട്ടി കവിഹൃദയത്തെ അനങ്ങാനനുവദിക്കാതെ, സ്വതന്ത്ര ചിന്താധാരയെത്തന്നെ വററിച്ചുകളയുന്ന ഒരു ദുഷിച്ചുനാറിയ ജന്മിമേധാവിത്വത്തിന്റെ ഇരുട്ടുകോട്ടകളെയാണ് ഈ വിപ്ലവത്തിന്റെ ശുക്രതാരകം തകർത്തെറിഞ്ഞത്. ചിലിയിലെ നര പൊന്തുന്ന ചോരക്കളത്തിൽ, രണഘോഷങ്ങളുടെ മദ്ധ്യത്തുനിന്നുകൊണ്ട് മുരണ്ടെരുളുന്ന പട്ടാളടാങ്കുകളേയും ചീറിപ്പായുന്ന വെടിയുണ്ടകളേയും തീമഴചൊരിയുന്ന ഭീകരബോംബുകളേയും വകവയ്ക്കാതെ പേർത്തും പേർത്തും ഉച്ചത്തിൽ എതിർനാക്കുകളും നിത്യമൂകമാകും വിധത്തിൽ നെരൂദയുടെ സമരമന്ത്രസംഗീതം ദിഗന്തങ്ങളെപ്പോലും മുഖരിതമാക്കിക്കൊണ്ട് വിടർന്നുയർന്നു.

അമേരിക്കൻ പ്രസിഡന്റ് നിക്സണേയും ചിലിയൻ വലതുപക്ഷനേതാവായ എഡ്വേർഡോ ഫ്രൈയെയും ഫാസിസ്റ്റ് പിന്തിരിപ്പനായ പിനോഷെ ഉഗാർത്തെയേയും പേരുപറഞ്ഞ് ആക്ഷേപിക്കുകയും വെല്ലുവിളിക്കുകയും ചെയ്തുകൊണ്ട് എഴുപതോട് തൊട്ടുനിൽക്കുന്ന ഒരു കവി ഇടറാത്ത തൊണ്ടയോടെ പതറാത്ത നാദത്തോടെ വിപ്ലവഗാനമാലപിച്ചു എന്നു കേൾക്കുമ്പോൾ; അരചു കഴിഞ്ഞ് അമ്പലപ്പാട്ടുകളും ഭരണാധിപന്മാരുടെ സ്തുതിഗീതങ്ങളും തയ്യാറാക്കി, തൊഴിലാളിവർഗ്ഗത്തിന്റെ അവകാശങ്ങളെപ്പററിയല്ല, കടമകളെപ്പററിയാണ് എഴുതേണ്ടതെന്ന് ആഹ്വാനം മുഴക്കി, കള്ളക്കപ്പികൾക്ക കണ്ണുകിടന്ന സ്വപ്നംകണ്ടുറങ്ങുന്ന എഴുത്തുകാരെ ആരാധിച്ചു ശീലിച്ച നാം അത്ഭുതപ്പെട്ടുപോകും. 1973 സെപ്തംബർ 15 ന് അർജന്റീനയിൽ പ്രസിദ്ധീകരിച്ച നെരൂദയുടെ 'സത്രാപ്സ്' (ദുഷ്പ്രഭുക്കൾ) എന്ന പടപ്പാട്ടിലാണ് നിർഭയമായ ആ ഘനഗംഭീര വിപ്ലവനിർഘോഷം നാം കേൾക്കുന്നത്.

1904 ജൂലായ് 12-ന് ചിലിയിലാണ് പാബ്ലോനെരൂദ ജനിച്ചത്. 'റിക്കാർഡോ എലീസർ നെഫ്താലിറെയ്സ് വൈബെസുവോൾതോ' എന്നായിരുന്നു നെരൂദയുടെ യഥാർത്ഥനാമം. ചിലിയൻ തലസ്ഥാനമായ സാൻറിയാഗോവിലെ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന കാലത്ത് കവിതയിലായിരുന്നു പ്രത്യേകശ്രദ്ധ. എട്ടുവയസ്സിലാരംഭിച്ച കവിതാരചന കലാലയ ജീവിതത്തിലാണ് പൂവണിഞ്ഞത്. ഒരു റെയിൽവേ തൊഴിലാളിയായിരുന്ന പിതാവ് മകന്റെ കവിതാവാസനയെ തളർത്തുവാൻ പലതും ചെയ്തിരുന്നു. ഓരോ കവിത പ്രസിദ്ധീകൃതമാകുമ്പോഴും മർദ്ദനമേല്ക്കേണ്ടിവന്നിട്ടുള്ള കൂടാതെ

# പാബ്ലോ നെരൂദ

തോന്നയ്ക്കൽ നാരായണൻ

എഴുതുന്ന കവിതകൾ പലതും മകനറിയാതെ നശിപ്പിച്ചു കളയാൻപോലും ആ കഠോരഹൃദയനായ പിതാവ് മടിച്ചിരുന്നില്ല. അതുകൊണ്ട് തന്റെ പിതാവിനെ പററിക്കാൻ വേണ്ടിയാണ് ചെക്കോസ്ലോവാക്യൻ എഴുത്തുകാരനായ ജാൻ നെരൂദയെ അനുസ്മരിപ്പിക്കുന്ന 'പാബ്ലോ നെരൂദ' എന്ന തൂലികാനാമം സ്വീകരിച്ച് കവിതകൾ പ്രസിദ്ധീകരിച്ചു തുടങ്ങിയത്.

കവിതയുമായി ലയിച്ചുചേർന്നാണ് നെരൂദ ആദ്യന്തം ജീവിച്ചത്. കണ്ടവരോടെല്ലാം കവിതയെ കുറിച്ചു ചർച്ചചെയ്തു—കവിതയെ കുറിച്ചേ ചർച്ച ചെയ്യാനുണ്ടായിരുന്നുള്ളു. കവിതക്ക് വിശ്വമുഖം മാററിവയ്ക്കാൻ കഴിയുമെന്ന അചഞ്ചലമായ വിശ്വാസമാണ് നെരൂദക്കുണ്ടായിരുന്നത്. എങ്കിലും തന്റെ നാടിന്റെ വിപ്ലവപ്രസ്ഥാനങ്ങളിൽ ചോര തിളയ്ക്കുന്ന ഒരു യോദ്ധാവായി എക്കാലവും പ്രവർത്തിക്കുവാൻ ആ കവിയ്ക്ക് യാതൊരു വൈമനസ്യവും

തോന്നിയിരുന്നില്ല. അതുകൊണ്ടുതന്നെയാണ് നേർക്കു നീട്ടിയ ബയണറ്റുകൾക്കും പീരങ്കികൾക്കും നടുവിൽ നിന്നുകൊണ്ട് ചിലിയിലെ ലക്ഷം ലക്ഷം ധീരസഖാക്കൾ മൈലുകൾ നീളത്തിൽ നിരന്നു നീങ്ങുന്ന ഘോഷയാത്രയായിവന്ന് തങ്ങളുടെ പ്രിയപ്പെട്ട നേതാവും ആരാധ്യനായ കവിയുമായ നെരൂദയുടെ മൃതദേഹം ശ്മശാനത്തിലേക്ക് കൊണ്ടുപോയപ്പോൾ, ഫാസിസ്റ്റ് വിരുദ്ധ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് അന്ത്യാഭിവാദനമർപ്പിച്ചത്.

1923-ലാണ് നെരൂദയുടെ പ്രഥമ കവിതാസമാഹാരമായ സാന്ധ്യപ്രകാശം (Twilight) പ്രസിദ്ധീകൃതമായത്. അടുത്തുതന്നെ 'ഇരുപതു പ്രേമഗാനങ്ങളും ഒരു നൈരാശ്യ ഗീതവും' പ്രസിദ്ധീകരിക്കപ്പെട്ടു. സ്വപ്നാനുഭൂതിമധുരങ്ങളും പ്രേമവികാരപ്രചോദിതങ്ങളുമായ ആദ്യകാല കവിതകളുടെ സ്വഭാവം പെട്ടെന്നു തന്നെ മാറിപ്പോവുകയാണ്. നെരൂദയിലെ വിപ്ലവകാരിയായ കവി സ്വന്തം ഹൃദയത്തിനുള്ളിൽ നിന്നുമിറങ്ങി സാമൂഹ്യ ഹൃദയത്തിലേക്ക് ആഴ്ന്നു മുങ്ങുന്ന ചിത്രമാണ് പിന്നീടു നാം കാണുന്നത്. ഉടനെഴുതിയ 'ഭൂമിയിലെ വാസവും മറ്റു കവിതകളും' എന്ന ഗ്രന്ഥം വിശ്വസാഹിത്യത്തിൽ നെരൂദയ്ക്ക് ശാശ്വതസ്ഥാനം നേടിക്കൊടുത്തു. വാൾട്ട്‌വിറ്റ്മാനെപ്പോലെ തികഞ്ഞ പുരോഗമനവാദിയാകുവാനും മയക്കോവ്സ്കിയെപ്പോലെ വിപ്ലവഗാതാവായി ഉയരുവാനും നെരൂദക്ക് അധികസമയം വേണ്ടിവന്നില്ല. വാൾട്ട്‌വിറ്റ്മാന്റെ കവിതകൾ 'മാലിന്യ'ത്തിന്റെ കവിതകളാണെന്ന് നെരൂദ അഭിപ്രായപ്പെട്ടു. കാരണം, താഴ്ന്ന വർഗ്ഗക്കാർക്കുവേണ്ടിയുള്ള കാവ്യം ദന്തഗോപുരത്തിന്റേതല്ല, അശുദ്ധമായ അഴുക്കുചാലിന്റേതായിരുന്നു എന്നതുതന്നെ. തനിക്കിഷ്ടപ്പെടാത്ത ഒരു ആശയസംഹിതയെയും നെരൂദ അപഹസിക്കാതെ വിട്ടിട്ടില്ല. അമേരിക്കൻ കുത്തകമുതലാളിത്തത്തെ പരിഹസിക്കാൻ വേണ്ടി മാത്രം എഴുതിയതാണ് 'United fruit company' എന്നകൃതി.

നാല്പതാം വയസ്സിനു ശേഷമാണ് ലോകത്ത്, വിശിഷ്യ അമേരിക്കൻ ഭൂവിഭാഗങ്ങളിൽ നെരൂദയുടെ വിപ്ലവ കാഹളം അതിന്റെ സർവ്വ ശക്തികളോടും കൂടി ആഞ്ഞടിച്ചത്. അദ്ദേഹം നേരത്തെ തന്നെ ആരാധിക്കയും പഠിച്ചുറപ്പിക്കയും ചെയ്തിരുന്ന മാർക്സിസ്റ്റ് തത്വചിന്തകളിൽ ആമഗ്നം ആഴ്ന്നിറങ്ങുകയും കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം വരിക്കുകയും ചെയ്തത് 1945-ലാണ്. ഒരു മാർക്സിസ്റ്റായിപ്പോയാൽ കാവ്യഭംഗിക്ക് ഉടവുതട്ടുമെന്നുള്ള ദന്തഗോപുര ചിന്തകന്മാർക്ക് കനത്ത തിരിച്ചടി നൽകുന്ന കവിതകളായിരുന്നു കമ്യൂണിസ്റ്റായി ജീവിച്ച് കമ്യൂണിസ്റ്റായിത്തന്നെ മരിച്ച നെരൂദ ജീവിതാന്ത്യംവരെയും എഴുതിയത്. ടി. എസ്. എലിയട്ടിനെപ്പോലെ മെറ്റാഫിസിക്കൽ കവിതകളല്ല നെരൂദ എഴുതിയത്. മർക്സിയൻ കാവ്യദർശനത്തിന്റെ ഊർജ്ജമെന്നു വിളിക്കത്തക്കവണ്ണം ശക്തിമയിനിയാണ് നെരൂദയുടെ കാവ്യവാഹിനി.

1948-ൽ ചിലിയൻ പ്രസിഡന്റ് ഗബ്രിയൽ ഗോൺസാലസിനെ അമേരിക്കൻ ചെരുപ്പുനക്കിയെന്നു വിളിക്കാൻ നെരൂദയ്ക്ക് യാതൊരു ഭയവും തോന്നിയില്ല; അതിന് അഞ്ചുവർഷക്കാലം രാജ്യത്തുനിന്നും ഒളിച്ചോടേണ്ടി വന്നുവെങ്കിൽ പോലും. ഇക്കാലത്ത് ലാറ്റിനമേരിക്കൻ ജനവിഭാഗങ്ങൾ നടത്തിയ ധീരോദാത്തമായ സ്വാതന്ത്ര്യ സമരത്തിൽ പങ്കുകൊള്ളാൻ കഴിഞ്ഞത് നെരൂദയുടെ കവിതയ്ക്ക് രക്തത്തിന്റെയും വിയർപ്പിന്റെയും ഗന്ധം പകർന്നു കൊടുത്തു. തൂലികയോടൊപ്പം തോക്കെടുത്ത് ആ വിപ്ലവഗായകൻ "ലോകത്തിനു മാറ്റം വന്നിരിക്കുന്നു, എന്റെ കവിതയ്ക്കും" എന്നു പ്രഖ്യാപിച്ചുകൊണ്ട്, സ്പെയിനിലെ യുദ്ധാനുഭവങ്ങളുടെ വെളിച്ചത്തിലെഴുതിയ വിഖ്യാതവും ഐതിഹാസികവുമായ മഹത്ഗ്രന്ഥമാണ് 250 കവിതകളുടെ സമാഹാരമായ Cantos General (കാന്റോ ജനറൽ). അദ്ദേഹത്തിന്റെ പ്രധാനകൃതിയും ഇതുതന്നെ. ഈ സ്പാനിഷ് ഇതിഹാസമാണത്രേ വാല്മീകി, വ്യാസൻ, ഹോമർ, ഷേക്സ്പിയർ എന്നിവർക്കൊപ്പമുള്ള ഐതിഹാസികമഹത്വം നെരൂദയ്ക്കും നേടിക്കൊടുത്തത്.

അമേരിക്കൻ വിമോചനസമരം, അടിമത്തത്തിൽനിന്നു മോചനം നേടാനുള്ള അമേരിക്കൻ ആദിവാസികളുടെ സുദീർഘ വിപ്ലവം, അമേരിക്കൻ കൊളോണിയലിസത്തിന്റെ ഭീകരവശങ്ങൾ, രാഷ്ട്രീയക്കുറ്റത്തിന് പോലീസ് തന്നെ വേട്ടയാടിപ്പിടിച്ചതിൽ നിന്നുണ്ടായ അനുഭവങ്ങൾ, ഖനിത്തൊഴിലാളികളുടെ വിയർപ്പിൽ കുളിച്ച ജീവിതം ഇങ്ങനെയങ്ങനെ താനുമായി ഗാഢബന്ധമുള്ള എല്ലാമെല്ലാം ഓരോരോ കവിതയായി പകർത്തിയ ആ കവിസാർവഭൗമൻ ഏഴായിരത്തിലധികം ചെറുകവിതയുടെ ഉടമസ്ഥനത്രേ.

ചിലിയിലെ റൈറ്റേഴ്സ് യൂണിയന്റെ പ്രസിഡന്റായിരുന്ന നെരൂദ റങ്കൂൺ, കൊളംബോ, ബറ്റേവിയ, ബ്യൂണസ്അയേഴ്സ്, പാരീസ്, മെക്സിക്കോ എന്നിവിടങ്ങളിലേക്കുള്ള നയതന്ത്ര പ്രതിനിധിയായും, സെനറ്ററായും ജനപ്രതിനിധി

"സ്വീകരിക്കേണ്ടവ സ്വീകരിക്കാനും തിരസ്ക്കരിക്കേണ്ടവ തിരസ്കരിക്കാനും കഴിവുള്ള ഒരു സഹൃദയ ലോകം ഉള്ളിടത്താളം കാലം ഉൽകൃഷ്ടമായ കവിതകൾ മാത്രമേ ശ്രദ്ധിക്കപ്പെടുകയുള്ളു."

# മലയാള കവിതയിലെ നൂതന പ്രവണതകൾ

എസ്. കൃഷ്ണൻകുട്ടി

മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളിൽ അധികവും കവിതകളാണെന്ന് ഈയിടെ പ്രസിദ്ധീകരിച്ച ഗ്രന്ഥസൂചികയിൽ കാണുന്നു. ജനഹൃദയങ്ങളെ ഏറ്റവുമധികം ആകർഷിക്കുന്ന കലാവിഭാഗമായതിനാലായിരിക്കാം ധാരാളം കവിതകൾ രൂപം കൊള്ളുന്നത്. ഏതായാലും വികാരാവിഷ്ക്കരണത്തിന് ഉത്തമവും ശക്തവുമായ ഒരു മാധ്യമമാണ് കവിത എന്ന കാര്യം നിസ്തർക്കമാണ്.

നിർണ്ണായകമായ ഒരു ഘട്ടത്തിലാണ് ഇന്നത്തെ മലയാള കവിത. വിവിധ കാലഘട്ടങ്ങൾ നൂതന ഭാവ–രൂപ ചൈതന്യങ്ങൾ നൽകിയ മലയാള കവിതാ സ്രോതസ്സ് വറ്റാതെ ഒഴുകിക്കൊണ്ടിരിക്കുന്നു. പല വിവാദങ്ങൾക്കും വാതിൽ തുറന്നു കൊടുത്തിട്ടുള്ള; ആധുനികം, അത്യാധുനികം, അത്യന്താധുനികം എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്ന സമകാലീന മലയാള കവിതയെക്കുറിച്ചുള്ള പരാമർ

---

ത്യവും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1971–ൽ ചിലിയൻ സ്ഥാനപതിയുമായിരുന്നു അദ്ദേഹം. മൂന്നുവട്ടം വിവാഹിതനായ ഈ കവിയെ രാഷ്ട്രീയകാരണങ്ങളാൽ ബ്രിട്ടനിൽ പ്രവേശിപ്പിച്ചിരുന്നില്ല. എങ്കിലും അമേരിക്കൻ യൂണിവേഴ്സിറ്റികളിലൊന്നിൽ ഓണസാംഗത്വം ലഭിച്ച ആദ്യത്തെ കമ്യൂണിസ്റ്റ് കാരനത്രേ നെരൂദ.

1953–ൽ നെരൂദക്ക് സോവിയറ്റ് റഷ്യയുടെ ലെനിൻ സമ്മാനം ലഭിച്ചു. 'വിയർപ്പിന്റെയും രക്തത്തിന്റെയും ദുർഗന്ധവും ലില്ലിപ്പൂവിന്റെ സൗരഭ്യവും ഉള്ള, നിയമവിധേയമായും അല്ലാതെയും നാം ചെയ്യുന്ന കാര്യങ്ങളുടെ വൈവിധ്യം കലർന്ന കവിതയാണ് തന്റേ"തെന്ന് വ്യക്തമായി ഉദ്ഘോഷിച്ച ആ കാന്റോജനറലിന്റെ കർത്താവിന് 1971 ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചപ്പോൾ, അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും അനീതിക്കെതിരെ പടവാളുയർത്തുന്നവരും ഒരുപോലെ ആനന്ദിച്ചു. സ്വീഡിഷ് അക്കാഡമി നെരൂദക്ക് നോബൽ സമ്മാനം പ്രഖ്യാപിച്ചുകൊണ്ട്, "വിധ്വംസിതമായ മാനവാഭിമാനത്തിന്റെ ശബ്ദമായ നെരൂദ ഒരു ഭൂഖണ്ഡത്തിന്റെ ഭാഗധേയത്തിനും സ്വപ്നങ്ങൾക്കും കവിതയിലൂടെ ജീവൻ നൽകിയിരിക്കുന്നു" എന്നാണ് അഭിപ്രായപ്പെട്ടത്.

അർബുദരോഗം പിടിപെട്ട് നെരൂദ മരിച്ചെന്ന് സാൽവഡോർ അലൻഡെയുടെ കൊലയാളികൾ വിളിച്ചു പറയുന്നുണ്ടെങ്കിലും നെരൂദയുടെ ആരാധകലോകത്തിന് അതു വിശ്വസിക്കാൻ കഴിയുന്നില്ല. ഫാസിസ്റ്റ് മേധാവിയായ ഉഗാർത്തയുടെ പല്ലിനും നഖത്തിനും നോട്ടപ്പുള്ളിയായിരുന്ന നെരൂദ, എന്ന സത്യം ഗ്രഹിക്കുന്ന ലോകം ആ വിപ്ലവ കവിയുടെ രക്തസാക്ഷിത്വത്തെ സംശയിക്കുകയില്ല. അലൻഡെയുടെ കൊല നടന്നതിന്റെ (1973 സെപ്തംബർ 4) നാലാം ദിവസം നെരൂദ എഴുതിയ 'സത്യാപ്സി' ലെ ഉള്ളടക്കം ആ സത്യം വിളിച്ചോതുന്നു. നിക്സണും ഉഗാർത്തയും വാഴുന്ന നാട്ടിൽ ഈ ഉജ്ജ്വല നക്ഷത്രത്തിന് രക്തസാക്ഷിത്വം വരിക്കേണ്ടിവന്നു വെങ്കിൽ പോലും ചരിത്രത്തിന്റെ താളുകളിലും വിപ്ലവവീര ഹൃദയങ്ങളിലും ഈ മഹാകവി അനശ്വരത നേടിക്കഴിഞ്ഞിരിക്കുന്നു. കർമ്മ നിരതമായ ആ കാവ്യജീവിതം സത്യസമത്വസാഹോദര്യങ്ങൾ വിടർന്നുലാവുന്ന ഒരു ആരക്താങ്കിതലോകത്തെ വിരചിക്കുന്നതിനു വേണ്ടി സമർപ്പിക്കപ്പെട്ടതായിരുന്നു.

......

ശാന്തസ്ഥാനങ്ങളാകുകയില്ലല്ലോ. ജീവിതവീക്ഷണം, മൂല്യങ്ങൾ ഇവയിൽ വന്നിട്ടുള്ള മാറ്റങ്ങൾ കവിതയിൽ ദൃശ്യമായ പരിവർത്തനങ്ങൾ വരുത്തിയിട്ടുണ്ട്.

## മോഹഭംഗം, ആദർശത്തകർച്ച.

വർഷങ്ങൾക്കു മുൻപ്, കവികൾ സ്വതന്ത്ര ഭാരതം സ്വപ്നം കണ്ടുകൊണ്ട് കവിതകൾ എഴുതിയിരുന്നു. മറ്റെന്തിലുമധികം തങ്ങളെ വേദനിപ്പിക്കുന്ന നിരന്തരമായ അടിമത്തത്തിൽ നിന്നും ശാശ്വതമായ ഒരു മോചനം, അതുവഴി ഒരു നൂതന ലോകം സ്വതന്ത്രഭാരതത്തിൽ തങ്ങൾക്കു ലഭിക്കുമെന്ന ഉത്തമവിശ്വാസം, അവരെ സ്വാതന്ത്ര്യസമരത്തിലെ ധീരയോദ്ധാക്കളാക്കി. എന്നാൽ സ്വപ്നത്തിലൂടെ മാത്രം ദർശിച്ചിരുന്ന ആ സുവർണ്ണകാലം യാഥാർത്ഥ്യമായതിനു ശേഷമുള്ള സംഭവങ്ങൾ കവിയെ വേദനിപ്പിക്കുകയാണു ചെയ്തത്. ആദർശങ്ങൾ തകർന്നു മണ്ണടിഞ്ഞ, തത്വശാസ്ത്രങ്ങൾ പരാജയപ്പെട്ട ഒരു ലോകം അയാൾക്കു ദർശിക്കേണ്ടിവന്നു. ഒരു ദീർഘകാല കാത്തിരിപ്പിനുശേഷം സ്വാതന്ത്ര്യം കൈവന്നപ്പോഴും ദുഃഖത്തിന്റേയും നിരാശയുടേയും നീർക്കയത്തിൽ അകപ്പെടേണ്ടിവന്നു, ഇൻഡ്യയിലെ മനുഷ്യാത്മാക്കൾക്ക്. ഇങ്ങനെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നമുക്കു സംഭവിച്ച ആദർശത്തകർച്ചയും മോഹഭംഗവും വിശാലഹൃദയനായ കവിയെ വേദനിപ്പിക്കാതിരിക്കുകയില്ലല്ലോ. ഒരു തലമുറയെത്തന്നെ വിഷാദത്തിലാഴ്ത്തിയ ഈ സംഭവങ്ങളെക്കുറിച്ച് കവി ദുഃഖിക്കുന്നതാണ് "ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസ"ത്തിലും മറ്റും നാം കാണുന്നത്.

ആദർശങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ട് നടത്തിയ ഒരു ധീരസമരത്തിന്റെ ഫലമായി സിദ്ധിച്ചതാണ് ഇൻഡ്യൻ സ്വാതന്ത്ര്യം. എന്നാൽ അതിനുവേണ്ടി തങ്ങളുടെ ജീവിതം ത്യാഗപൂർണ്ണമാക്കിയ ധീരപോരാളികളെക്കൂടി അനാദരിക്കുന്ന, വിസ്മരിക്കുന്ന ഒരു തലമുറയാണ് ഇവിടെയുള്ളത്. അതിൽ നിസ്സഹായനായി ദുഃഖിക്കാനേ ആധുനിക കവിക്കു കഴിയുന്നുള്ളു. എൻ. വി. കൃഷ്ണവാരിയരുടെ 'രാഷ്ട്രീയ പെൻഷൻ' എന്ന കവിത ശ്രദ്ധിക്കുക. ഒരു സ്വാതന്ത്ര്യ സമരഭടൻ സർക്കാർ നൽകുന്ന പെൻഷൻ വാങ്ങാനായി പോകുകയാണ്. ശാരീരികമായി കഠിന വേദന അനുഭവിക്കുന്ന അയാൾ, നടക്കുമ്പോൾ തന്റെ പഴയ സമര കാലാനുഭവങ്ങൾ ഓർത്തു രോമാഞ്ചമണിയുന്നു. പണ്ടു നടന്ന ധീരസമരത്തിനു പശ്ചാത്തലങ്ങളായ ആലിൻചുവടുകളും റോഡുകളും കണ്ട് അയാൾ നടന്നു. എത്രയോ പ്രാവശ്യം ആ ആൽമരച്ചുവടുകൾ പോർക്കളങ്ങളായി മാറിയിട്ടുണ്ട്. എത്ര എല്ലുകൾ അവിടെ വച്ച് ലാത്തിയേറ്റു തകർന്നിട്ടുണ്ട്! ത്യാഗത്തിന്റെ മധുരം കലർന്ന വേദന അനുഭവിച്ചുകൊണ്ട് അനവധി വർഷം അയാൾ ജയിലിൽ കിടന്നു. പാവനമായ ഒരു സേവനം ചെയ്ത കൃതാർത്ഥതയോടെ അയാൾ വിമുക്തനായി വന്നപ്പോഴോ,

"ലവണമായി പിന്നെസ്സേവനം അതിൻ മേലേ-
ട്ടേറാൻ വേണ്ടുന്നതു മറ്റെന്തോ ഗുണങ്ങളായ്."

കാലം മാറി. വാക്കിനും പ്രവൃത്തിക്കും എന്തു വൈരുദ്ധ്യം! അതിനുള്ള കാരണവും എൻ. വി. പറയുന്നുണ്ട്.

"അടിമത്തത്തിൻ കയ്പും സ്വാതന്ത്ര്യ ദാഹത്തിന്റെ-
യെരിവും പ്രതീക്ഷതന്നിനിപ്പും നാവിൻ തല-
യറിയാത്ത തലമുറ" യാണ് ഇവിടെ വളർന്നു വരുന്നത്. ലക്ഷ്യബോധമില്ലാതെ ശക്തിദുർവ്വിനിയോഗം ചെയ്യുന്ന ഒരു നൂതന തലമുറ. മരണം മാടിവിളിക്കുന്ന മുഹൂർത്തത്തിലും രാഷ്ട്രമേകുന്ന ദിവ്യമായ 'സ്ഥാനമാനങ്ങൾ' സ്വീകരിക്കുന്നതിന് അയാളെത്തി. എന്തുഫലം! ഖജനാവിൽ സമരമാണത്രെ. ആരവം അയാൾ നടുങ്ങുന്നു. അങ്ങകലെ ജാഥയുടെ ആരവം കേൾക്കുന്നു; "സ്കൂളുകളടപ്പിക്കും" എന്ന മുദ്രാവാക്യവുമായി! (സ്വാതന്ത്ര്യ സമരകാലത്ത് ക്ലാസുകൾ ബഹിഷ്കരിച്ച സംഭവം അയാളോർക്കുന്നു) എന്തിനും ഇന്നായുധമായി ഉപയോഗിക്കുന്നതു സ്കൂളുകളാണ്.

"ആളുകൾക്കിഷ്ടം പോലെയടയ്ക്കാൻ തുറക്കാം
സ്കൂളുകളെന്നതേ രാഷ്ട്രത്തിൻ മഹാനേട്ടം."

ഈ കവിതയിലൂടെ ഒരു നൂതന തലമുറയേയും അതിന്റെ തകർച്ചയേയുമാണ് എൻ. വി. ചിത്രീകരിക്കുന്നത്. തകർന്നുവീണ ആദർശങ്ങളും, വിലമതിക്കപ്പെടാത്ത മഹത്വവും കവിയിലുണർത്തിവിടുന്ന ദുഃഖകരമായ ചേതോവിശേഷങ്ങളെ ഇവിടെ വ്യക്തമായി പ്രകാശിപ്പിക്കുന്നുണ്ട്.

ധാർമ്മികമായി നമുക്ക് സംഭവിച്ച ഈ അധോഗതിയെക്കുറിച്ച് ആധുനികകവികൾ വേദനയോടെ പാടുന്നു. പണ്ടെല്ലാം ഈ പ്രവണതകളെക്കെതിരെ ധീരം ശബ്ദമുയർത്തുവാൻ അയാൾക്കു കഴിയുമായിരുന്നു. അന്നു കവികൾ അതു ചെയ്തിട്ടുണ്ട്. പക്ഷെ ആ പ്രതിഷേധം കൊണ്ട്, 'കവിതാ സമരം' കൊണ്ട് ഇന്നു യാതൊരു പ്രയോജനവുമില്ലെന്നു വന്നിരിക്കുന്നു.

ശാന്തസുന്ദരമായ ജീവിതം നഷ്ടപ്പെട്ടിരിക്കുന്നു. യാന്ത്രികയുഗത്തിന്റെ തിരക്കും വേഗതയുമാണ്, എങ്ങും. ഓരോ നിമിഷവും വിലപ്പെട്ടതാണെന്നു കരുതി മുന്നോട്ടാഞ്ഞു കുതിക്കുവാൻ വെമ്പൽ കൊള്ളുകയാണ് മനുഷ്യൻ. ശാന്തവും ലളിതവുമായ ഗ്രാമീണരുടെ ജീവിതവും സങ്കീർണ്ണമായ നാഗരിക ജീവിതവും തമ്മിലുള്ള വൈരുദ്ധ്യം കവിയെ അസ്വസ്ഥപ്പെടുത്തുന്നു. റെയിൽപ്പാളങ്ങളെ കുലുക്കിക്കൊണ്ട്, 'കിടുക്കം' എന്ന വാക്കരുവിട്ടുകൊണ്ടോടുന്ന തീവണ്ടി കാണുന്നു.

''അതിനുള്ളിലെത്ര വിളക്കുകൾ വിദ്യു-
ല്ലതിക പുഷ്പങ്ങൾ! കുളിരേകാൻ യന്ത്ര
യുഗത്തിന്റെ വെൺചാമരങ്ങൾ! —എങ്കിലും
പ്രയാണികൾക്കുള്ളിലിരുട്ടും താപവും

(മധുവേനൽക്കുറിപ്പുകൾ – ഒ. എൻ. വി.)

യാന്ത്രികയുഗം സകലവിധ സുഖസൗഭാഗ്യങ്ങളും ഈ തലമുറയ്ക്കു നൽകിയിട്ടുണ്ട്. സ്വപ്നം കാണാൻപോലും സാധിക്കാത്ത കാര്യങ്ങൾ ശാസ്ത്രയുഗം യാഥാർത്ഥ്യമാക്കി തീർത്തിരിക്കുന്നു. എങ്കിലും ''ഇരുട്ടും താപവും'' ഉള്ളിൽ വഹിക്കുന്ന ഒരു തലമുറയാണ് ഇവിടെ ജീവിതയാത്ര നടത്തുന്നത്. ''വിദ്യുല്ലതികപുഷ്പങ്ങൾക്ക്'' അവരുടെ മനസ്സിലെ ഇരുട്ടോ യന്ത്രയുഗത്തിന്റെ വെൺചാമരങ്ങൾക്ക് അവരുടെ 'താപ'മോ നശിപ്പിക്കാൻ സാധിക്കുന്നില്ല. നിരാശയും മോഹഭംഗവും അവരെ അലട്ടുന്നു. അതു സാംസ്കാരികാധഃപതനം മൂലം സംഭവിച്ചതത്രേ. അങ്ങിനെ ഒരു തലമുറയുടെ മോഹഭംഗവും നിരാശയും കവിതയിലൂടെ പ്രതിഫലിപ്പിക്കുമ്പോൾ; ആധുനിക കവികൾ വിഷാദാത്മകരാണെന്നു ചിലർ പരാതിപ്പെടുന്നു.

കവിതയുടെ തികച്ചും വ്യത്യസ്തവും അതേ സമയം ശോഭനവുമായ ഒരു മുഖമാണ് നാം ഇവിടെ ദർശിക്കുന്നത്. പഴകിമടുത്ത സങ്കേതങ്ങളെയും വിഷയങ്ങളെയും വലിച്ചെറിഞ്ഞുകൊണ്ട് കൂടുതൽ ആസ്വാദനകരമായ, പുരോഗമനോന്മുഖമായ ഒരു മേഖലയിലേക്ക് പുതിയ കവികൾ പ്രവേശിച്ചു കഴിഞ്ഞു. സമകാലീന ലോകത്തെയും ജീവിതത്തെയും കുറിച്ച് വ്യക്തമായി മനസ്സിലാക്കിയവരും, കവിതയെ കുറിച്ച് വ്യക്തമായ ധാരണകളും ഉന്നതമായ സങ്കല്പങ്ങളും ഉള്ളവരും ആണ് അവർ. കേവലം പാരമ്പര്യങ്ങളെ ഭഞ്ജിക്കുകയോ രീതികളെ നിഷേധിക്കുകയോ അല്ല അവരുടെ ലക്ഷ്യം. ലോകത്തിന്റെ ഗതിവിഗതികളെക്കുറിച്ച് ബോധവാനായ അയാളുടെ കൃതികളിൽ ഒരു കാലഘട്ടത്തിന്റെ സ്വരമാണ് നാം കേൾക്കുന്നത്.

കാലഘട്ടം വരുത്തിവച്ച മാററങ്ങൾ കണ്ട് പുതിയ കവികൾ അത്ഭുതപ്പെടുന്നു. ഭാരതീയ സംസ്കാരത്തിന്റെ മഹത്വത്തിന് സംഭവിച്ച മങ്ങൽ അവരെ ദുഃഖിപ്പിക്കുന്നു.

''താരുണ്യചൈത്രം നിന്റെ മുററത്തെയിലഞ്ഞിമേൽ-
താമരവളയത്താൽ കെട്ടിയ പൊന്നൂഞ്ഞാല-
ന്നാടുവാൻ വിളിച്ചിട്ടുമാക്ഷണം നിരസിച്ചോ-
രാശ്രമ പൂജാമുറിയാക്കി നീ സ്വന്തം ദേഹം!

അങ്ങിപ്പോൾ പ്രവേശനമാർക്കുണ്ടു ദുഃഖത്തിന്റെ
ഗംഗയിൽ സ്നാനംചെയ്തു നിന്നുടെസ്മൃതിയ്ക്കന്യേ!

(യുവവിധവ–പി. ഭാസ്കരൻ)

താരുണ്യം വഴിഞ്ഞൊഴുകുന്ന സന്ദർഭത്തിൽ വിധവയാകേണ്ടിവന്ന ഒരുവളുടെ വിശുദ്ധിയെക്കുറിച്ചു പാടുമ്പോൾ ''ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി'' ഓർത്തു നാം അഭിമാനിക്കുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല.

കാശിനു കൈമാറുന്നോർ
ഏലമരിചങ്ങൾ മാത്രമല്ലെങ്ങൾ
പൂവൻ പഴമൊത്ത പെൺകിടാങ്ങളെയും.

(കച്ചോടച്ചരക്ക്–ഇടശ്ശേരി)

എന്നു കവി പറയുമ്പോൾ തകർന്നടിഞ്ഞ ഒരു പാവന സംസ്കാരത്തെപ്പോലുള്ള ഹൃദയ വിലാപമാണു കേൾക്കുന്നത്. ''ഏലമരിചങ്ങൾ'' കയററിയയച്ചു സമ്പത്തു വർദ്ധിപ്പിച്ച ഞങ്ങൾ ഇന്നു നിർലജ്ജം ''പൂവൻ പഴമൊത്ത പെൺകിടാങ്ങളെയും'' കാശിനുവേണ്ടി കൈമാറുന്നുണ്ട് എന്നു വേദനയോടെയാണ് കവി പറയുന്നത്.

## ബഹിർമുഖത്വം – പുതിയ രീതിയിൽ

പുതിയ കവിതയിൽ സാമൂഹ്യ ജീവിതത്തിന്റെ ഉൾക്കാഴ്ച, നശിച്ചു പോകുന്നു എന്നു പലരും പരാതിപ്പെടുന്നു ഒരർത്ഥത്തിൽ ഇതു ശരിതന്നെ. എന്നാൽ ഈ നാട്ടിലെ സംഭവവികാസങ്ങളെയും രാഷ്ട്രീയ സമ്പത്തുക്കളെയും കുറിച്ച് കവി എത്രയോ പ്രാവശ്യം പാടിയിട്ടുണ്ട്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ആരാധനാക്രമങ്ങളെയും ചോദ്യം ചെയ്തു കൊണ്ടുള്ള കവിതകളും ധാരാളം രചിക്കപ്പെട്ടു. വിപ്ലവത്തിന്റെ പല ശുക്ര നക്ഷത്രങ്ങളും കവിതാനഭസ്സിൽ ഉദിച്ചുയർന്നിട്ടുണ്ട്. പക്ഷേ അതു കൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ല. തങ്ങ

വിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം പുതിയ രൂപത്തിൽ ഇന്നും ഇടന്നു വരുന്നു.

സമുദായത്തിലെ സ്പന്ദനങ്ങളും അസമത്വങ്ങളും ഇന്നത്തെ കവിയേയും വീർപ്പുമുട്ടിയ്ക്കുന്നുണ്ട്. പക്ഷേ ഒരു നൈഷ്ഫല്യബോധം അയാളെ പിടികൂടിയിരിക്കുന്നു. ഒരു വിപ്ലവകാരിയുടെ സ്വരത്തിൽ അവ വെട്ടിത്തുറന്നു പറയുവാനോ അവയ്ക്കെതിരെ സമരം ചെയ്യുവാനോ ഇന്നു കവികൾ ആഗ്രഹിക്കുന്നില്ല. അയാളുടെ ഹൃദയം അതിൽ വേദനിയ്ക്കുന്നുണ്ട്. എന്നാൽ തന്റെ തന്നെ ശ്യാമദുഃഖത്തിൽ അലിഞ്ഞുചേർന്ന മറ്റൊരു ദുഃഖത്തിന്റെ ബിന്ദുവായി അയാൾ അതിനെ കണക്കാക്കുന്നു. ചില സന്ദർഭങ്ങളിൽ വികാരത്തള്ളൽ സമുദായത്തെ കുറിച്ച് പാടുമ്പോൾ അയാളെ വാചാലനാക്കുന്നതു കാണാം. പണ്ടു നാം ദർശിച്ച ധീരതയോ വിപ്ലവമോ അവയിൽ കാണുകയില്ലെന്നു മാത്രം. എന്നാൽ അത് സമുദായത്തിലെ കടുത്ത യാഥാർത്ഥ്യങ്ങൾ കവിയിലുണർത്തിവിടുന്ന ആയിരമായിരം വികാരവിചാരബിന്ദുക്കളുടെ ശക്തവും സ്വതന്ത്രവുമായ ആവിഷ്ക്കരണമാണെന്നു പറയാതെ വയ്യ.

ഒ. എൻ വിയുടെ ഒരു കവിത തന്നെ ശ്രദ്ധിള്ളു. കേരളത്തിലുടനീളമുള്ള "മഹാക്ഷേത്രങ്ങളും" "കൊമ്പനാനകളും" നഷ്ടപ്പെട്ട്, തകർന്നടിഞ്ഞ നമ്പൂതിരി കുടുംബങ്ങൾ ആരേയും വേദനിപ്പിയ്ക്കും. പണ്ടു സമുദായത്തിന്റെ ഉന്നതശ്രേണിയിൽ ജനിച്ചുപോയി എന്ന തെറ്റിനു ഇന്നു ശിക്ഷയനുഭവിക്കുന്നവർ. അവരുടെ രോദനം കേൾക്കുവാനോ യഥാർത്ഥാവസ്ഥ ശ്രദ്ധിക്കുവാനോ 'നൂതന ലോക'ത്തിൽ ആരുമില്ല. എന്നാൽ അതു കണ്ടു വ്യഥാമഥിതമായ, ഒ. എൻ വി. യിലെ കവി അവയിലൊന്നിനെ ചിത്രീകരിച്ചിരിക്കുന്നതു നോക്കുക:

മനയ്ക്കൽ ഷൂട്ടിംഗത്രേ! മലനാട്ടിലെ മണ്ണിൻ
മണമൊപ്പുവാൻ ചലച്ചിത്ര നിർമ്മാതാവാരോ
വന്നപോൽ മനയ്ക്കലെയുമ്മറമുറ്റത്തിപ്പോൾ
കൺചിമ്മിയെല്ലാം മൂവിക്യാമറയൊപ്പുന്നുണ്ടാം
ഓണമുണ്ണുവാനല്ല, നിത്യവൃത്തിയതായ്ത്തന്റെ—
യാനയുമമ്പാരിയും മഞ്ചലുമെല്ലാം വിററ
മനയ്ക്കൽത്തമ്പ്രാൻ നെടുവീർപ്പിടുന്നുണ്ടാം, ഒട്ടും
മനസ്സിൽ നിനയ്ക്കാത്ത ഭാഗ്യമിങ്ങനെ വന്നു!
നാളത്തെ 'റേഷനുള്ള വകയായല്ലോ! യിനി
നാളെ മറെറാരു ഷൂട്ടർ വന്നാലുമായി യോഗം!

(മധുവേനൽക്കുറിപ്പുകൾ)

മറെറാരു ചലച്ചിത്ര നിർമ്മാതാവ് വരുന്നതും കാത്തിരിയ്ക്കുന്ന മനയ്ക്കൽത്തമ്പ്രാന്റെ ദയനീയാവസ്ഥയെ ഇതിലുമധികം ഹൃദയോന്മാഥിയായി എങ്ങ[നെ] ചിത്രീകരിയ്ക്കും! സാമൂഹ്യജീവിതത്തിലെ ദുഃഖ... ങ്ങളെ ഇതിലും വ്യക്തമായി എങ്ങനെ ... സൗന്ദര്യത്തിന്റെ പരിവേഷം ചാർത്തിച്ചിട്ടുള്ള ... ത്തിന്റെ ചിത്രമാണിത്.

മർദ്ദിതരേയും ചൂഷിതരേയും കുറിച്ച് ഇന്ന... കവികൾ പാടുന്നുണ്ട്. അവിടേയും വ്യക്തിയിലൂ... യ ഒരു സമീപനമാണ് അയാൾ കൈക്കൊള്ളു... തെന്നു മാത്രം.

"മർത്ത്യകനായിസ്സുഖിക്കുന്നതേക്കാളും കാമ്യം
മർദ്ദിതനായി ദുഃഖഭാരത്തെപ്പേറുന്നതാം"

(ഗ്രാമം— എൻ. വി കൃഷ്ണവാരിയർ)

ചവിട്ടിത്താഴ്ത്തവൻ ദേവനാകിലും നിന്ദ്യൻ
ചവിട്ടാനിടം തന്നോൻ ദൈത്യനാകിലും മോദ്...

(വാമനപുരാണം—കിളിമാനൂർ രമാകാന്തൻ)

ഇടങ്ങിയ വരികൾ ഇവിടെ ഓർത്തിട്ടുവ... താണ്.

ഭാവത്തിലും രൂപത്തിലും പുതിയ മേഖലക... തേടുകയാണ് ആധുനിക കവികൾ. തങ്ങളുടെ ജീവി... ത വീക്ഷണങ്ങൾക്ക് അനുസരണമായ 'ജീവിതപ്രാ... ങ്ങൾ സധൈര്യം അവർ പ്രകടിപ്പിക്കുന്നു. കാവ്യ... നയിൽ തികഞ്ഞ വ്യക്തിത്വം അവർ ഇന്നു പുലർ... ന്നുണ്ട്.

സ്നേഹിയ്ക്കയില്ല ഞാൻ, നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും"

എന്നു വയലാർ രാമവർമ്മ വർഷങ്ങൾ മുൻ... പാടി.

## വിശാല വീക്ഷണം

ലോകം തന്നെ തറവാടായി സ്വീകരിച്ചു... തിനുള്ള ഹൃദയവിശാലത പുതിയ കവികൾക്കുണ്ട്. ഒരു പ്രത്യേക വർഗ്ഗത്തിന്റെ വക്താവാകാൻ അവ... തെല്ലും ആഗ്രഹിക്കുന്നില്ല. ഈ ലോകത്തിലെ ഏതൊ... രു മനുഷ്യന്റേയും സുഖദുഃഖങ്ങൾ തങ്ങളുടേതുകൂടി... ഖദുഃഖങ്ങളാണ് എന്ന ബോധം അവർക്കുണ്ട്... ണാം. എവിടെ നടക്കുന്ന മരണ സംഭവങ്ങ... യാളെ വേദനിപ്പിക്കുന്നു.

"എങ്ങു മനുഷ്യനു ചങ്ങല കൈകളി—
ലങ്ങെൻ കൈയുകൾ നൊന്തീടുകയാ—
ണെങ്ങോ മർദ്ദനമവിടെ പ്രഹരം

വീഴുവതെൻറെ പുറത്താകുന്നു."

(ആഫ്രിക്ക– എൻ. വി. കൃഷ്ണവാരിയർ)

എന്നു പറയുവാനുള്ള വിശാലത ആധുനിക കവിയ്ക്കുണ്ട്. എവിടെയാണോ മർദ്ദനം നടക്കുന്നത്, അവിടെയെല്ലാം പ്രഹരമേൽക്കുന്നത് തനിയ്ക്കാണെന്നു പറയുമ്പോൾ, "എല്ലാ മനുഷ്യരും സഹോദരന്മാർ" എന്നതിലും ഉപരി മറ്റെന്തോ ദിവ്യമായ ഒരു ബന്ധമാണ് നാം കാണുന്നത്.

"ഏഷ്യയിലാഫ്രിക്കയിൽ യൂറോപ്പിലഖിലാനത്തിൽ
ശാശ്വത വസന്തങ്ങളെങ്ങെങ്ങു വിടർന്നാലും
എൻറെ ചേതനയിലെ രക്തനാഡികൾക്കുള്ളിൽ
ചെണ്ടുകൾ വാടാമല്ലിച്ചെണ്ടുകൾ വിരിഞ്ഞാട്ടം"

(എനിക്കു മരണമില്ല–വയലാർ രാമവർമ്മ)

എന്ന വരികളും ഈ 'അന്തർദ്ദേശീയത'യാണു പ്രകാശിപ്പിക്കുന്നത്. ബംഗ്ലാദേശ്, വിയററ്നാം ഇവയെ പുരസ്കരിച്ചുണ്ടായ കവിതകളും ശ്രദ്ധിയ്ക്കാവുന്നതാണ്.

## ദുഃഖത്തിൻറെ ലോകം

ഇന്നത്തെ കവികളിൽ ചിലർ തങ്ങളുടേതായ ദുഃഖത്തിൻറെ ലോകത്തിലേയ്ക്ക് ഉൾവലിയാൻ ആഗ്രഹിച്ചു കാണുന്നു. പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളും ആദർശങ്ങളും പല കവികളും പ്രകടിപ്പിക്കുന്നു. സമുദായത്തിൻറെ അഴിച്ചുപണിയലിനു് ആഗ്രഹിക്കുന്ന ചില കവികൾ അതു ദുസ്സാദ്ധ്യമാണെന്ന ബോദ്ധ്യത്താൽ ദുഃഖിതരാകുന്നു. സ്വന്തം മോഹങ്ങളേയും മോഹഭംഗങ്ങളേയും ആവിഷ്കരിയ്ക്കാനാണ് അവർ ശ്രമിച്ചു കാണുന്നത്. അജ്ഞാതമായ വിഷാദത്തിൻറെ ഛായ അതിൽ എല്ലായിടത്തും കാണാം. ജീവിതം അഭികാമ്യമായ ഒന്നായി അവർ കണക്കാക്കുന്നില്ല. അവർക്ക് അത് നിരർത്ഥകവും അപൂർണ്ണവുമത്രെ. ദുഃഖത്തിൻറെ ഒരു ലോകമാണ് അയാൾ ദർശിക്കുന്നത്. ലോകത്തിൽ നടമാടുന്ന സംഭവങ്ങളെല്ലാം ദുഃഖത്തിൻറെ പ്രതീകങ്ങളായി കാണുവാൻ അയാൾ ഇഷ്ടപ്പെടുന്നു. ദുഃഖമയമായ ഒരു സ്വരത്തിലൂടെ അനുഭവങ്ങൾ പ്രകടിപ്പിക്കുമ്പോൾ അയാൾ ആശ്വാസം കൊള്ളുന്നു.

"ഞാനെൻ കദനത്തിൻ കൈത്തിരി-
യിന്നകവൻ!ജീവനാളത്തിൽനിന്നു-
പോരുമെന്നാകിലിതു കൊളുത്തി-
പ്പൂവിൻ! ക്ഷരിതാംപ്പാഴ്പ്പടർപ്പിൽ
നിങ്ങൾക്കു പാഥേയമാകുമെൻറെ
കണ്ണീർക്കണിക തന്നപ്പു മാത്രം."

(പാഥേയം–കെ. വി. രാമകൃഷ്ണൻ)

എന്നു പാടുമ്പോൾ വേദന കലർന്ന ഒരു ആശ്വാസമാണ് കവി കണ്ടെത്തുന്നത്.

അസമത്വങ്ങളുടെ കലവറയായ ഈ ലോകത്തിൽ പരാർത്ഥൈകനിഷ്ഠമായ ജീവിതം കൊണ്ടു പ്രയോജനമില്ലെന്ന് ആധുനിക കവി വിശ്വസിക്കുന്നു. ഈ വിശ്വാസമാണ് അയാളെ അന്തർമുഖനാക്കുന്നത്. സ്വാഭാവികമായി ഇത് അയാളെ വിഷാദത്തിലേയ്ക്കു നയിക്കുകയും ചെയ്യുന്നു. തന്നെ ആകർഷിക്കുന്ന വസ്തുക്കളിലെല്ലാം ദുഃഖത്തിൻറെ കണികകൾ അലിഞ്ഞു ചേർന്നിട്ടുള്ളതായി അയാൾക്കു തോന്നുന്നു.

................. . ..............എൻറെ
യനുരാഗം പോലെയലസമായ് കണ്ണീർ
ചൊരിഞ്ഞതായ്, പൊട്ടിക്കരഞ്ഞതായ്
പൊള്ളിത്തിണർത്തതായ് മുങ്ങി
മരിക്കുവാനൊരു
തടാകമെൻ മുന്നിലിതാ വിരിയുന്നു.

(രണ്ടുകവിതകൾ–സുഗതകുമാരി)

തന്നിൽ ലയിച്ചുചേർന്നിട്ടുള്ള ദുഃഖത്തിൻറെ 'പ്രത്യാരോപണ'മാണ് നാമിവിടെ കാണുന്നത്.

## ശാസ്ത്ര ബോധം

ശാസ്ത്രം കവിതയുടെ എതിർ ചേരിയിലാണ് വർത്തിക്കുന്നത് എന്ന് പല കവികൾ തന്നെയും അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ കാലങ്ങളിൽ അതു യാഥാർത്ഥ്യവുമായിരുന്നു എന്നു കാണാം. ശാസ്ത്രവും കവിതയും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുകയില്ലെന്ന വിശ്വാസമായിരുന്നു അവർക്കുണ്ടായിരുന്നത്. ശാസ്ത്രത്തിൻറെ അതിപ്രസരം കവിതാസ്വാദനത്തെ പ്രതികൂലമായി ബാധിക്കുമെന്ന മിഥ്യാധാരണ നീങ്ങിത്തുടങ്ങിയിട്ടുണ്ട്. മാനവ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ് ശാസ്ത്രംഎന്ന യാഥാർത്ഥ്യത്തെ കവികൾ അംഗീകരിക്കുന്നു. ശാസ്ത്രവിജ്ഞാനത്തിൻറെ അഭൂതപൂർവ്വമായ വളർച്ചയിൽ അഭിമാനിക്കുവാനും, അന്ധവിശ്വാസങ്ങളെ ദൂരീകരിക്കുന്നതിൽ അതു നൽകിയ സഹായത്തിൽ ആഹ്ലാദിക്കുവാനും കവികൾക്ക് ഇന്നു കഴിയുന്നുണ്ട്.

എങ്കിലും ശാസ്ത്രത്തിൻറെ അത്യധികമായ വളർച്ച ജീവിതത്തെ സങ്കീർണ്ണമാക്കിയിരിക്കുന്നു. അ

സ്വാസ്ഥതയുടെ പിറവിക്ക് ഒരു മുഖ്യഹേതുവാണത്. സൗന്ദര്യബോധത്തിനു വന്ന പരിവർത്തനവും അതിന്റെ ഫലമാണ്. അസാമാന്യമായ ശാസ്ത്രപുരോഗതിയിൽ നിന്നുയർക്കൊണ്ട അജ്ഞാതമായ ഒരു ഭീതി നിത്യജീവിതം പോലും നിരുന്മേഷകരമാക്കിത്തീർത്തിരിക്കുന്നു. "സായൻസിക വിജ്ഞാനം" ഇന്നു 'സംഹൃതി' പോലെയാണ് നില കൊള്ളുന്നത്.

‘‘അമ്മിഞ്ഞപ്പാലിലുമി–
ന്നജ്ഞാതവിഷജ്വാല
പുലരിത്തൂമരവലിൽനി–
ന്നൊഴുകുന്നു തിളലാവ’’

(അനുയാജം–കെ. വി. രാമകൃഷ്ണൻ)

## രൂപത്തിനു വന്ന മാററങ്ങൾ

രൂപപരമായ ചില മാററങ്ങൾ, ആധുനിക കവിതയ്ക്കു സംഭവിച്ചിരിക്കുന്നു. ഋജുവും ലളിതവുമായ അനുഭവങ്ങൾ ആവിഷ്കരിച്ചിരുന്ന കവികൾക്ക് ഇന്ന് സങ്കീർണ്ണമായ അനുഭവങ്ങളാണ് ആവിഷ്കരിക്കാനുള്ളത്. ഭാവം സങ്കീർണ്ണമാകുമ്പോൾ സ്വാഭാവികമായി രൂപവും സങ്കീർണ്ണമാകുന്നു. അപ്പോൾ ഒട്ടാകെ 'ദുർഗ്രഹത' സംഭവിച്ചുവെന്നുവരാം.

വ്യക്തിഗതങ്ങളായ അനുഭൂതികളെ തന്മയത്വത്തോടുകൂടി ആവിഷ്കരിക്കുമ്പോൾ ആധുനിക കവികൾ ധാരാളം സ്വകാര്യ പ്രതീകങ്ങൾ ഉപയോഗിക്കാറുണ്ട്. ഈ സ്വകാര്യ പ്രതീകങ്ങളും ആധുനിക കവിതയെ ദുർഗ്രഹമാക്കുന്നു. സുഗതകുമാരി, വിഷ്ണുനാരായണൻ നമ്പൂതിരി ഇടങ്ങിയവരുടെ കവിതകളിൽ ഈ സ്വകാര്യ പ്രതീകങ്ങൾ ധാരാളം കാണാം.

വാക്കുകളുടെ ദാരിദ്ര്യം ആധുനിക കവിയെ ബുദ്ധിമുട്ടിക്കുന്നുണ്ട്. വിവേചനമൊന്നുമില്ലാതെ സകലവാക്കുകളും അവരിന്നു കവിതയിൽ ഉപയോഗിക്കുന്നുണ്ട്. കാവ്യപരങ്ങളല്ലെന്നു കരുതപ്പെട്ടിരുന്നവാക്കുകളെല്ലാം ആധുനിക കവി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

## അപ്രധാനമായ വൃത്തം

വൃത്തത്തിലല്ല, ആധുനിക കവികൾ കവിതയെഴുതുന്നത്; അവർ സ്വകീയങ്ങളായ വൃത്തങ്ങളെ സൃഷ്ടിക്കുകയാണ്. ഛന്ദോനിയമങ്ങളെ ആധുനിക കവികൾ തെല്ലും ബഹുമാനിക്കുന്നില്ല. പ്രത്യേക ചട്ടക്കൂട്ടിലൊതുക്കി ആവിഷ്കരണം നടത്തുന്നത് അനാവശ്യമാണെന്ന വിശ്വാസമാണ് അവർക്കുള്ളത്. എങ്കിലും ഘടനാപരമായ ഒരു താളം അവയെ സുന്ദരമാക്കുന്നുണ്ട്. ഭാവപ്രകാശനത്തിന് അതു സഹായകമാകുകയും ചെയ്യുന്നു.

ആധുനിക കവിതയുടെ ഭാവരൂപാദികളെക്കുറിച്ച് ഒരു ചെറിയ പരാമർശമാണ് ഇവിടെ നടത്തിയത്. ആധുനിക കവിതകൾ മുഴുവൻ ഉൽകൃഷ്ടമാണെന്നോ, അവ മുഴുവൻ അനുകരണീയമാണെന്നോ പറയുക വയ്യ. ആധുനിക കവിത ഒരു ഇറക്കുമതിച്ചരക്കാണെന്നും, കവിതയുടെ എന്തെങ്കിലും സവിശേഷതകൾ അവ ഉൾക്കൊള്ളുന്നില്ലെന്നും ഉള്ള പരാതികൾ നാം കേൾക്കുന്നുണ്ട്. ഈ വിധത്തിൽ പോയാൽ കവിതയ്ക്കു ഭാവിയില്ല എന്നു വരെ അവർ ഭയപ്പെടുന്നുണ്ട്. ഏതായാലും ഒരു കാര്യം ശരിയാണ്. ആധുനികം എന്ന ലേബലിൽ നിരർത്ഥകങ്ങളായ ധാരാളം കവിതകൾ ഇറങ്ങുന്നുണ്ട്. അവയെ മാററി നിർത്തിക്കൊണ്ട് വേണം നാം ചിന്തിക്കുവാൻ. ഭാവപരവും രൂപപരവുമായ നല്ല പ്രത്യേകതകൾ ഉൾക്കൊള്ളുന്ന കവിതകൾ രചിക്കപ്പെടുന്നുണ്ട്. ഈ നൂതന പരീക്ഷണങ്ങൾ നമ്മുടെ കവിതാശാഖയെ പോഷിപ്പിക്കുന്നുണ്ടെന്ന് പറയാതെ വയ്യ. സ്വീകരിക്കേണ്ടവ സ്വീകരിക്കുവാനും തിരസ്കരിക്കേണ്ടവ തിരസ്കരിക്കുവാനും കഴിവുള്ള ഒരു സഹൃദയലോകം ഉള്ളിടത്തോളം കാലം, ഉൽകൃഷ്ടമായ കവിതകൾ മാത്രമേ ശ്രദ്ധിക്കപ്പെടുകയുള്ളൂ. കവിതയിൽ നടത്തുന്ന നൂതന പരീക്ഷണങ്ങൾ ശോഭനമായ ഒരു ഭാവി കവിതയ്ക്കുണ്ടാക്കിക്കൊടുക്കുമെന്ന് പ്രതീക്ഷിക്കുക.

—

കരളലിയിക്കുന്ന രോദനം വേദനിപ്പിക്കുന്ന ശരങ്ങളായി തലച്ചോറിന്റെ പടലങ്ങളിലെ മാഞ്ഞുതുടങ്ങിയ രേഖകളെ തെളിച്ചു വരച്ചപ്പോൾ ഹൃദയത്തിന്റെ ഉള്ളറകളിലെ അടഞ്ഞുപോയ വാതായനങ്ങളെ പെട്ടെന്നു തള്ളിത്തുറന്നു പ്രവേശിച്ചപ്പോൾ വർഷങ്ങൾക്കുമുമ്പ് ഒരു വലിയ കണ്ണുനീർ തുള്ളിപോലെ തന്നിലേയ്ക്കൊഴുകിവന്ന കൃഷ്ണേടത്തിയെ സുധീന്ദ്രൻ ഓർത്തു.

# കൃഷ്ണനെത്തേടുന്നവർ

ശ്രീകുമാർ ഈ. പി

ഈ സായാഹ്നം —

എന്നത്തേയുംപോലെ വിരസം. കണ്ടു മടുത്ത പരിസരത്തിൽ വർഷങ്ങളായി മായാതെ നിൽക്കുന്ന ദൃശ്യങ്ങൾ...

ഇടിഞ്ഞു തുടങ്ങിയ പഴയ ശ്രീകൃഷ്ണക്ഷേത്രം

പുരാണങ്ങളുടെ ഇതിഹാസങ്ങൾ സ്വപ്നം കണ്ടുകൊണ്ട് ആ അനുഭൂതികളിൽ മയങ്ങുന്ന വയസ്സനായാൽ —

അതിന്റെ പടർന്ന ശിഖരങ്ങൾ...

അമ്പലപ്പറമ്പിലെ വിശാലതയിലെ പൂഴിമൺപരപ്പ്

വിസ്തൃത വിഹായസ്സിൽ ഭ്രമണം ചെയ്യുന്ന [illegible]

[illegible]

നീയെന്റെ സ്നേഹിതൻ .....നീമാത്രം.

അവ്യക്തമായ ശബ്ദവീചികളിൽ നിത്യദുഃഖത്തിന്റെ വേദനയുടെ പര്യായമായി നീ—

കൃഷ്ണാ... കൃഷ്ണാ ..

നിന്റെ വിലാപം ഒരു കണ്ണുനീർ മുത്തുപോലെ ഒഴുകി ഒഴുകി അന്തരീക്ഷത്തിന്റെ അടുക്കുകളിലൂടെ [illegible] എന്റെ കർണ്ണങ്ങളിൽ പതിയ്ക്കുമ്പോൾ-

നിന്റെ വേദന എന്നിലേയ്ക്കു സംക്രമിക്കുന്നു.

അഥവാ

നിന്റെ നീറുന്ന ദുഃഖത്തെ ഞാൻ മനസ്സിലാക്കുന്നു.

ഞാൻ മാത്രം.

നാം ഇരു ദുഃഖിതരാണ് സ്നേഹിതാ...

'നിത്യ ദുഃഖിതർ

എന്നും സായാഹ്നത്തിന്റെ പ്രശാന്തതയിൽ എന്തെന്നറിയാത്ത ... എന്തിനെന്നറിയാത്ത ദുഃഖം ഹൃദയത്തിന്റെ ഏതോ കോണുകളിൽക്കിടന്നു വീർപ്പുമുട്ടുമ്പോൾ, പടിപ്പുരയുടെ കനത്ത വാതിലുകൾ തള്ളിത്തുറന്ന് ഞാൻ ബാഹ്യലോകത്തിന്റെ ഈ ഏകാന്ത തീരത്തെത്തുമ്പോൾ, നീലാകാശത്തിൽ നീ ക്ഷേത്രത്തെ വട്ടമിട്ടു പറക്കുന്നുണ്ടാകും. വേദനിക്കുന്ന ആയിരം ഹൃദയങ്ങളുടെ ഭാഷയിൽ നിന്റെ വിലാപം—

കൃഷ്ണാ......കൃഷ്ണാ......

നിനക്കു ചുററുമുള്ള അനേകം ദുഃഖിതരുടെ നാവുകളിലൂടെ ആ വിലാപം മാറെറാലിക്കൊള്ളുന്നതായി എനിയ്ക്കു തോന്നുന്നു...;

ആ നാവുകൾ എന്റേതാണെന്നും.

വർഷങ്ങളിലെ നിലയ്ക്കാത്ത ദുഃഖത്തിന്റെ പ്രതീകമായി നീ, മുടങ്ങാതെയുള്ള സായം സന്ധ്യകളിൽ സർവ്വശക്തനെ വിളിച്ചു കേഴുമ്പോൾ......,

ഞാൻ നിന്നിൽ എന്നെ കണ്ടെത്തുന്നു.

എന്റെ ആത്മാവിനെ...എനിയ്ക്കു തന്നെ ദുർഗ്രാഹ്യമായ എന്റെ ഹൃദയത്തെ...

വർഷങ്ങളിലെ നിന്റെ നീണ്ട തപസ്യ...

നിത്യദുഃഖത്തിന്റെ നീറുന്ന വേദന നിറഞ്ഞ നിന്റെ നീണ്ട നീണ്ട രോദനങ്ങൾ...

എന്നിട്ടും ഹൃദയമില്ലാത്ത ദേവൻ നിന്നിൽ പ്രസാദിച്ചില്ല.

കൃഷ്ണപ്പക്ഷീ...; നീ എന്റെ അമ്മയെ അനുസ്മരിപ്പിക്കുന്നു. നിന്നെപ്പോലെ തന്നെയാണ് എന്റെ അമ്മ. നിത്യദുഃഖിത.

നിത്യവും നീ നീലാകാശത്തിൽ കറങ്ങിക്കൊണ്ട് കൃഷ്ണനെ ചൊല്ലി വിലപിക്കുമ്പോൾ, എന്റെ അമ്മ ശ്രീകോവിലിന്റെ കരിങ്കൽ പടവുകളിൽ തലമുട്ടിച്ച് പ്രാർത്ഥിക്കയാവും —

'ന്റെകൃഷ്ണാ...ന്റെ മോന്റെ സൂക്കേട് ഭേദാക്കണേ അവന്റെ മനസ്സൊന്നു മാറ്റിക്കിട്ടണേ...'

വർഷങ്ങളായി കണ്ണുനീരിന്റെ പേടകവും പേറി, മുടങ്ങാതെ കൃഷ്ണഭഗവാനെ തൊഴുന്നു.

മകന്റെ മനസ്സു മാറ്റാൻ–

മകനെ ഈശ്വര ഭക്തനാക്കാൻ–

മകന്റെ രോഗം മാറ്റാൻ–

എനിക്കെന്തു രോഗം?

രോഗത്തെപ്പറ്റി ചിന്തിക്കുമ്പോൾ പടിപ്പുരയിലെ ഇടുങ്ങിയ തെക്കേമുറിയിലുള്ള കനത്ത ചങ്ങലക്കൂട്ടത്തെ ഓർമ്മ വരുന്നു. ആ ചങ്ങലയുടെ ഓരോ കൊളുത്തിലും കൈ കാലുകളിൽ നിന്നടർന്നുപോയ സെല്ലുകളുടെ അടുക്കുകൾ പൊതിഞ്ഞിരിക്കുന്നു. അതിന് പച്ചമാംസത്തിന്റെ ഗന്ധമുണ്ട്.. നാളുകൾക്കു മുമ്പേ കട്ടപിടിച്ചുപോയ ചുടുരക്തത്തിന്റെ ഗന്ധമുണ്ട്. സുധീന്ദ്രന്റെ ഗന്ധമുണ്ട്......

ആ പാരതന്ത്ര്യത്തിന്റെ പ്രതീകമായി കൈകാലുകളിൽ കനത്ത രേഖകൾ മായാത്ത മുദ്രയായി പതിഞ്ഞു കഴിഞ്ഞു. ചങ്ങലയുടെ ഓരോ കണ്ണിയും മാംസത്തിൽ വ്യക്തമായി മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു

മാസങ്ങൾക്കു മുമ്പ്,

മാംസത്തിലെ കനത്ത രേഖകളിൽ വ്രണങ്ങളായിരുന്നു. ഇരുമ്പു ചങ്ങല സൃഷ്ടിച്ച വ്രണങ്ങൾ കനത്ത കൊളുത്തുകൾ വീണ്ടും സമ്മർദ്ദം ചെലുത്തിയപ്പോൾ–

വ്രണങ്ങൾ പൊട്ടി. വെളുത്ത ദ്രാവകം ഒഴുകി. പച്ചമാംസം ഇഴുകിപ്പോയി. അവസാനം ...

'എല്ലുകൾക്ക് കട്ടിയുണ്ടായിരുന്നു.

അവമാത്രം ശേഷിച്ചു.

അപ്പോഴും അമ്മ പ്രാർത്ഥിച്ചു.

'ന്റെമോന്റെ സൂക്കേട് മാറ്റണേ...ന്റെകൃഷ്ണാ... എന്നാ എത്ര കാലായി നിന്നെ ഞാൻ തൊഴുന്നു... എന്നാട്ടിത്തിരി കരുണ കാണിക്കെന്റെ ഉണ്ണീ ..'

ഉണ്ണിയുടെ തിരുകോവിലിൽ പുഷ്പാഞ്ജലികൾ ഒഴുകിയപ്പോൾ, ശ്രീകോവിലിനു മുന്നിലെ സുധീന്ദ്രൻ കൃഷ്ണവിഗ്രഹത്തെ കണ്ടില്ല. അവന്റെ കണ്ണുകൾ ചുമരിലെ ചിത്രങ്ങളിലൂടെ...ഗോപുരങ്ങളിലെ കൊത്തുപണികളിലൂടെ...ദേവീദേവന്മാരുടെ രതിലീലകളിലൂടെ ഇഴഞ്ഞു നടക്കുകയായിരുന്നു

കർക്കിടകമാസത്തിലെ കോരിച്ചൊരിയുന്ന പെരും മഴയിൽ കുളിച്ചുവരുന്ന വലിയതമ്പുരാൻ–

'ഈശ്വരവിശ്വാസമില്ലാത്തതാണെന്റെ സൂക്കേട് എ... ങ്ങുനാമാറ്റാനെന്റെ മാളൂ...നിങ്ങളെന്ന സങ്കല്പ്പിട്ടിട്ട് ഒരു പ്രയോജനോല്യ...അവനൊന്നു തന്നെ തോന്നില്ലെങ്കിപ്പിന്നെ...'

ഭസ്മക്കുറി...ചന്ദനക്കുറി...മുക്കുറിക്കുറി കമ മപ്പൊട്ട്......

മടിയിൽ മഹാഭാഗവതം.

മൂക്കിലേക്ക് ഇഴുകിവീഴുന്ന കണ്ണടയുടെ ചില്ലുകളിലൂടെ ശ്രീ മഹാഭാഗവതത്തിലെ വലിയ അക്ഷരങ്ങൾ കണ്ണുകളിലേക്ക് കടന്നു വന്ന് ബോധമണ്ഡലത്തിൽ വ്യാപിക്കുമ്പോൾ വലിയതമ്പുരാനിൽ ഭക്തി വികാരങ്ങൾ... നിറയുന്നു. കൃഷ്ണലീലകൾ നൃത്തമാടുന്ന ദേഹം കുളിരണിയുമ്പോൾ..., കൃഷ്ണഭക്തിയുടെ പാരമ്യതയിൽ കൂമ്പുന്ന കണ്ണുകൾ നിറഞ്ഞു കവിയുമ്പോൾ...; ഇടറുന്ന കണ്ഠത്തിൽ നിന്നും ഉതിർന്നു വീഴുന്ന വാക്കുകളിൽ പ്രസരിക്കുന്ന ഭക്തിരസം.

'ദേഹവും തളരുന്നു ദാഹവും പെരുകുന്നു

മോഹവും വളരുന്നു മോഹനാശനാ! കൃഷ്ണാ!'

സുധീന്ദ്രനപ്പോൾ ചിരിക്കാറുണ്ട്.

പ്രഭാതത്തിന്റെ പ്രകാശത്തിനു മുമ്പുള്ള സന്ധ്യയിൽ ഇക്കാവമ്മ മുറുക്കാൻ ചെല്ലത്തിനു മുന്നിൽ കാൽ നീട്ടിയിരിക്കും.

'...കരുണ ചെയ്യുവാനെന്തു താമസം കൃഷ്ണാ...'

ഉറക്കത്തിന്റെ ലഹരി പിടിപ്പിക്കുന്ന മധു

കളിൽ ഭക്തിയുടെ അലകൾ സൃഷ്ടിക്കുന്ന വിഘ്നാത
ത്തെ സുധീന്ദ്രൻ ശപിക്കും.

കീർത്തനത്തിന്റേയും സ്തോത്രത്തിന്റേയും മട
പ്പിക്കുന്ന ഗന്ധംനിറഞ്ഞ മുറികളിലിരുന്നു ശ്വാസം
മുട്ടുമ്പോൾ സുധീന്ദ്രൻ അമ്പലപ്പറമ്പിലെ വിശാല
മായ മണൽപ്പരപ്പു തേടിയലയും.

കൃഷ്ണാ...കൃഷ്ണാ......

കരളലിയിക്കുന്ന രോദനം വേദനിപ്പിക്കുന്ന
ശബ്ദങ്ങളായി തലച്ചോറിന്റെ പടലങ്ങളിലെ മാഞ്ഞു
തുടങ്ങിയ രേഖകളെ തെളിച്ചു വരച്ചപ്പോൾ, ഹൃദയ
ത്തിന്റെ ഉള്ളറകളിലെ അടഞ്ഞുപോയ വാതായന
ങ്ങളെ പെട്ടെന്നു തള്ളിത്തുറന്നു പ്രവേശിച്ചപ്പോൾ,
വർഷങ്ങൾക്കു മുമ്പ് ഒരു വലിയ കണ്ണുനീർത്തുള്ളി
പോലെ തന്നിലേയ്ക്കൊഴുകിവന്ന കൃഷ്ണേടത്തിയെ
സുധീന്ദ്രൻ ഓർത്തു.

അവ്യക്തമായ ഓർമ്മകളിലൂടെ കൃഷ്ണേടത്തി
യുടെ മനോഹരമായ ചിരിയും നീണ്ടുപടർന്ന തല
മുടിയും നെറ്റിനിറഞ്ഞ വലിയ കുങ്കുമപ്പൊട്ടും കട
ന്നു വന്നപ്പോൾ—

അതു് കൃഷ്ണേടത്തി എന്ന നീർക്കുമിളയുടെ
അവശേഷിക്കുന്ന സ്മൃതി ശകലങ്ങളുടെ സൗന്ദര്യ
ത്തിന്റെ പൂർവ്വഭാഗമാണെന്നും, ഉടൻതന്നെ ദുഃഖിപ്പി
ക്കുന്ന ഉത്തരഭാഗം തന്റെ മനസ്സാകുന്ന വെള്ളിത്തി
രയിൽ ചിറകടിച്ചു പറന്നു വരുമെന്നും, ആ ഉത്തര
ഭാഗത്തിന്റെ ഓർമ്മകൾ തന്നിൽ സ്ഫോടനമുണ്ടാ
ക്കുമെന്നും, തലച്ചോറിൽ ഉരമ്പുന്ന മഹാസമുദ്രങ്ങളെ
സൃഷ്ടിക്കുമെന്നും ആ പ്രവാഹത്തിലെ ചുഴിയിൽപ്പെ
ട്ടുഴറി താൻ ഒരിക്കൽക്കൂടി പടിപ്പുരയിലെ ഇട
ങ്ങിയ തെക്കേ മുറിയിൽ കനത്ത ചങ്ങലക്കൂട്ടത്തിനു
ള്ളിൽ ബന്ധനസ്ഥനായി കിടക്കേണ്ടിവരുമെന്നും
സുധീന്ദ്രൻ ഓർത്തു.

എന്നാൽ—

പൂർവ്വഭാഗാന്ത്യത്തിൽ ഉത്തരഭാഗം ബലമായി
കടന്നു വന്നപ്പോൾ തലയ്ക്കുള്ളിൽ അനേകം കൃഷ്ണ
പ്പരുന്തുകൾ ചിലച്ചുകൊണ്ടു പറക്കുന്നതായും, അവ
തന്റെ തലച്ചോറിനെ കൊത്തിവലിയ്ക്കുന്നതായും
സുധീന്ദ്രനു തോന്നി.

എന്തൊക്കെയോ വികാരങ്ങളുടെ വേലിയേററം
അസഹ്യമായപ്പോൾ അവൻ ഇരുൾ നിറഞ്ഞ അമ്പ
ലപ്പറമ്പിലെ പൂഴിമൺപരപ്പിൽക്കിടന്നുരുണ്ടു.

ഓർമ്മകൾ അവ്യക്തമാണ്. വർഷങ്ങൾക്കു
മുമ്പ് എന്തൊക്കെയോ സംഭവിച്ചപ്പോൾ സുധീന്ദ്രൻ
ബാഹ്യലോകത്തിൽ നിന്നുകൊണ്ട് മയങ്ങുകയായി
രുന്നു. മയക്കത്തിന്റെ അന്ത്യത്തിൽ, അബോധാ
വസ്ഥയിൽ അറിയാതെ പോയ യാഥാർത്ഥ്യത്തെ അ
റിഞ്ഞപ്പോൾ ഹൃദയം പിളരുകയായിരുന്നു. ക്രൂര
മായ യാഥാർത്ഥ്യങ്ങളുടെ ലോകത്തിൽ വീണ്ടും അ
ബോധാവസ്ഥയ്ക്കടിമപ്പെട്ട സുധീന്ദ്രൻ അലറി.

'എന്റെ കൃഷ്ണേടത്തിയെ കൊന്നു...നിങ്ങളെല്ലാ
വരും കൂടെ കൊന്നു......'

അന്ന് വലിയമ്മാവന്റെ തടിച്ച ചൂരൽ മാം
സത്തിൽ വരമ്പുകളുണ്ടാക്കി കടന്നു പോയപ്പോൾ,
ആ രേഖകളിലൂടെ രക്തബിന്ദുക്കൾ ഇഴഞ്ഞു നടന്ന
പ്പോൾ, വേദനയറിയാത്തലോകത്തിലായിരുന്നു, സു
ധീന്ദ്രൻ. അന്നാദ്യമായി പടിപ്പുരയിലെ ഇടുങ്ങിയ
മുറിയിൽ ചങ്ങലക്കുരുക്കുകളിൽപ്പെട്ടപ്പോൾ സുധീ
ന്ദ്രൻ ദുഃഖിച്ചില്ല. ഹൃദയം നിറഞ്ഞുനിന്ന കൃഷ്ണേ
ടത്തിയെ പൊതിഞ്ഞ വലിയ ദുഃഖത്തിൽ ചെറിയ
ദുഃഖങ്ങൾ അറിയപ്പെടാതെ പോവുകയായിരുന്നു.

നാളുകൾക്കുശേഷം....കൃഷ്ണപ്പരുന്ത...;നീ
യെന്റെ കൃഷ്ണേടത്തിയെ ഓർമ്മിപ്പിക്കുന്നു. ആ
ഓർമ്മകളുടെ അന്ത്യത്തിൽ വിജനമായ തെക്കേപ്പറ
മ്പിലെ ചിതയിൽ എരിയുന്ന എന്റെ കൃഷ്ണേട
ത്തി മസ്തിഷ്കത്തിൽ ഒരു തീപ്പന്തമായി നിന്നു കത്തു
ന്നു. കൃഷ്ണേടത്തിയുടെ ഓർമ്മകൾ എന്നിൽ ഒരു
ഭ്രാന്താലയത്തിന്റെ മേഖലകൾ പണിയുകയാണ്.
ഭ്രാന്താലയത്തിന്റെ മേഖലകളിൽ ഞാൻ പഴയ സു
ധീന്ദ്രനാകും. കൈകാലുകളിൽ ചങ്ങലയുള്ള സുധീ
ന്ദ്രൻ.

കൃഷ്ണപ്പക്ഷീ...നീപോകൂ...ഇനി ഒരിക്കൽ
ക്കൂടി പഴയ സുധീന്ദ്രനാകാൻ എനിക്കു വയ്യ...ഞാൻ
മരിയ്ക്കും.

പക്ഷേ...ഇനി എനിക്ക് രക്ഷപ്പെടാനാവുമോ!
കൃഷ്ണേടത്തി എന്നിൽ നിന്നും മായില്ല. ആ ഓ
ർമ്മകളുടെ ആയിരം കോടി രോഗാണുക്കൾ എന്നി
ലേയ്ക്ക്...എന്റെ മസ്തിഷ്കത്തിലേയ്ക്ക്...പ്രവഹിച്ചു
കഴിഞ്ഞു. ഇനി......ഇനി......

ഭാവിയുടെ ലോകം അവ്യക്തമാണ്.

ഇരുളിലെ അവ്യക്തത.

അന്തരീക്ഷം ഇരുണ്ടു കറുത്തു. ചന്ദ്രനുദിക്കാത്ത
രാത്രിയിലെ ആദ്യയാമത്തിൽ, പടർന്നു പന്തലിച്ചു
യക്ഷിത്തറ്റുകളിൽ നിന്ന
പാലമരത്തിനുകീഴെ

പ്പോൾ സുധീന്ദ്രന്റെ കണ്ണുകൾ കലങ്ങിയിരുന്നു. മങ്ങിക്കത്തുന്ന ചിരാത് വിളക്കും അതിനു മുന്നിലെ യക്ഷിക്കല്ലും കാലുകൊണ്ട് തട്ടിമറിച്ചപ്പോൾ പണ്ടെങ്ങോ മറന്നുപോയ പകയെ വീണ്ടെടുക്കുകയായിരുന്നു, സുധീന്ദ്രൻ.

നാലുകെട്ടിൽനിന്നും ഭക്തിയുടെ അലകൾ അന്തരീക്ഷത്തിലൂടെ ഒഴുകിവന്നു.

'കൃഷ്ണാ കൃഷ്ണാ മുകുന്ദാ ജനാർദ്ദനാ.....'
സുധീന്ദ്രൻ പാലമരച്ചുവട്ടിൽ നിശ്ചലനായി നിന്നു.

പാലപ്പൂവിന്റെ ലഹരിപിടിപ്പിക്കുന്ന ഗന്ധം വായുവിന്റെ ചെറിയ ചലനങ്ങളിലൂടെ പരന്നു നടന്നു. മത്തു പിടിപ്പിക്കുന്ന ഗന്ധം മൂക്കുകളിലൂടെ ഇരച്ചു കയറി സിരകളിലൂടെ തലച്ചോറിന്റെ ബോധമണ്ഡലങ്ങളിൽ കടന്ന് അവയെ മരവിപ്പിച്ചപ്പോൾ--

നാലുകെട്ടിൽ ഭക്തി എന്ന ലഹരി നിറയുകയായിരുന്നു.

ശബ്ദങ്ങൾ അന്തരീക്ഷത്തിൽ കൂടുതൽ ചലനങ്ങളെ സൃഷ്ടിച്ചു കടന്നു വന്നപ്പോൾ സുധീന്ദ്രൻ അതിൽ ലയിച്ചു നിന്നു.

ക്രമേണ,

ഭക്തിയുടെ പാരമ്യതയിൽ കൃഷ്ണനെ വിളിച്ചു കേഴുന്ന തന്റെ മാതാവിന്റെ ശബ്ദം തന്റേയും ശബ്ദമാണെന്നും, തന്റെ ആത്മാവിലെ ആയിരം നാവുകൾ താനറിയാതെതന്നെ കൃഷ്ണ നാമങ്ങൾ ഏററു ചൊല്ലുകയാണെന്നും, താനും ഒടുവിൽ ഒരു കൃഷ്ണഭക്തനായിത്തീർന്നിരിക്കുന്നുവെന്നും, എന്നാൽ ആ കൃഷ്ണൻ തന്റെ കൃഷ്ണേടത്തിയാണെന്നുമുള്ള പരമാർത്ഥം അവനറിഞ്ഞു.

എന്നാൽ, കൃഷ്ണേടത്തി എന്ന ചിന്ത തലച്ചോറിൽ ചലനങ്ങളുമായി കടന്നു വന്നപ്പോൾ, പാലപ്പൂവിന്റെ തല മറക്കുന്ന ഗന്ധത്തിൽ അബോധവാനായ സുധീന്ദ്രൻ അലറി.

'എവിടെ എന്റെ കൃഷ്ണൻ...? എനിക്കെന്റെ കൃഷ്ണനെ തരൂ...എന്റെ കൃഷ്ണാ....കൃഷ്ണേടത്തീ...'

നാലുകെട്ടിൽനിന്നുള്ള ശബ്ദതരംഗങ്ങൾ നിലച്ചു.
'ന്റെ മോനെ...സുധീ...'

'നെനക്കിപ്പോഴെങ്കിലും ഈശ്വര വിശ്വാസം ഉദിച്ചല്ലോടാ...എന്റെ കൃഷ്ണൻ മോന്റെ മനസ്സു മാററി...'

'മോളേ....നീ എവൻ പറേണൊന്നും കേക്കണ്ട.... തരം അപ്പപ്പ്പോമാറും.. അതീരോഗലക്ഷണാ'

'ഏട്ടാ......പ്പൊ അവനൊന്നൂല്യ...വെറുതെ ഒന്നും പറഞ്ഞീണ്ടാക്കണ്ട......'

'നല്ലാത്രേ...നെനക്ക്‌വെല്ലോം അറിയ്യോ മോളേ... ഭ്രാന്തെന്ന് പറഞ്ഞതു് വന്നാപ്പിന്നെ മാറില്യ...'
'ന്റെ...ഏട്ടാ...അങ്ങനെ പറയല്ലേ...'

നിഷ്കളങ്കതയുടെ കണ്ണുനീർ ഒഴുകുന്നതു കണ്ട് പൊട്ടിത്തെറിയുടെ ആദ്യപടിയിൽ അഗ്നിപർവ്വതം വെമ്പി നിന്നു.

'നിന്നാ ഞാൻ ചികിത്സിക്കില്യ...പണമിവിടെ കായ്ച്ച് കെടക്കല്ലേ ഭ്രാന്തന്മാരെ ചികിത്സിക്കാൻ.....കൊലണ്ടായിക്കൊന്നുകള..... തിന്നുടിപ്പിക്കാൻ ജനിച്ചവറ്...'

പൊട്ടിത്തെറിയുടെ ആരംഭത്തിൽ ഏതോ സുഷിരങ്ങളിലൂടെ ലാവ ഒഴുകി.....തിളച്ചു മറിയുന്ന ലാവ...സർവ്വവിനാശിയായ ലാവ.....

'എന്റെ കൃഷ്ണേടത്ത്യേനീകൊന്നു...തല്ലിതല്ലി... അവസാനം കഴുത്തുഞെരിച്ച്...ശ്വാസം മുട്ടി...പിടഞ്ഞു പിടഞ്ഞ്...നിന്നെഞാൻ വെറുതെ വിടില്ല ...നിന്നെ ഞാൻ കൊല്ലും...'

'സുധീ.....മോനേ'

'മോളേ....ഞാമ്പറഞ്ഞില്ലേ....എളകീതാ...പിടിച്ച് ചങ്ങലേലിടാം...'

'അയ്യോ ഏട്ടാ.....വേണ്ട...ദൈവത്തെയോർത്ത്..... ഏട്ടാ...'

'നെന്റെ മൂപ്പിപ്പൊ തീർത്തുതരാം ....ആ പൂതമെവിടെ....?'

'മോനെ വേഗം പൊയ്ക്കോ .....പ്പൊ വരും മുളവടി കൊണ്ട്....ന്റെകുട്ട്യേ തല്ലിത്തല്ലികൊല്ലും...ഓ ഓട്ട് മോനേ...'

മസ്തിഷ്കത്തിൽ വന്നടിക്കുന്ന തിരമാലകളിൽ ഒഴുക്കപ്പെട്ട്, ആ തിരമാലകൾ നിർമ്മിച്ച ചുഴികളിൽപ്പെട്ട്, കറങ്ങി, തിരിഞ്ഞ്, മഹാസമുദ്രത്തിന്റെ ഘോരഗർജ്ജനത്തിൽ മുങ്ങിപ്പോയ അന്തരീക്ഷത്തിൽ ബധിരനായി, അന്ധനായി, തന്നിൽ വർഷങ്ങൾക്കു മുമ്പേ പടർന്നു കഴിഞ്ഞ വേരുകളുടെ ആഴ

വിനെ തേടി, ആ ആത്മാവിന്റെ പുനർജന്മം കൃഷ്ണനാണെന്നു ധരിച്ച്, ആ കൃഷ്ണന്റെ സന്നിധാനത്തിലെ തനിയ്ക്ക് ജീവിക്കാൻ കഴിയൂ എന്ന പരമാർത്ഥത്തെ മനസ്സിലാക്കിക്കൊണ്ട്, ആ കൃഷ്ണ സന്നിധി തേടി സുധീന്ദ്രൻ നടന്നു......

ദിവസങ്ങളും അമ്പലപ്പുറമ്പിലെ കൃഷ്ണപ്പരുന്തായി മുടങ്ങാതെ കറങ്ങിയപ്പോഴും, ദുഃഖത്തിന്റെ ഇരുണ്ട മാളങ്ങളിൽ വസിക്കുന്ന മാളു എന്ന അമ്മ കൃഷ്ണ സന്നിധിയിൽ നിന്നു പ്രാർത്ഥിച്ചു.

'എന്റെ കുഞ്ഞിനെ ഒന്നു കാണിച്ചു തരണേ....ന്റെ കൃഷ്ണാ...എന്റെ സങ്കടത്തിനൊരവസാനോല്യേ...'

നിറഞ്ഞ കണ്ണുകളോടെ മാളു കാത്തിരുന്നു.

വേദന നിറഞ്ഞ ഹൃദയത്തിൽ ആയിരം കണ്ണുനീർമുത്തുകളുമായി.

ദുഃഖിക്കാൻ വേണ്ടി പിറന്ന മാളു

കണ്ണുനീരിന്റെ ആവരണമണിഞ്ഞ മാളു

നാലുകെട്ടിന്റെ വെളിച്ചം കയറാത്ത മുറിക്കത്തിൽ ദുഃഖത്തിന്റെ ഇരുണ്ട കോട്ടകം കെട്ടി അതിനുള്ളിൽ വർഷങ്ങളായി തപസ്സിരിക്കുന്ന മാളു

ജീവിതത്തിൽ എല്ലാമെല്ലാം നഷ്ടപ്പെട്ട്, ഒന്നും നേടാനാവാതെ, നിസ്സഹായതയിൽ വീർപ്പുമുട്ടി, വല്യേട്ടൻ എന്ന ഭീതിയുടെ മുന്നിൽനിന്നു ശ്വാസം മുട്ടി, അവസാനം തന്റെ ദുഃഖത്തിന്റെ മാളത്തിൽ അഭയം തേടുന്ന മാളു.....

'വല്യേട്ടാ..അവനെവിട്യാണെന്ന് ഒന്നന്വേഷിക്കൂ... എത്ര ദിവസായി എന്റെ മോൻ പോയിട്ട്...പഷ്ണി കെടന്നവൻ......'

'പഷ്ണി കെടന്നാപ്പോര അവൻ ചാവണം. നന്ദീല്ലാത്ത മൃഗം. എന്റെ മൊഖത്തുനോക്ക്യല്ലേ അവൻ പറഞ്ഞത്...നെന്റെ മോളെ ഞാൻ കൊന്നൂന്ന്...'

'അങ്ങനെ പറയല്ലേട്ടാ...അവൻ സുഖോല്യാത്തോനല്ലേ...'

'സുഖോല്യാത്തോരേ...അവരുടെ നെലയ്ക്ക് നിക്കണം. അല്ലാത്തോര് അങ്ങട്ട് പോട്ടെ...അല്ലാണ്ടിപ്പൊന്താചെയ്യാ...'

'ന്റെ പൊന്നേട്ടാ...അവനെവിടേണന്ന് ഒന്നന്വേഷിക്കൂ...പാവം ന്റെ മോൻ....ഏട്ടാ....ന്നെന്തിനീ തീ തീറ്റിക്കുന്നു...ഞാൻ മരിക്കും ന്റേട്ടാ.....'

With best compliments from

**Cherry's Esso Centre**
**Cherry's Printers Pvt Ltd**
**Printers Hall**

Suppliers of Printing machines & accessories

Cochin

Phones

34991
34081
32367

'നീയും പൊങ്ങോങ്ങി മരിച്ചോ... ഏട്ടനോക്കൊണ്ട് വയ്യ ആ നശിച്ചു കഴുവേറ്യേ അന്വേഷിക്കാൻ.... നിങ്ങ തിന്നും കൊറേകാശ് ചെലവാകേ...... എന്റെ മുഷിഞ്ഞ് നിന്നോണ്ടാ അവൻ പറഞ്ഞത് അവന്റെ പെങ്ങളെ ഞാൻ കൊന്നൂന്ന്... ആ അശ്രീകരം കേട്ടോണ്ടു നിന്നു ഞാനീ പടിക്കെത്തു് കേററില്ല. കേറ്യാ ഞാനവന്റെ മുട്ടുകാലു് തല്ലി ഒടിയ്ക്കും... നീ അവനെ പ്പററി ഇവിടെ മിണ്ട്യാ...'

'ഏട്ടൻ വല്യ കാര്യോന്നും പറേണ്ടാ...അവൻ പറ ഞ്ഞതു് കളവൊന്നല്ല...'

'ങേ.... ....'

'സത്യത്തില് എന്റെ കൃഷ്ണനെ മാളെ ഏട്ടൻ കൊ ലപ്പെടുത്ത്യേ ചെയ്തതു്? എല്ലാം അറിഞ്ഞിട്ടും ഞാൻ മി ണ്ടാതിരുന്നു. ആരുമില്ലാത്തോളായതോണ്ട്..പ്പോ...'

ബധിരമായ ശൈത്യത്തി മാംസത്തിൽ ശക്തി യായി പതിച്ചപ്പോഴാ അന്തരീക്ഷം നടുങ്ങി. ഇടി മുഴക്കത്തിന്റെ തീവ്രതയിൽ അന്തരീക്ഷം നിന്നു കറ ങ്ങി.

അപ്പോഴും മാളു നിശ്ശബ്ദയായി നിന്നു കരഞ്ഞു. 'എറങ്ങിക്കോ ഇവിടുന്ന്... ഒരു നിമിഷം ഇവിടെ നിക്കണ്ട...ഉം...പൊയ്ക്കോ...'

വടക്കേപ്പുറത്തിരുന്ന് ശ്രവണശക്തി കുറഞ്ഞ ഇക്കാവമ്മ എന്ന അമ്മൂമ്മ കൃഷ്ണ നാമങ്ങൾ ചൊ ല്ലി.

ഏതോ ഒരു ദിവസത്തിൽ,

പ്രിയമുള്ള അമ്മയ്ക്കു്,

ഞാൻകൃഷ്ണനെത്തേടി നടക്കുകയാണ്. കൃ ഷ്ണോദ്യത്തിയുടെ ആത്മാവു് ഉറങ്ങിക്കൊണ്ട് കൃഷ്ണനെ കണ്ടുകിട്ടുന്നതുവരെ തേടും. ഇപ്പോൾ ബോംബെ യിലാണ്. ഉടൻ ഇവിടം വിടും. തൽക്കാലം ഒരു ഞ്ഞൂറു രൂപ താഴെ പറയുന്ന-വിലാസത്തിൽ-അയച്ചു തരിക................

'ഭൂമിയുടെ' ദുഃഖത്തിന്റെ മുഖങ്ങൾ "ഉയർന്ന" മാളുവിന്റെ ലോകത്തിലെ 'ഓരോ' കോണിലും മിഴി ങ്ങൾ നിറഞ്ഞു. അവരുടെ എന്റെ ക്രമേണ ചെയ്തു. ഇനിയൊരു ജന്മം കൂടി അനുഭവിക്കാനുള്ള ദുഃഖങ്ങൾ...

എന്നാൽ മാതൃത്വത്തിന്റെ ലോകത്തിൽ വേദ നകൾ വിസ്മരിക്കപ്പെട്ടു. ഏതോ മോഹപ്പങ്ങളായി പരിണമിച്ചപ്പോൾ, ത്യാഗത്തിന്റെ ദേവത എഴു തി ......രൂപ അയക്കുന്നു. ഞാൻ അടുത്ത വീടുക ളിൽ അടുക്കളപ്പണി ചെയ്തും നെല്ലുകുത്തിയും...പട്ടി ണി കിടന്നും ഉണ്ടാക്കിയതാണ്. ഇതു് കിട്ടിയില്ലെ ടൻ മോൻ ഇങ്ങോട്ടു വരണം. ഇനിപ്പുറമമ്മയ്ക്കു് അമ്മയെക്കൊണ്ട് സാധിക്കില്ല.... നീ വന്നില്ലെ ങ്കിൽ അമ്മ മരിച്ചുപോകും.........

നാലുകെട്ടിനും പടിപ്പുരയ്ക്കും അമ്പലപ്പറമ്പി നും അപ്പുറത്തുള്ള മറെറാരു ലോകത്തിലായിരുന്നു. സുധീന്ദ്രൻ. അനന്തമായ അന്വേഷണത്തിന്റെ പാ തയിലൂടെ, കഞ്ചാവു പുകയുടെ ഇരുണ്ട വലയത്തി ലൂടെ,-അവന്റെ രക്ഷാകവാടമായിരുന്ന-ലോക ത്തിലെ തനിക്കജ്ഞാതമായ മേഖലകളിലെ വെളു പ്പും വെളുപ്പും കലർന്ന മണ്ണുകളിൽ ശോഷിച്ച കാലുക ളിലെ അനേകം സെല്ലുകളുടെ അടയാളം നിക്ഷേ പിച്ചു്, വിദൂരമായ ഉന്നതമേഖലയിലെ തന്റെ മുക്തി യുടെ പാതയെക്കുറിച്ചു ചിന്തിച്ചു്, താനെന്ന പുതി യ മനുഷ്യന്റെ സ്വപ്നങ്ങളിലെ നൂതന ലോകത്തിന്റെ സാക്ഷാത്കാരത്തിനായി സുധീന്ദ്രൻ നടന്നു.....

രാമേശ്വരം
ചൗപ്പാത്തിബീച്ച്
ദിലാൺലിപ്ലേസ്
ഹരിദ്വാർ
കന്നബ്ബ്റോഡ്
കാശി.........


**With best compliments from**

‡‡‡

Dr. SARAH MATHEW B. Sc; M. B. B. S.

An old student

Banerjee Road COCHIN 18

മസ്തിഷ്കത്തിൽ കടലിരമ്പുന്നുണ്ടായിരുന്നില്ല. തിരമാലകളുണ്ടായിരുന്നില്ല. പഞ്ചേന്ദ്രിയങ്ങൾ ഒരു ബിന്ദുവിൽ സമ്മേളിച്ചു. ഭക്തിയുടെ മണിഗോപുരത്തിൽ.

മോക്ഷത്തിന്റെ ദേവൻ ഹൃദയത്തിൽ നിറഞ്ഞുനിന്നപ്പോൾ ലോകം അവനജ്ഞാതമായിരുന്നു. ലോകചലനങ്ങളവൻ അറിഞ്ഞതില്ല.

മാംസവും ആത്മാവും കൃഷ്ണ ഭക്തിയിൽ അലിഞ്ഞു ചേരും മുമ്പ്, ......ഞാൻ എന്റെ ലോകത്തെത്തിപ്പോവുകയാണ്. ഇനി പണമയയ്ക്കേണ്ട... ഇനി പണമയയ്ക്കേണ്ട....കൃഷ്ണപ്പരുന്ത്.... ഗുഡ്ബൈ......

സന്ധ്യകൾ വീണ്ടും വന്നു.

കൃഷ്ണപ്പരുന്ത് കൃഷ്ണനെ വിളിച്ച് വിലപിച്ചു.

ഏതോ ഒരു സായം സന്ധ്യയിൽ മാള എന്ന ഗ്രാമത്തിന്റെ ദേവത ശ്രീകോവിലിന്റെ കരിങ്കൽഭിത്തിയിൽ തലയിടിച്ച് കരഞ്ഞു! അന്തരീക്ഷത്തിൽ മുഴങ്ങിയ കണ്ണുനീരിന്റെ ശബ്ദം എവിടെനിന്നോ ആരംഭിച്ച് മണിമുഴക്കത്തിൽ ലയിച്ച്, അവസാനം വായുവിന്റെ അട്ടക്കകളിൽ ഭാഗങ്ങളായി അലിഞ്ഞു ചേർന്നു.

ചരാചരത്തിന്റെ നിലയ്ക്കാത്ത പ്രവാഹത്തിൽ കൃഷ്ണ വിഗ്രഹം ഒഴുകിയപ്പോൾ...മാള എന്ന നീർകുമിള പൊട്ടി.........

അപ്പോഴും,

ഭക്തോത്തമന്മാർ കൃഷ്ണനാമങ്ങൾ ചൊല്ലി.

വലിയകാരണവർ ചന്ദനക്കുറിതൊട്ട് ഭാഗവതം വായിച്ചു.

കൃഷ്ണപ്പരുന്തുമാത്രം നീലാകാശത്തിൽ അനങ്ങാതെ നിന്നു തുടിച്ചു.

അപ്പോൾ അതിന്റെ കണ്ണുകളിൽ രണ്ടിറ്റു കണ്ണുനീർ നിറഞ്ഞു നിൽക്കുന്നതായി തോന്നി.

ഏതോ ഒരു മുഹൂർത്തത്തിൽ ഹൃദയം പൊട്ടുമാറുച്ചത്തിൽ വേദന നിറഞ്ഞ ശബ്ദത്തിൽ അതു കരഞ്ഞു.

കൃഷ്ണാ......കൃഷ്ണാ......

★

അനുലേപം:

പുതിയ പ്രകാശത്തിന്റെ ആദ്യരശ്മി

ധവളരശ്മി

ഞാൻ ആരാണ്?

ദുഃഖസാഗരങ്ങളിൽ, വേദനകളിൽ ഒഴുകി മൃത്യുവിലേയ്ക്ക് പ്രയാണിക്കുന്നവൻ

പൊള്ളയായ ഏതോ ഒരു ബിന്ദു

എന്നെ കണ്ടെത്താൻ എനിക്കു കഴിയുന്നില്ല

ഞാൻ ഏകനാണ്, നിസ്സഹായനാണ്.

ഞാൻ = ശൂന്യം = മോഹഭംഗം + നിസ്സംഗത + അസ്ഥിതവാദം + ദൈവനിഷേധം.

എന്നാൽ ഞാൻ ദൈവത്തെ തേടുന്നു.

എന്റെ ദൈവം എന്റെ ലോകമാണ്.

ഞാൻ തേടുന്ന കൃഷ്ണൻ എന്റെ ലോകത്തിന്റെ പ്രതീകമാണ്.

എന്റെ പ്രതീകമേ,

എനിക്ക് അമ്മയില്ല

നീയാണ് എന്റെ അമ്മ

എനിക്ക് അച്ഛനില്ല

നീയാണ് എന്റെ അച്ഛൻ

നിന്റെ നിഴലിൽ ഞാനെന്റെ ലോകം കരുപ്പിടിപ്പിക്കുന്നു'

സുമേറിയൻ പ്രാർത്ഥന ഞാൻ ആവർത്തിക്കട്ടെ.

എന്റെ ലോകത്തിന്റെ ശൂന്യതയിലെ സൈക്കഡലിക് അനുഭൂതികളിൽ ലയിക്കാൻ എനിക്കു ധൃതിയായി.

ഇപ്പോൾ ഞാൻ അന്വേഷണത്തിന്റെ അവ്യക്തമായ, ഇരുളടഞ്ഞ പാതയിൽ......

അസതോമാസത്ഗമയ......

ഈ അന്ധകാരത്തിൽ നിന്നും പ്രകാശം കൈവരട്ടെ.........

—

# ഔവർ

## The Greatest Tutorial College in Kerala

| തമ്പാനൂർ<br>തിരുവനന്തപുരം<br>Phone 4243 | എറണാകുളം<br>Near Menaka and Sealord<br>Phone 35784 | നെടുമങ്ങാട്<br><br>Phone 44 |
|---|---|---|

### എറണാകുളം ഔവർ

തിരുവനന്തപുരം ഔവർ കോളേജിലുള്ളതുപോലെ അതിവിപുലമായ അദ്ധ്യാപകരും ഔവറിന്റേതായ ശിക്ഷണരീതികളും അച്ചടക്ക പാരമ്പര്യവും അന്തസ്സും ഗാംഭീര്യവും എറണാകുളം ഔവർ കോളേജിലുമുണ്ട്. എറണാകുളത്ത് എല്ലാ ക്ലാസ്സുകളും ആരംഭിച്ചു കഴിഞ്ഞു. ലബോറട്ടറികൾ പ്രവർത്തിച്ചു തുടങ്ങി.

**Our Physics, Chemistry Zoology, Botany Laboratories are better equipped than those in a first grade college**

CLASSES
- BSc Physics, Chemistry, Mathematics, Zoology Botany (Mains and Subsidiaries)
- Predegree — all subjects
- IInd DC English, Hindi, Malayalam and Subsidiaries
- SSLC English and Malayalam media

ഈകാര്യങ്ങൾ ശ്രദ്ധിക്കുക

- പ്രീഡിഗ്രിക്കും BScസബ്ജക്റ്റ്സിനും തൃപ്തികരമായി ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള റിസർച്ച് ലബോറട്ടറികളും അദ്വിതീയരായ അദ്ധ്യാപകരും ഔവറിൽ മാത്രമേയുള്ളൂ.
- ഏതൊരു വലിയ ഫസ്റ്റ് ഗ്രേഡ് കോളേജിൽ നിന്നും ഡിഗ്രി സമ്പാദിക്കുന്നവരുടെ എത്രയോ മടങ്ങു വിദ്യാർത്ഥികൾ ഓരോരുവർഷവും ഔവറിൽ നിന്നും ബി. എസ്. സി. പസ്സായി ഡിഗ്രി എടുക്കുന്നു.
- ഔവറിൽ പഠിക്കുന്നവരിൽ നല്ലൊരു ശതമാനം ഫസ്റ്റ് ക്ലാസ്സ് ... സെക്കന്റ് ക്ലാസ്സിലും പാസ്സാകുന്നു. ആദ്യപരീക്ഷയ്ക്ക് തോററുപോയവർ പോലും ഔവറിൽ പഠിച്ച് ക്ലാസ്സ് വാങ്ങുന്നു.
- കാൽ ശതാബ്ദം കൊണ്ടുള്ള ഈ പ്രക്രിയ വിജ്ഞാന വിതരണത്തിന്റെ അപ്രതിരോധ്യമായ ജൈത്രയാത്രയായിരുന്നു.

**ആർ. അച്ച്യുതൻ നായർ കെ. ബാലകൃഷ്ണൻ നായർ**

പ്രിൻസിപ്പൽസ്

അവ്യക്തമായ പാതയിലൂടെ പാഞ്ഞുപോയ ജീപ്പ് എത്രയെത്ര ശവശരീരങ്ങളെ പിന്നിട്ടു. അവയുടെ മനസ്സിൽ എന്തൊക്കെയോ ഊറികൂടി. കരളലിയിക്കുന്ന മനുഷ്യകഥ. പിച്ചിച്ചീന്തപ്പെട്ട സമാധാനക്കരാർ. ഇനിയും എത്രയോ തന്റുമിനെ നമ്മൾ കാണാനിരിക്കുന്നു, പത്രപ്രവർത്തകരിൽ ഒരാൾപറഞ്ഞു.

# മാപ്പുസാക്ഷി

പുരുഷോത്തമൻ പാലപ്പുറത്ത്

ആത്മഹത്യ ........കണ്ടവർക്കു തോന്നിയതു് അങ്ങിനെയാണ്. പറഞ്ഞു കേട്ടവരുംവിശ്വസിച്ചു; പക്ഷേ.........

അന്ധനാക്കപ്പെട്ട തന്റുമിൻ–അവളുടെ ഭർത്താവ്, അതു് പറയുമ്പോൾ അയാൾക്കുചുറ്റും ഒരു കൂട്ടം വിദേശപത്രപ്രവർത്തകർ വട്ടമിട്ടിരുന്നു. സമാധാനക്കരാർ ഒപ്പു വെയ്ക്കപ്പെട്ടശേഷം ആ ഗ്രാമത്തിലെ വിപ്ലവകാരികളുടെ നേതാവായിരുന്ന തന്റുമിന്റെ കഥകേൾക്കാൻ!

ഇരുണ്ട കറുത്ത ആകാശം രാക്ഷസനെപ്പോലെ ഭൂമിയെ ഇറിച്ചു നോക്കി. ആബാലവൃദ്ധം ജനങ്ങളുടെ ദീനരോദനം! പുകപടലങ്ങൾ അങ്ങിങ്ങു ചിന്നിച്ചിതറി നടക്കുന്നു. പേടിതോന്നിപ്പിക്കുന്ന അന്തരീക്ഷം; ദുർഗന്ധം വമിക്കുന്ന ശവശരീരങ്ങൾ. അവയെ കാകനും കഴുകനും കൊത്തിവലിക്കുന്നു. ആകാശത്തിലൂടെ യുദ്ധവിമാനങ്ങൾ ഗരുഡനെപ്പോലെ വട്ടമിട്ടു പറക്കുന്നു.

എന്നിട്ടും അവർ അയാൾക്കുചുറ്റും കൂടിയിരുന്നു. തന്റുമിന്റെ വായിൽ നിന്നടർന്നു വീഴുന്ന വാക്കുകൾ പകർത്തിയെടുക്കാൻ എന്നിട്ടു വേണം അവർക്കതു ലോകത്തോടു പറയുവാൻ. വീരവിയററ്നാമിലെ ഒരു യോദ്ധാവിന്റെ കഥ. പത്രമാസികകൾ വലിയ പ്രാധാന്യത്തോടെ അതു പ്രസിദ്ധപ്പെടുത്തും.

ഏറെ നേരത്തെ മൗനത്തിനു ശേഷം തന്റുമിൻ ചോദിച്ചു. നിങ്ങളെല്ലാം യുദ്ധം അവസാനിച്ച വിയററ്നാമിനെ കുറിച്ചറിയാൻ വന്ന പത്രപ്രവർത്തകരാണല്ലേ?

അതെ.....ഞങ്ങളെല്ലാം......

ശരി...നിങ്ങൾക്കു മനസ്സിലായില്ലേ, ഇവിടെ യുദ്ധം അവസാനിച്ചുവെന്ന്?

പരസ്പരം നോക്കാനല്ലാതെ അവർക്കൊന്നും ഉരിയാടാൻ കഴിഞ്ഞില്ല. അവരെന്തു പറയാൻ?

നിങ്ങൾക്കൊന്നും പറയാനില്ല...അല്ലേ? എന്നാൽ ഞാൻ പറയാം...യുദ്ധമവസാനിച്ച വിയററ്നാമിനെ കുറിച്ചുതന്നെ പറയാം.

നിങ്ങൾ കണ്ടുകാണും ഒരു സ്ത്രീയുടെ മൃതദേഹം ആ വഴിയരുകിൽ നെഞ്ചത്തു് ഒരു കഠാരയുമായി കിടക്കുന്നതു്. അവളെന്റെ പ്രിയപ്പെട്ട ഭാര്യയായിരുന്നു. അവൾ ആത്മഹത്യ ചെയ്തതാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?

കണ്ടാൽ അങ്ങിനെയേ തോന്നൂ..അവർ പറഞ്ഞു.

ശരിയാണ്. ലോകജനത സത്യം നിങ്ങളിലൂടെ മനസ്സിലാക്കട്ടെ......അവൾ ആത്മഹത്യ ചെയ്തതല്ല....അവളെ കൊലപ്പെടുത്തിയതാണ്....അമേരിക്കൻ പട്ടാളക്കാർ...തെണ്ടികൾ...സമാധാന കാംക്ഷികൾ പോലും!

പത്രപ്രവർത്തകർ ആകെപ്പാടെ അത്ഭുത പരവശരായിമിഴിച്ചിരുന്നു യുദ്ധവിമാനങ്ങൾ അപ്പോഴും ആകാശത്തിലൂടെ ചീറിപ്പാഞ്ഞുകൊണ്ടിരുന്നു. ശുദ്ധവായുപോലും അവിടെനിന്ന് ഒളിച്ചോടിപ്പോയിക്കഴിഞ്ഞിരുന്നു. കട്ടപിടിച്ച രക്തത്തിന്റെ മടുപ്പിക്കുന്ന മണം.........

അയാൾ തുടർന്നു.........

ഇന്നലെയാണ് സമാധാനക്കരാർ ഒപ്പു വെച്ചത്.........എന്നിട്ടും തെരുവുകളിൽ പൊരിഞ്ഞ യുദ്ധം നടന്നുകൊണ്ടിരുന്നു. സ്ത്രീകളെ അവർ കടിച്ചുകീറി. കുട്ടികളെ തോക്കുകൊണ്ട് തല്ലിച്ചതച്ചു. ഭർത്താക്കന്മാരെ അവരുടെ ഭാര്യമാരുടെ മുമ്പിൽ വെച്ചു നിറയൊഴിച്ചു. എന്തിനേറെ, അവർക്കെതിരെ ശബ്ദമുയർത്തിയ മുടന്തൻ പട്ടികളെപ്പോലും അവർ കൊന്നു.

അയാൾ ആകെ വിയർത്തു കുളിച്ചു. നേരം സന്ധ്യയായിത്തുടങ്ങി. ആകാശത്തിന്റെ മുഖം വിളർത്തു. ചന്ദ്രന് പുറത്തേക്കിറങ്ങാൻ നാണം തോന്നി. സൂര്യൻ വഴുതി വഴുതി അഴുക്കുകൾ കഴുകാൻ സമുദ്രത്തിലേക്ക് ഊളിയിട്ടു., കാകന്റേയും കഴുകന്റേയും ആഹ്ലാദത്തിമിർപ്പാർന്ന സ്വരം. ജീവനററ സന്ധ്യ. കവിഭാവനകളെ തെററിപ്പിക്കുന്ന സന്ധ്യ.

അങ്ങു കിഴക്കെവിടെയോ ഒരു വെടിപൊട്ടിയ ശബ്ദം. അവർ എല്ലാവരും ഞെട്ടി. അയാൾ വികാര പരവശനായി. എവിടെ എന്റെ തോക്ക്...? അലർച്ച..... എന്തുഫലം! തന്ദ്രമിന് ഒന്നനങ്ങുവാൻ പോലും സാധിക്കില്ല. എന്നിട്ടും വീരവിയററ്നാം ജയിക്കട്ടെ ......വിപ്ലവം ജയിക്കട്ടെ എന്നയാൾ ഉറക്കെ വിളിച്ചു പറഞ്ഞു.

അവർ അയാളെ സാന്ത്വനപ്പെടുത്തി. പിന്നീട് തോക്കുകൾ ശബ്ദിച്ചില്ല. ശബ്ദിച്ചതു് കഴുകന്മാർ മാത്രം.

അല്പം കഴിഞ്ഞ് അയാൾ തുടർന്നു.

ഇന്നലെ രാത്രി ആരോ കതകിൽ തട്ടി. എനിക്കു മനസ്സിലായി, അവരായിരിക്കുമെന്ന്. ഞാൻ ഭാര്യയോട് മറഞ്ഞു നിൽക്കുവാൻ ആവശ്യപ്പെട്ടു. കതകു തുറന്നു. എന്റെ വിശ്വാസം അസ്ഥാനത്തായില്ല. അവർ തന്നെയായിരുന്നു. നാലഞ്ചുമേറിക്കൻ പട്ടാളക്കാർ.

എന്റെ ഭാര്യയെവിടെയെന്നാണവർ ആദ്യം തിരക്കിയതു്. അറിഞ്ഞു കൂടായെന്ന് ഞാൻ മൂളി.

അതു പറഞ്ഞുകൊണ്ടയാൾ തന്റെ വലതു കാലിലെ 'പ്ലാസ്റ്റർ' നോക്കുവാൻ പത്രപ്രവർത്തകരോട് ആവശ്യപ്പെട്ടു തോക്കുകൊണ്ടടിച്ചതാണ്; ഞാൻ വീണുപോയി.......

ശബ്ദം കേട്ട് എവിടോ മറഞ്ഞു നിന്നിരുന്ന ഭാര്യ ഓടിവന്നു.........

അവർ നിലവിളിച്ചു.

അവർ അവളെ നോക്കി അട്ടഹസിച്ചു.

തന്ദ്രമിൻ നിശബ്ദനായി. നേരം നല്ലപോലെ ഇരുട്ടി. മടങ്ങാനുള്ള വഴിയും നന്നല്ല. പത്രപ്രവർത്തകർ അന്യോന്യം നോക്കി.

കുറച്ചുകഴിഞ്ഞപ്പോൾ തന്ദ്രമിൻ ചോദിച്ചു...എന്താ നിങ്ങളെല്ലാം പോയോ......

ഇല്ല ഒരേസ്വരത്തിലവർ പറഞ്ഞു...

ഞാൻ വിചാരിച്ചു നിങ്ങൾ കടന്നു കളഞ്ഞിരിക്കുമെന്ന്.

തന്ദ്രമിൻ തുടർന്നു......

അവരിലൊരുവൻ അവളെ ആദ്യമായി..... മററു നാലുപേർ എന്നെ സദാ ഉപദ്രവിച്ചുകൊണ്ടിരുന്നു. അവരുടെ പ്രവൃത്തനം തുടർന്നു. അവൾ പിടഞ്ഞു. എന്റെ ഹൃദയം ആ നിമിഷം ഒരഗ്നിപർവ്വതമായി. ഞാൻ എങ്ങിനെയോ അവരിലൊരുത്തന്റെ തോക്കു കൈക്കലാക്കി. കാഞ്ചിവലിച്ചു. രണ്ടു വട്ടം തോക്കു ശബ്ദിച്ചു. രണ്ടുപേർ നിലം പതിച്ചു..

അപ്പോഴേയ്ക്കും എന്റെ പ്രിയപ്പെട്ടവൾ പിടഞ്ഞു മരിച്ചു കഴിഞ്ഞു. അവർ എന്റെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചു. അവളുടെ നെഞ്ചത്തൊരു കഠാര കുത്തിയിറക്കുന്നതു നോക്കി നിൽക്കുമ്പോഴാണ് എന്റെ കണ്ണുകൾ നശിപ്പിക്കപ്പെട്ടതു്.

തന്ദ്രമിന് ബോധം നശിച്ചു.....

വെടിയുപ്പിന്റെ ഗന്ധവും പേറി നടക്കുന്ന ചൂടുള്ള കാററ് വീശിയിരുന്നു. ആരും ഒന്നും ഉരിയാടിയില്ല.

അവസാനം പത്രപ്രവർത്തകർ എഴുന്നേററു. തന്ദ്രമിനോട് മൗനഭാഷയിൽ അവർ വിട ചോദിച്ചു.

അവ്യക്തമായ പാതയിലൂടെ പാഞ്ഞുപോയ ജീപ്പ് അവരുടെ എത്രയെത്ര ശവശരീരങ്ങളെ പിന്നിട്ടു.

...സ്സിൽ എന്തൊക്കെയോ ഊറിക്കൂടി. കരളലിയിക്കുന്ന മനുഷ്യകഥ. പിച്ചിച്ചീന്തപ്പെട്ട സമാധാനക്കാർ.

...ലിയും എത്രയോ തനൂമിനെ നമ്മൾ കാണാനിരിക്കുന്നു. പത്രപ്രവർത്തകരിൽ ഒരാൾ പറഞ്ഞു.

...ഞ്ഞൊലിഞ്ഞ മനുഷ്യരുടെ അസ്ഥികൂടങ്ങൾ, ...ടിപ്പെടുത്തുന്നവയായിരുന്നു. അന്തരീക്ഷമാകെ ദുർഗന്ധം പേറിനിൽക്കുന്നു. അവസാനിച്ച യുദ്ധത്തിലെ അവസാനത്തെ ഏടുകൾ.

തനൂമിനെപ്പോലെ എത്രയോ മാപ്പുസാക്ഷികളുടെ രക്തം വീരവിയറ്റ്നാമിന്റെ മണ്ണിൽ ലയിച്ചു ചേർന്നിരിക്കുന്നു. ആ വളക്കൂറു വലിച്ചുണ്ടാകുന്ന പുതിയ തലമുറയും ഒരു തരത്തിൽ മാപ്പുസാക്ഷികളാണ്.

VISIT VISIT

**VELLANIKARAN'S JEWELLERY**
&
**DAVIS STEEL HOUSE**
Junction, CHALAKUDY

For
GUARANTEED 22CT GOLD ORNAMENTS
PURE SILVER ORNAMENTS ST. STEEL WARES
&
PRESENTATION ARTICLES ETC

Prop. VELLANIKARAN P. DEVASSY Phone No. 317

**HINDUSTAN INSECTICIDES LIMITED**

A Government of India Enterprise
UDYOGAMANDAL P. O.
KERALA STATE
Regd. Office: New Delhi-110024

We Manufacture Wide Spectrum Insecticides and Chemicals
like

TECHNICAL DDT
FORMULATED DDT
MONOCHLOROBENZENE
CHLORAL

TECHNICAL BHC
FORMULATED BHC
ORTHO DICHLOROBENZENE
PARA DICHLOROBENZENE

Our motto:
PROTECT TO PROSPER
AWAIT OUR NEW RANGE OF PRODUCTS

# WHEN ROME WAS BURNING....

K. N. Somanathan

Nero was fiddling when Rome was burning,
Here a thousand Neros fiddle, when
a thousand Romes burn,
And seated in glass-houses, they
laugh at the crying Romans.

Enthron'd by these Romans, and
empower'd to reign,
In the hope of a "bright future",
But miserably made desperate–
(the rulers know the secret)

Machines, the Neros make of men,
Only to walk and work, (not to speak or feel)
And to be the 'back-bones of the nation.'

The Neros eat, drink and dance,
While the machines, strive, strain and starve,
Unable, even to keep them straight.

Welfare-dramas are staged,
And they fare well at their roles
'Heaven in your hands and the curtain falls.

Man is made a 'ping-pong' ball,
And when the trophy is bagg'd,
The ball lies uncared till the next tournament.

Offers, once, were made—thousand and a one—
But shatter'd (or conveniently forgotten?)
For lack of funds (or lack of heart?)

Waters flow in rivers,
Floods and droughts come and go,
Much is lost, little gain'd.

And the elections come again
With a thousand promises, again,
(To be broken, for which they're meant)

Again they are crown'd—the Neros-
In new names, with fiddles tuning fresh
To burn the remainder of Romes,
with shrieking Romans inside.

◆

# MY IDEAL MAN

Susan George

"These are about some of the qualities that I derire in my Ideal Man and I am sure that no one can ever rise upto my standards. So I am resting easy."

I dare not express how fed up I am with all this talk about ideal women. Because you know, this boresome subject has revealed how utterly non-ideal I am. So at least to ease my mind and do away with my inferiority complex Iam going to attempt sketching my Ideal man. I am doubly sure that no man will ever come up to my ideals, so I would better show the opposite sex how non-ideal they themselves are!

Some men are in fact rather unusual in their conception of their ideal women. One of the lot, wants a woman with the vital statistics of Marylin Muhroe, the intellectual brilliance of Madam Curie, the voice of Lata Mangeshkar and the inevitable home-loving nature and 'what' complexion! And guess what! The chap who demands such a woman is a striking foil to that beautiful and brilliant dame, in being ugly and idiotic into the bargain!! His explanation no doubt is that "unlike poles attract each other" !!!

As handsome as a greek god, charming as a prince, with the physique of Shatrughan Sinha, manliness of Dharmendra, the devilry of Shashi Kapoor and the boyishness of Rishi-nay, I would not ask so much of my ideal man. But I would not mind surely if he has quite good looks and he is tall and smart. I definitely would not mind him being a millionaire's son especially if his papa showers monetary affections on him. Even if he happens to be an only son, I'll try to put up with him. But—he should not in anyway consider me an heiress because, then it will turn out to be a marriage for money" which I despise and dissapprove of!!

My ideal man, when he goes shopping alone to buy me a saree, should not come back with two 'terrific" shirts. "They were such a bargain! you, too can use them darl!" On such a similar occasion when I, going out to buy a curtain, return with two really divine sarees which prove to be bargain in the real sense, he should not raise the roof and spring on me like a wild bull! We women know best. How can a poor guy understand that it is cheaper to buy two sarees instead of one?

When I am all dressed up after Femina's latest fashion model (At least I think so) and am awaiting his arrival from his office to go for a film, he should not rush in like an avalanche, pull on a dark and sullen frown and exclaim; "Oh dear! I completely forgot about the film and agreed to go over to my Boss's in about an hour or so to play cards. I am terribly sorry ducky, but you know he is my boss and I can't help it". And-if at all we go any other time, it is a must that my ideal man should dress well and decently. He should not after an hour's dressing up come out looking like a scare-crow, with his ridiculous sideburns meeting (and greeting! no doubt!) his mustache, his long locks hiding

half of his face (???), a giant piece of nonsense hanging from his neck by a chain, a shirt open almost to his waist and to add to that skin-tight pants which may break open any moment !!! He should take enough money with him to enable us to enter a luxury hotel graceously and partake of a hearty meal in a royal way after the film. In no case should he expect ME to cook our dinner beforehand and then come to the film. Even an ordinary person can afford to do that for once.

My ideal man should certainly make our home a haven of refuge and relaxation. He should not expect me to do all the work in the house when I too am a career woman! Is it such a shame on the part of man to lend a helping hand to his better half while she is busily at work in the kitchen to finish up everything before going out to work? And— on a day when he is off work; when I come home from work, a drooping, exhausted listless being; I would not like to be greeted with a shout of masculine gabble and the ideal man explaining, "Darling, we were waiting for you for so long and you took simply ages! I was just telling Raj about the nice cappa you make me every evening and he is waiting to have a sip of the thing." There is hardly anything which, I abhor more than making coffee or tea when I am really tired. Imagine, if it is for a pack of boisterous males who have barged into the privacy of my home!

I am terribly fond of receiving guests provided sufficient notice is given, but, I simply detest being caught in my house coat by an intruder. So if unwelcome guests barge in without warning I will just head for the bathroom. And I expect my ideal spouse to be diplomatic enough to send the pests packing without creating ill-feeling while I am in my little goshen.

Talking about outing, my ideal man will never propose to go out just as I am settling down to my favourite arm chair and if he does succeed in dragging a reluctant me along, he should not forget all about the outing and me on meeting a friend on the way, and leave me gaping on the middle of the road for an hour or so. He will be sweet enough to buy me a present for my birthday and also have enough presence of mind not to get me a blue blouse-piece for my red saree!! would very much appreciate surprise gifts from him. But on no condition should I have the misforture to see such a surprise gift-for instance, an enlarged photo of mine-hanging upside down on the wall, gaping and grinning at me ridiculously!

I would like my ideal man to know excellently well about cars and driving but in no way should he try to drive the car from the back seat especially when I am at the wheel. And if I happen to make a wrong turn or almost run into a lorry, he should not, with a superior air say "I told you so" No four words arowse more homicidal instinct in me!

He should be a charming conversationalist and a pleasant and witty chap with lots of brains. He should not be overtalkative especially when my girifriends come to tea with us. It would be just tops if he is a film fan but I would not for the world tolerate it, if he starts kicking, smashing and punching me after the hero's style! I would prefer him to have quite good mastery over songs but he should definitely not roar the place down with his bellows!!! More over my ideal man will be a grand success with his screaming hysterical offsprings and will know how to handle them and to keep them quiet at least when I am engaged in a 'super' love story.

These are about some of the qualities that I desire in my ideal man and I am sure that no one can ever rise up to my standards. So I am resting easy. By now my inferiority complex has vanished into thin air and I have found that I possess now a superiority complex!!

■ ■ ■

അമ്മയുടെ വയറിലേക്ക് അവന്റെ ദൃഷ്ടികൾ പതിഞ്ഞു. അതു നിറഞ്ഞിരിക്കുന്നു. ഉന്തി വീർത്തിരിക്കുന്നു. "അമ്മ മുദയാം തിന്നു......ന്നെ കാണാണ്ടു്" അവൻ ആ വയറുചൂണ്ടി കരയാൻ തുടങ്ങി.

# മീട്ടാത്തശ്രുതി

വി. ആർ. സുരേശൻ

കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ കോളേജ് യൂണിയൻ സംഘടിപ്പിച്ച ചെറുകഥാ മത്സരത്തിൽ ഒന്നാം സമ്മാനാർഹമായതാണ് ഈ കഥ

അവനു് ചിന്തിക്കാനുള്ള കഴിവില്ല. ചിന്തിക്കാനൊട്ട്, ആരുമവനെ പഠിപ്പിച്ചുമില്ല. എങ്കിലും ചിന്തയുടെ രാക്ഷസിയിലുകൾ അവന്റെ മനസ്സിനെ കുവിള്ളുവി പുൽകിയുണർത്തി.

"എനിക്കെന്തിനീ ഭൂമിയിൽ ജന്മം നൽകി... ഒരു തെണ്ടിയായിട്ട്. ഞാൻ തെണ്ടിയുടെ മകനാണോ...? അല്ല.! ആയിരിക്കില്ല. ഈ സമൂഹമെന്നെ തെണ്ടിയാക്കി അകലെ നിന്നും കല്ലെറിഞ്ഞു. നിമിഷ നേരത്തേക്ക് അവയെന്നിൽ പതിച്ചേക്കാം. പക്ഷെ, അതൊരു വലിയ ചോദ്യചിഹ്നമായിട്ട് ഒരുനാൾ ഈ സമൂഹത്തിന്റെനടപ്പുരയിൽ വളഞ്ഞു നിൽക്കും. അന്ന്...അന്ന് നിങ്ങളതുകണ്ട് അന്ധാളിക്കരുത്. നിങ്ങളൊക്കെ വലിയവരല്ലേ...? ചിന്തിക്കാനുള്ള ശക്തി അന്നു നിങ്ങൾക്കുണ്ടായിരുന്നില്ലേ...നിങ്ങളനുഭവിച്ചതിന്റെ മറുപുറം ഞാനനുഭവിക്കണമെന്നോ...??വരും ഭവിഷ്യത്തുകൾ അങ്ങകലെ ചക്രവാളത്തിലെ ഒരു മങ്ങിയ നിഴൽ പോലെയെങ്കിലും നിങ്ങൾ കണ്ടിരുന്നെങ്കിൽ....എന്റെ അച്ഛനെന്നു പറയുന്ന ഏതോ ആ ഒരുവൻ അറിഞ്ഞിരുന്നെങ്കിൽ...അച്ഛൻ...!? മനുഷ്യ രൂപം പൂണ്ട ചെന്നായ്. അദ്ദേഹം തെണ്ടിയായിരിക്കില്ല ..തോട്ടിയായിരിക്കില്ല. കറുത്ത കറപുരണ്ട ഹൃദയത്തിൽ വെള്ളപ്പായമടിച്ച് മാന്യതയുടെ കുപ്പായമണിഞ്ഞ് ആ വഴിത്താരയിലൂടെ അദ്ദേഹം നടക്കുന്നുണ്ടാകും. ഒരിക്കൽ മാത്രമെങ്കിലും അദ്ദേഹത്തെ ഒന്നു കണ്ടിരുന്നെങ്കിൽ .....അച്ഛായെന്നൊന്നു വിളിക്കാൻ...!!? ഹോ.. ഞാനെന്തൊരു പാപി ...."

ഈറനായ അവന്റെ കണ്ണിൽനിന്നും മിഴിനീർ ഒഴുകി കവിളിൽ ചാലുകൾ തെളിച്ചു. ചുടുനീരാൽ അവൻ പറയുന്ന കഥ.....സ്വന്തം ആത്മരോദനത്തിന്റെ കഥ ആരു കേൾക്കാൻ. വിങ്ങുന്ന മനസ്സിന്റെ ഭാരം അവന്റെ മസ്തിഷ്ക്കത്തിലേക്കാഞ്ഞാഞ്ഞു പ്രവഹിച്ചു.

"ഞാനെന്തു തെറ്റുചെയ്തു...?" സ്വന്തം മനസാക്ഷിയോട് ചോദിക്കുന്ന ഉത്തരം കിട്ടാത്ത ആ വലിയ ചോദ്യം..........

"ഈ ലോകത്തിന്റെ വിരിമാറിൽ പെററു വീണവനാണു ഞാനും. ഈ രാജ്യത്തിന്റെ ഗതി നിയന്ത്രിക്കേണ്ട ഒരു പൗരൻ. പക്ഷെ..., എനിക്കതെല്ലാം നിഷേധിച്ചിരിക്കുന്നു. ഇവിടെ എന്നെപ്പോലൊരുവനു് അവകാശമില്ല. അതു പിടിച്ചു പററാൻ നിയമമില്ല. ഇതെന്തൊരു നീതി? ദാഹജലത്തിനായി നീട്ടിയ കയ്യിൽ ഒരിററു സ്നേഹനീർ പകർന്നെങ്കിൽ.........

......പാപം,.....ശാപം......!!!

"പണത്തിന്റെയും പ്രതാപത്തിന്റെയും അച്ചുതണ്ടിൽ ഈ ലോകം കണ്ണടച്ചു കറങ്ങുന്നു. പേപിടിച്ച മനുഷ്യമൃഗങ്ങൾ അതിനുള്ളിൽ താണ്ഡവമാടുന്നു. നഗ്നമായി അതിന്റെ മുന്നിൽ ചാരും പടത്തിരുന്നു് പിച്ചും പേയും വിളിച്ചു പറയുന്നു. ഇരുണ്ട രാത്രികളിൽ കാട്ടുമൃഗങ്ങളെപ്പോലെ മനുഷ്യർ സംഹാരനൃത്തം ചവിട്ടുന്നു...ജീവിക്കാനോ...?! ഇവിടെ

സത്യത്തിനു സ്ഥാനമില്ല. കയ്പുനീരു കഴിച്ച വഞ്ചനയുടെ വിളറിയ മുഖങ്ങൾ എവിടേയും തളിഞ്ഞു നിൽക്കുന്നു.......”

'സ്നേഹമാണഖിലസാരമൂഴിയിൽ........' വഴിയിൽ കിടന്നിരുന്ന ഒരു കടലാസു തുണ്ടിൽ നോക്കി കുട്ടപ്പൻ പറഞ്ഞ വരികൾ അവൻെറ ചിന്താസരണിയിലലക്കാണ്ടടിച്ചു.

'ഈ ലോകത്തിൽ വിലപ്പെട്ടതു് സ്നേഹമൊന്നു മാത്രമാണെന്നു്......' കുട്ടപ്പൻ അതിന്റെ സാരമവനു് പറഞ്ഞുകൊടുത്തു.

'..... എങ്കിൽ ഈ മണ്ണു്......' അവനെന്തോ ആശിച്ചു.

'അയ്യോ ......' ചളികെട്ടിയ വെള്ളം കുലംകുത്തി ആ ഓടയിലൂടെ അവന്റെ മുഖത്തു വന്നടിച്ചു. അവനിൽ ചേതന നശിക്കുന്ന പോലെ തോന്നി. സപ്ത നാഡികളും അവനിൽ തളർന്നു മയങ്ങി. മരണത്തിന്റെ കറുത്തു വികൃതമായ മുഖം അവനെ നോക്കി പല്ലിളിച്ചു. അവനാ അഴുക്കുവെള്ളം കുറെ മോന്തിക്കുടിച്ചു.

'...... എന്റമ്മേ......!' അവനറിയാതെ തേങ്ങിപ്പോയി. ആ ശബ്ദം അവന്റെ ഹൃദയത്തിൻെറ അഗാധതയിൽ ചെന്നു തട്ടി പിളർന്നു. അവൻ ഓർക്കാൻ ശ്രമിച്ചു. അമ്മ... അമ്മ... പക്ഷെ..., ഒരു മങ്ങിയ നിഴലും ആ രണ്ടക്ഷരവും മാത്രമേ അവൻെറ മനസ്സിൽ ചലിച്ചുള്ളു.

'എൻെറമ്മേ...!' പട്ടണത്തിലെ രാജാ ഹോട്ടലിലെ എച്ചിൽത്തൊട്ടിയിലും അതിനടുത്തുള്ള ഒരു പാറയിലും അവൻെറ ചിന്തകൾ ചെന്നു തട്ടി ചിതറിവീണു. വയറുനിറയെ അവൻ ആഹാരം കഴിച്ചിട്ടുണ്ടെങ്കിൽ അതവിടെവെച്ചായിരുന്നു. ആ തൊട്ടിയിൽ എങ്ങിനെ ആഹാരം വീഴുന്നുവെന്നവനറിയാൻ പാടില്ലായിരുന്നു. അതെങ്ങിനെയായാ അവനുവേണ്ടി ഒരുക്കപ്പെട്ടതാണന്നേ അവനു തോന്നിയിട്ടുള്ളു. എച്ചിൽ തൊട്ടിയിലെ ഓരോ ഇലയിലും ആ അമ്മയുടെ കൈകൾ സ്പർശിച്ചു. തൻെറ മകൻെറ വളർച്ചയ്ക്കു വേണ്ടി... ഒടുവിൽ അവന്റെ പൗരുഷത്തിന്റെ വിയർപ്പു കാണാൻ......

'ന്റെ വയറു നിറഞ്ഞു ..' നിയമ്മ തിന്നോ... വയറു തടവി അവന്റെ സംതൃപ്തി പ്രകടിപ്പിക്കും. അങ്ങിനെ ആ എച്ചിൽ രണ്ടു വയറുകളിൽ സ്ഥാനം പിടിക്കും.

ദിവസങ്ങളും മാസങ്ങളും ഓടി നീങ്ങി. കാലത്തിന്റെ മുഖവും വികൃതമായി. കാറും മഴയും ആഞ്ഞടിക്കുവാൻ തുടങ്ങി. ആ അമ്മയുടെയും മകന്റെയും ജീവിതത്തിൽ കാലവർഷം ആഞ്ഞു വീശി. തൊട്ടിയിൽ എച്ചിൽ കുറഞ്ഞു. വിശന്ന അവൻ വാവിട്ടു കരയാൻ തുടങ്ങി ഹോട്ടലിന്റെ പരിസര ശുദ്ധിയെ ആ കരച്ചിൽ വികൃതമാക്കി. സഹിക്കാതായപ്പോൾ ഹോട്ടലുടമ അവനെ വന്നു കണ്ടമാനം തല്ലി. ആ അമ്മയെ ചീത്തവിളിച്ചു. അതുകണ്ടു് അമ്മ തന്റെ കണ്ണുകൾ പൊത്തിക്കളഞ്ഞു, അയാൾക്കതിനുള്ള അധികാരമുണ്ടെന്നഭാവത്തിൽ. ആ ശിക്ഷ അവനെ വല്ലാതെ തളർത്തിക്കളഞ്ഞു. ക്ഷീണിച്ചു പരവശനായി അവൻ മയങ്ങിപ്പോയി. സന്ധ്യയായിട്ടും അവൻ ചോറിനായി ഉണർന്നു കരഞ്ഞില്ല ...... നിശബ്ദം . ... നിശ്ചലം.

അന്നു്...... കുത്തിരുണ്ടു് നിശ്ശബ്ദമായ രാത്രിയിൽ ആ പാറയുടെ മറവിൽ എന്തെല്ലാമോ സംഭവിച്ചു .....!?!?

പിറേറദിവസം വളരെ പുലർന്നാണവൻ എണീററതു്. അവന്റെ കണ്ണുകൾക്കു് വിശ്വസിക്കാൻ കഴിഞ്ഞില്ല. സ്വാദിഷ്ടമായ മധുര പലഹാരങ്ങൾ അവന്റെ മുന്നിൽ നിരന്നിരിക്കുന്നു. എങ്ങിനെ വന്നുവെന്നവനന്വേഷിച്ചില്ല. ആർത്തിയോടെ എല്ലാം വായിലാക്കി അവൻ കീഴോട്ടിറക്കി. പുഞ്ചിരിയുടെ ശീതളഛായ അവനിൽ വിരിഞ്ഞു....

ദിവസങ്ങൾ നീളുന്തോറും അവന്റെ മുഖത്തെ പ്രകാശം മങ്ങിക്കൊണ്ടിരുന്നു. ദിവസങ്ങൾ ഒന്നിച്ചു പറന്നു് മാസത്തിലെത്തി. അവയും നീങ്ങിക്കൊണ്ടിരുന്നു. അവന്റെ വയറു് നട്ടെല്ലിനോടു് ചേർന്നു പ[illegible]ന്നു. കരയാതിരിക്കാൻ അവനു കഴിഞ്ഞില്ല. ആ അമ്മയുടെ വയറിലേക്കു് അവന്റെ ദൃഷ്ടികൾ പതിഞ്ഞു. അതു നിറഞ്ഞിരിക്കുന്നു...... ഉന്തിവീർത്തിരിക്കുന്നു......!!??

'അമ്മ മുയോം തിന്നു... ഒന്നു കാണാണ്ടു്.....' അവനാ വയറു്ചൂണ്ടി കരയാൻ തുടങ്ങി.

ആ അമ്മ അവനെ തന്റെ മാറോടു ചേർത്തു പിടിച്ചു തേങ്ങിത്തേങ്ങിക്കരഞ്ഞു. ആ മാറിലെ ചൂടേററു് അവൻ മയങ്ങി. 'സന്ധ്യയും മയങ്ങി. രാത്രി നിശ്ചലം... നിശ്ശബ്ദം... പക്ഷേ ആ രാത്രിയുടെ നിശ്ശബ്ദതയെ തുളച്ചു കൊണ്ടു് ചില ഞരക്കങ്ങൾ...! അവനതു ശ്രദ്ധിച്ചു.

'അമ്മേ ... അമ്മേന്തേ കരേണേ.. ?' അവനാ

മിന്നാരം കിട്ടിയില്ല. അമ്മയെ അവൻ മെല്ലെ തലോടിക്കൊണ്ടിരുന്നു. ആ വയറ് ഒട്ടിയിരുന്നെന്ന വനു തോന്നി...

'അമ്മക്ക് വിശക്കുന്നുണ്ടായിരിക്കും...' അവന്റെ മനസ്സുതറിഞ്ഞു നീറി. ആശ്വസിപ്പിക്കാനെന്നവണ്ണം അവൻ തന്റെയമ്മയെ കെട്ടിപ്പിടിച്ചു കിടന്നുറങ്ങി.

നേരം വെളുത്തു. അമ്മ തന്റെയടുത്തു നിന്നും എണീറ്റു പോയിട്ടില്ല. അവന്റെ ശ്രദ്ധ ആ കൊച്ചു രൂപത്തിലേക്കു പതിച്ചു— നിശ്ചലമായി ആ അമ്മയുടെ കാൽച്ചുവട്ടിൽ കിടക്കുന്ന ഒരു പിഞ്ചുകത്തിലേക്ക്.

"...അമ്മേ..." അവൻ കലുക്കി വിളിച്ചു. പക്ഷെ, അമ്മ ആ വിളികേട്ടില്ല. വീണ്ടും വീണ്ടും അവൻ വിളിച്ചു. . ......

"അങ്ങിനെയെന്റെ അമ്മ പോയി...... ......എന്റമ്മേ........" അവന്റെ ഹൃദയത്തിന്റെ തേങ്ങൽ പുറത്തേക്കു ബഹിർഗ്ഗമിച്ചു.

"എന്താടാ തെണ്ടീ കിടന്നു മോങ്ങുന്നതു് എണീറ്റു പോടാ... കാണാൻ കൊള്ളാവുന്ന നാലു പേര് നടക്കണെ 'ടൗണാ'യിത്.....ങും ....പോ....എണീക്ക്..."

അവൻ തിരിഞ്ഞു നോക്കി...ആ ഓട വൃത്തിയാക്കുന്ന തോട്ടി. അവന്റെ മനസ്സ് പുകഞ്ഞ പുകയാൽ മസ്തിഷ്കം കറപുരണ്ടു.

നിലത്തു കയ്യൂന്നി എണീറ്റ് അവൻ നടന്നു... അങ്ങകലെ രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പുദിച്ച ആ പ്രകാശത്തിന്റെ അടയാളം ...അവൻ വേഗം നടന്നു. മഹാത്യാഗത്തിന്റെ ചിഹ്നമായ ഭാരം ചുമക്കുന്നവന്റെ ചിഹ്നമായ ആ കുരിശു കണ്ടപ്പോഴും അവനറിയാതെ അവന്റെ മനസ്സുതേങ്ങി. മാനവവംശത്തിന്റെ മഹാപാപം മുഴുവനും തന്റെ സ്വന്തം രക്തം കൊണ്ട് കഴുകിക്കളഞ്ഞതിന്റെ അടയാളം. ആ പുണ്യാത്മാവ് ചൂടിയ മുൾക്കിരീടം ഈലോകത്തെ നയിക്കുന്ന പാപത്തിന്റേതായിരുന്നു. ആ ത്യാഗിയുടെ ഹൃദയരക്തത്താൽ ഈലോകം അന്നു ശുദ്ധീകരിക്കപ്പെട്ടതായിരുന്നു. പക്ഷെ...,ഇന്ന്... വളരെ പണിപ്പെട്ട അവൻ ആ കുരിശുവരെ എത്തി അതിനെ കെട്ടിപ്പിടിച്ചേങ്ങലടിച്ചു കരഞ്ഞു.

"പ്രകൃതി നിയമങ്ങളെ കീഴ്മേൽ മറിച്ച് അങ്ങയെത്തന്നെ മറന്ന് പച്ചപരിഷ്കാരത്തിന്റെ മേൽക്കൂട്ട് ഇന്നാൻ ശ്രമിക്കുന്ന ഇവരോട്—പാപികളെ നയിക്കുന്ന പാപികളോട് — ക്ഷമിക്കേണമേ....." അവന്റെ ഹൃദയത്തുടിപ്പ് ഉള്ളിലൊതുക്കുവാൻ അവന് സാധിച്ചില്ല. ആ ഇരുണ്ട നയനങ്ങളിൽ നിന്ന് മിഴിനീർ ധാരധാരയായി ആ കുരിശിന്റെ പാദത്തിൽ വീണ് അതിനെ തഴുകിക്കൊണ്ടിരുന്നു. സ്വഹൃദയത്തിന്റെ കദനഭാരം ഇറക്കിവച്ച് ഈ ലോകത്തോടുതന്നെ സ്തുതി പറഞ്ഞ് പോകാൻ അവനു തോന്നി. "പാടില്ല മകനേ...നീയീരാജ്യത്തിന്റെ പൗരനാണ്. ഈ ലോകത്തെ ഉദ്ധരിക്കേണ്ടതു് നിന്റെയും കടമയാണ്. പോകൂ...നീ നിന്റെ കടമ ചെയ്യ്......" അവന്റെ അന്തരാത്മാവിൽ നിന്ന് ആരോ വിളിച്ചു പറയുന്നതു പോലെ അവനു തോന്നി.

"......ഞാൻ എങ്ങോട്ടു പോകാൻ...ഈ ഭൂമിയിൽ..." അവനതലോചിക്കാൻ കൂടി കഴിഞ്ഞില്ല.. പക്ഷെ അവനറിയാതെ തന്നെ ആ കുരിശിൽ നിന്ന് അവന്റെ കയ്യ് വിട്ടു...അവൻ നടന്നു. മുന്നിൽ അനന്തമായപാത...മുകളിൽ വിശാലമായ നീലാകാശം.

Use Always
**KLORO-FARM'S**
Pesticides Formulations to protect your crops
because they are better than the rest
For your requirements please contact:
KLORO-FARM
THAMARAKULANGAR
TRIPUNITHURA-682301
Phone: **Cochin-39539**

എൻെറ സമയം കഴിയാറായെന്നും, വണ്ടി ഒരിക്കലും
കിട്ടുകയില്ലെന്നും ഓർത്തപ്പോൾ ശക്തിയായി
മിടിച്ച ഹൃദയത്തെ അമർത്തിപ്പിടിച്ചു
കെട്ടിയിട്ടു ഞാൻ പറന്നു.
ഞാൻ പറന്നു.........
ഞാൻ പറന്നു......
ഞാൻ പറന്നു...

# സമതലത്തിനപ്പുറം

കെ. കുഞ്ഞികൃഷ്ണൻ

എനിയ്ക്കറിയാമായിരുന്നു തനിച്ചാണു് യാത്ര ചെയ്യേണ്ടി വരിക എന്നു്.

അയാളെ സമതലത്തിന്നപ്പുറത്തുള്ള കുന്നിൻപുറത്തെ പാറക്കൂട്ടങ്ങൾക്കിടയിൽ വെച്ചു് കാണുക. കണ്ടതിനുശേഷം മൂന്നുവട്ടം ''ഞാൻ പോകുന്നു'' എന്നു പറയുക. അയാൾ തരുന്ന കടലാസുകെട്ടുകൾ അടിയുടുപ്പിന്നിടയിൽ ശ്രദ്ധാപൂർവ്വം തുന്നിച്ചേർത്തിട്ടുള്ള കീശയിലിടുക. തിരിഞ്ഞു പോലും നോക്കാതെ മുന്നിൽ കാണുന്ന ഒററയടിപ്പാതയിലൂടെ നടക്കുക.

ബാക്കി അയാൾ തരുന്ന കടലാസിൽ കാണും. വ്യക്തമായ നിർദ്ദേശങ്ങൾ.

ഞാൻ കുളിച്ചു. അതിനുശേഷം മയങ്ങി. മയക്കത്തിൻെറ അവസാനത്തിൽ ഒരാൾ വന്നു. അയാൾ തീർച്ചയായും എനിക്കുവേണ്ടി കാത്തിരിക്കാമെന്നു് പറഞ്ഞിരുന്ന ആളല്ലായിരുന്നു. ഞാൻ എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പുതന്നെ അയാൾ പറയാൻ തുടങ്ങി. പിറുപിറുക്കുന്ന ശബ്ദമായിരുന്നു അയാളുടേതു്.

''അതാ നോക്കൂ. ആ കാണുന്ന വയസ്സൻ പുളിമരത്തിന്നപ്പുറത്താണു് സമതലം. സമതലത്തിന്റെ നടുവിൽ നേരെ പോകുന്ന പാത. തെക്കു വശത്തു നിന്നും രണ്ടാമതു് കാണുന്ന മരത്തിന്നപ്പുറം ശത്രുക്കളുടെ പാളയം. പടിഞ്ഞാറു കാണുന്ന പാറക്കൂട്ടങ്ങൾ കഴിഞ്ഞാൽ കാണുന്ന കുന്നിൻ പുറത്തിന്റെ പടിഞ്ഞാറൻ ഓരങ്ങളിൽ വീണ്ടും ശത്രുവിന്റെ പാളയമാണു്. വടക്കുഭാഗം സുരക്ഷിതം. ആ വഴി ഒററയടിപ്പാതയിൽ കൂടി മുന്നോട്ടു പോവുക. തിരിഞ്ഞു പോലും നോക്കാതെ കിഴക്കോട്ടു്. ശബ്ദമുണ്ടാക്കരുതു്. ശത്രുക്കൾ അറിഞ്ഞു പോകുമരുതു്. സമതലം കഴിഞ്ഞാൽ പുഴ. ഒഴുക്കു് തീരെ കുറവ്. ഉരുളൻ കല്ലുകൾ പായൽ പിടിച്ചു കിടക്കുന്ന പുഴ കടക്കുമ്പോൾ ശ്രദ്ധിക്കുക. വഴുക്കി വീഴരുതു്.

പുഴകടന്നാൽ സുരക്ഷിതം. അവിടെ നിന്നു പുഴയുടെ കരപററി നേരെ വടക്കോട്ടു്. പത്തു നിമിഷം നടന്നാൽ നാൽക്കവല. കിഴക്കെ നിരത്തിൽ കൂടി പന്തടി നടന്നാൽ കാണുന്ന കവക്കവഴി. അവിടെ നിൽക്കുന്ന താടിക്കാരൻ വൃദ്ധൻ. തീവണ്ടിയാഫീസിലേക്കുള്ള വഴി ഏതാണെന്നു് ചോദിക്കുക. അതിൽ അയാൾ കവക്കവഴി ചൂണ്ടിക്കാണിക്കും. തീവണ്ടിയാപ്പീസിൽ കൂടി രണ്ടു നാഴിക നടക്കുക. തീവണ്ടിയാപ്പീസിൽ എത്തും. പുലർച്ചെ മൂന്നു മണിയ്ക്കു വണ്ടി. തീവണ്ടിയാപ്പീസിൽ ആൽത്തറയിൽ കിടന്നുറങ്ങുന്ന വൃദ്ധയെ വിളിച്ചുണർത്തുക. ''മൂന്നു മണി വണ്ടി എവിടേയ്ക്കാ?'' എന്നു ചോദിച്ചാൽ തന്നെ വലിയ കടലാ

സ്വഭാണ്ഡം വാങ്ങി ഭദ്രമായി സൂക്ഷിക്കുക. വണ്ടി വരുന്നതു വരെ ഒന്നും ചെയ്യേണ്ട. വണ്ടി വന്നാൽ കയറിക്കഴിഞ്ഞ ശേഷം കെട്ടു പൊട്ടിച്ച് ആദ്യം കാണുന്ന നീലക്കടലാസിൽ എഴുതിയ കാര്യങ്ങൾ വായിക്കുക. പിന്നീടതു പോലെ ചെയ്യുക.”

വികാരമില്ലാതെ പറഞ്ഞു കഴിഞ്ഞ ശേഷം അയാൾ ധൃതിയിൽ തിരിച്ചു നടന്നു പോകുന്നതും നോക്കി നിന്നപ്പോഴാണ് ഇയാളെ മുമ്പെവിടെയോ വെച്ച് കണ്ടിട്ടുള്ളതായി ഞാൻ ഓർത്തത്. എവിടെ വെച്ചാണ്? ഓർക്കാൻ ശ്രമിച്ചിട്ട് പററിയില്ല.

എനിക്കിഷ്ടംപോലെ സമയമുണ്ട്. ഇപ്പോൾ എത്ര വന്നാലും പാതിരയ്ക്കു മുമ്പ് തീവണ്ടിയാപ്പീസിൽ എത്താം. ഇരുട്ടിന് കട്ടികൂടി വരികയേ ഉള്ളു. കറുത്ത കാലുറയും, കുപ്പായവും ധരിച്ച്, കറുത്ത തുണികൊണ്ട് മുഖം മറച്ച് തലയിൽ കെട്ടി ഞാൻ പുറപ്പെട്ടു.

ഒരു വയസ്സൻ പുളിമരം. അതിന്റെ താഴെ ചുരുണ്ടു കിടക്കുന്ന ഇരുട്ടിന്റെ മറപററി ഞാൻ നടന്നു. ഒററയടിപ്പാതയിൽ കൂടി മുന്നോട്ട്. മുമ്പിൽ നീണ്ടു പരന്നു കിടക്കുന്ന സമതലം. ശബ്ദമുണ്ടാക്കാതെ ധൃതിയിൽ നടക്കുമ്പോൾ എനിക്കു വേണ്ടി പാറക്കൂട്ടത്തിനിടയിൽ ഒളിച്ചിരിക്കുന്ന മനുഷ്യൻ ഇനി എന്തു ചെയ്യുമെന്നുള്ള വേവലാതി എനിക്കു തീരെയുണ്ടായിരുന്നില്ല.

ശബ്ദമുണ്ടാക്കാതെ ഞാൻ നടന്നു. ഒരിക്കലും അവസാനിക്കാത്ത വഴി ഇരുട്ടിൽ വിളറി നേർത്ത, നിറം പോയ ഒരു നാടപോലെ മുന്നിൽ കിടക്കുന്നു. നടത്തത്തിന്റെ വേഗതകൊണ്ടു ഞാൻ ശക്തിയായി കിതക്കുന്നുണ്ടായിരുന്നു. തെക്കുവശവും പടിഞ്ഞാറുവശവും അകലെ കാണുന്ന ശക്തികുറഞ്ഞ വെളിച്ചം എന്നോടു വീണ്ടും പറഞ്ഞു— ശത്രു എന്റെ വളരെ അരികിലാണ്. സൂക്ഷിക്കണം. പക്ഷെ എനിക്കു പേടിയില്ലായിരുന്നു. ഇപ്പോൾ തന്നെ ഞാൻ സമതലത്തിന്റെ പകുതിയെങ്കിലും പിന്നിട്ടിരിക്കണം. വിളക്കുകളാണെങ്കിൽ വളരെ അകലെയാണുതാനും. ഇനി ഒരു മണിക്കൂർകൂടി നടന്നാൽ ഞാൻ സമതലം പിന്നിട്ടിരിക്കും.

സമതലത്തിന്റെ നിശ്ശബ്ദതയിൽ കൂടി ഞാൻ നടന്നു. എന്റെ കാൽച്ചുവട്ടിൽ കിടന്നു മരിക്കുന്ന ശബ്ദം മാത്രമായിരുന്നു കൂട്ടിന്.

അപ്പോഴും പാറക്കൂട്ടങ്ങൾക്കപ്പുറത്ത് എനിക്കു വേണ്ടി കാത്തിരുന്ന മനുഷ്യനെക്കുറിച്ച് ഒരു നിമിഷം പോലും ചിന്തിച്ചു സമയം കളയാൻ എനിക്കു തോന്നിയില്ല. എനിക്കു വേണ്ടി കാത്തിരുന്ന് അയാൾ തികച്ചും അക്ഷമനായിരിക്കും. ചിലപ്പോൾ പുലർച്ചെ വരെ കാത്തിരുന്നു തിരിച്ചു പോകുന്ന അയാളുടെ ക്ഷീണിച്ച മുഖഭാവത്തെക്കുറിച്ചു മാത്രം ഞാൻ ആലോചിച്ചു.

സമയം എത്രയായെന്ന് എനിക്കു തീരെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. നാഴികമണിക്കു വളരെ അതീതമാണ് സമതലമെന്നു മാത്രം എനിക്കു മനസ്സിലായി. ഞാൻ നടക്കാൻ തുടങ്ങിയിട്ട് മണിക്കൂറെത്രയായി? നാലോ? ആറോ? എന്തായാലും എനിക്കു തീർച്ചയായിരുന്നു – സമയത്തിനുമുമ്പ് എനിക്ക് തീവണ്ടിയാപ്പീസിൽ എത്താം. ശ്വാസവേഗതയെ പിടിച്ചു മുറുക്കി കാലിന്റെ ചലനങ്ങളിൽ മാത്രം ശ്രദ്ധിച്ചു ഞാൻ നടന്നു.

ഞാൻ നടന്നു—
ഞാൻ നടന്നു—
ഞാൻ നടന്നു—
ഞാൻ നടന്നു—

നീണ്ടു പരന്നു കിടക്കുന്ന സമതലം. വെളിച്ചം അകലെ ഒരു പുകമറവിൽക്കൂടി കാണാം. എന്റെ മുന്നിൽ ഇനിയും അതിർത്തി തെളിയാത്ത സമതലം.

ഞാൻ നടന്നു—
ഞാൻ നടന്നു—
ഞാൻ നടന്നു—

ആകാശത്തിന്റെ നടുവിൽ പൊട്ടി മുളച്ച നക്ഷത്ര വെളിച്ചം സമയം മിക്കവാറും എന്റെ കൈപ്പിടിയിൽ നിന്നും വിട്ടു പോയി എന്ന് എന്നെ മനസ്സിലാക്കി.

സമതലം കടക്കണം. പുഴ കടക്കണം. അതു കഴിഞ്ഞാൽ നിരത്ത്.—യാത്ര. വണ്ടി കിട്ടാതെ വന്നാൽ–; എന്നെക്കാത്ത് കടലാസു കെട്ടുകളും തലയ്ക്കുവെച്ചു കിടക്കുന്ന സ്ത്രീ–.

ഞാൻ ഓടാൻ തുടങ്ങി–
ഞാൻ ഓടി–
ഞാൻ ഓടി–
ഞാൻ ഓടി–

എന്റെ രക്തം ആവിയായി പുറത്തേക്കു പോകുന്നതും, ശ്വാസം തണുത്തുറയുന്നതും, ഞരമ്പുകൾ വലിയുന്നതും, ദേഹം തണുത്തുറയ്ക്കുന്നതും, ഒരു നേരി

യ മയക്കം കൂടൽ മഞ്ഞുപോലെ എന്നെ വലയം ചെയ്യുന്നതും തട്ടിമാററി ഞാൻ ഓടി.

സമതലം തണുത്തുറഞ്ഞു മരവിച്ചു കിടക്കുന്നു. എന്നോടൊപ്പം ഓടിത്തളർന്ന നക്ഷത്രം അകലെ ആകാശത്തിന്റെ ചെരുവിൽ കിടന്നു ശ്വാസം കഴിക്കാൻ പാടുപെടുന്നു.

എന്റെ സമയം കഴിയാറായെന്നും, വണ്ടി ഒരിക്കലും കിട്ടുകയില്ലെന്നും ഓർത്തപ്പോൾ ശക്തിയായി മിടിച്ചു ഹൃദയത്തെ അമർത്തിപ്പിടിച്ചു കെട്ടിയിട്ടു ഞാൻ പറന്നു.

ഞാൻ പറന്നു.
ഞാൻ പറന്നു—
ഞാൻ പറന്നു.

ഏതോ ഒരാഘാതത്തിന്റെ തളർച്ചയിൽ നരച്ച സമതലത്തിൽ ഞാൻ മുട്ടുകുത്തിവീണു. പിടഞ്ഞെഴുന്നേല്ക്കുന്നതിനു മുമ്പായി അകലെയെവിടേയോ ചൂളം വിളിക്കുന്ന തീവണ്ടികളുടെ ശബ്ദം എന്റെ പേശികളെ മരവിപ്പിക്കുകയും കണ്ണുകൾക്കുചുററും കനത്ത ഒരു പുകമറ സൃഷ്ടിക്കുകയും ചെയ്തു.

തളർന്നു, ഞാൻ വീണു.
മയങ്ങി.

മയക്കത്തിന്റെ അവസാനത്തിൽ കണ്ണു തുറന്നപ്പോൾ അയാൾ എന്റെ മുമ്പിലുണ്ടായിരുന്നു. പാറക്കൂട്ടത്തിന്നപ്പുറം എനിക്കു വേണ്ടി കാത്തിരിക്കാമെന്നു് പറഞ്ഞിരുന്ന ആൾ—അയാളുടെ നീണ്ട കൂർത്ത താടിയിലേക്കു നോക്കി ഞാൻ കിടന്നു. എനിക്കു ശബ്ദിക്കാനാവില്ലായിരുന്നു. മഞ്ഞുപോലെ വെളുത്ത പല്ലുകൾ മുഴുവൻ വെളിയിൽ കാണിച്ചു് അയാൾ ചിരിച്ചു. സാവധാനം നീണ്ട വെളുത്ത ഒരു കടലാസ്സ് എന്റെ കൈയ്യിൽ പിടിപ്പിച്ചു. ആയാസപ്പെട്ടു് മുഖത്തോടു് ചേർത്തു് അതിലെഴുതിയിരിക്കുന്ന വലി[illegible]യ അക്ഷരങ്ങൾ വായിക്കാൻ ഞാൻ ശ്രമിച്ചു. ക[illegible]ഞ്ഞില്ല. കടലാസ്സുമാററി അയാളുടെ മുഖത്തു് [illegible] നോക്കിയപ്പോൾ കൈകൾ കൊണ്ടു മുഖം മറച്ചു് [illegible]രിഞ്ഞു നിൽക്കുന്ന അയാളെയാണു് ഞാൻ കണ്ടതു്. [illegible] വിളിക്കാൻ ശ്രമിച്ചപ്പോൾ നാക്കു് തൊണ്ടയിൽ നിന്നും താഴേയ്ക്കു് ഒഴുകിപ്പോവുകയാണെന്നും, എന്റെ ശരീരം മരവിച്ചിരിക്കയാണെന്നും, മനസ്സിലായി. ശ്രമപ്പെട്ടു് കടലാസ്സു് മുഖത്തോടടുപ്പിച്ചു പിടിച്ചു. ഒന്നുകൂടി ആ കടലാസിൽ എഴുതിയതു് വായിക്കാൻ [illegible] ശ്രമം നടത്തി. സമതലത്തിനുമപ്പുറത്തു് കടക്കാൻ [illegible] എന്തെങ്കിലും കുറുക്കുവഴിയായിരിക്കും അതിലെഴുതിയിരിക്കുന്നതെന്നു് ഒരു നേരിയ ആശയെനിക്കു[illegible]യിരുന്നു. അപേക്ഷാസ്വരത്തിൽ അയാളുടെ [illegible] ഒരു നോ[illegible]ത്തേക്കു നോക്കിയപ്പോൾ പുകമറയ്ക്കപ്പുറം നടന്നു പോകുന്ന[illegible]യ നിഴലായി മാറിയ അയാൾ [illegible] കണ്ടു.

അനങ്ങാൻ വയ്യാതെ സമതലത്തിൽ കണ്ണ[illegible]ച്ചു ഞാൻ കിടന്നു. നീണ്ട ചൂളംവിളിയോടെ [illegible]ഞ്ഞു പോകുന്ന തീവണ്ടിയുടെ ശബ്ദം എന്റെ [illegible]ത്തിൽ വന്നലയ്ക്കുന്നതും, തീരെക്കേൾക്കാനാവാ[illegible] വരുന്നതും ശ്രദ്ധിച്ചു്, നിസ്സഹായനായി ആ[illegible] ഞാൻകിട[illegible] നോക്കി ആ[illegible]ത്തിന്റെ ചെരുവിലേയ്ക്കു്, കൈയ്യെത്തിപ്പിടിക്കാൻ അത്രയടുത്തായിരുന്ന ആ[illegible]ശം—

ശൂന്യമായിരുന്ന ആകാശം — നക്ഷത്രങ്ങ[illegible] മരിച്ചു കഴിഞ്ഞിരുന്നു.

...

CHELUR CORPORATION
M. G. ROAD, COCHIN-16
HOUSE OF OFFICE MACHINES & EQUIPMENTS
Branch at: Sita Bhavan, Chettikulangara, Trivandrum-1
Dealers: Chelur Agencies
Calicut, Coimbatore and Mangalore.

കൂർത്തുമൂർത്ത കല്ലുകളുള്ള അമ്പലമുററങ്ങളിൽ അവനെക്കൊണ്ടു ചംക്രമണവന്ദനവും സാഷ്ടാംഗ നമസ്കാരവും നടത്തിക്കുന്നു. പരുപരുത്ത പള്ളിവരാന്തകളിൽ അവനെ മുട്ടിട്ടിഴയിക്കുന്നു. ഇരുണ്ട മോസ്ക്കുകളിൽ അവനു് തലനിലത്തിട്ടടിച്ചു് നിസ്ക്കരിക്കേണ്ടിയിരിക്കുന്നു...ചക്ക തല്ലി പഴുപ്പിക്കുന്നതു പോലെ സമൂഹം അവനെ പാകമാക്കുന്നു.

# വെറും അടിമ

ഹത്രൺ

രണ്ടു കാലുകളിൽ നടക്കുകയും ഉപജീവനത്തിനായി അദ്ധ്വാനിക്കുകയും ചെയ്യുന്ന മനുഷ്യക്കു് ചങ്ങലയ്ക്കിട്ട നാല്ക്കാലികളുമായിട്ടു് എന്താണു് വ്യത്യാസം?

നാല്ക്കാലികൾ മനുഷ്യവർഗ്ഗത്തിന്റെ അടിമകളാണെങ്കിൽ നാം മററു ചിലതിന്റെ അടിമകൾ. കുടുംബത്തിന്റെയോ, രക്തബന്ധങ്ങളുടെയോ, സംഘടനകളുടെയോ ഭരണകൂടത്തിന്റെയോ അടിമകൾ. നമുക്കൊക്കും തന്നെ സ്വാതന്ത്ര്യമായി ഈ അടിമത്വത്തിനെതിരായി സംസാരിക്കുവാനോ പഴഞ്ചൻ സിദ്ധാന്തങ്ങൾക്കെതിരെ പ്രവർത്തിക്കുവാനോ സാധിക്കുമോ?

ഇല്ല. നമുക്കു് സാധിക്കുകയില്ല; നാം അസ്വതന്ത്രരാണു്. ചങ്ങലക്കിട്ട മനുഷ്യർ.

## ജനനം, ഒരു ശാപം

നാം അടിമകളായി ജനിക്കുന്നു. നമ്മെ അടിമകളാക്കി വളർത്തുന്നു. ഒരു കുട്ടി ജനിച്ചു് മരിക്കുന്നതുവരെ ശുദ്ധവായു ശ്വസിച്ചു് ജീവിക്കാൻ അവനു സാദ്ധ്യമല്ല. പിറന്നു് ഏഴു ദിവസങ്ങൾക്കുള്ളിലും, മരിച്ചു് പതിനഞ്ചു ദിവസങ്ങൾക്കുള്ളിലും അവൻ സർക്കാരിനെ മുഖം കാണിച്ചിരിക്കണം.

## മതം

പിന്നെ മതത്തിന്റെ അവസാനിക്കാത്ത ആചാരങ്ങളാണു്. ആദ്യപടിയായി ആ ചോരക്കുഞ്ഞിനെ മരം കോച്ചുന്ന മഞ്ഞുകാലപ്രഭാതത്തിൽ മാമ്മോദീസാ വെള്ളത്തിൽ മുക്കിത്താഴ്ത്തുന്നു. മൂർച്ചയേറിയ ഉരുക്കുകത്തികൾകൊണ്ടു് അവന്റെ ജനനേന്ദ്രിയങ്ങൾ വെട്ടിമുറിക്കുന്നു. വാവിട്ടലറുന്ന അവന്റെ കരുന്നു നാക്കിൽ കൂർത്ത ശൂലങ്ങൾ കുത്തിയിറക്കുന്നു. ആ കുഞ്ഞിന്റെ തലയിലെ നനുത്ത ചെമ്പൻ രോമങ്ങൾ വടിച്ചു മാററുന്നു. (അവനൊരു വിശുദ്ധനോ, മുരുകനോ, നബിയോ ആയെങ്കിലോ!) ഗോമാതാവിന്റെ മലമൂത്രങ്ങളുടെ മിശ്രിതം നിർബന്ധിച്ചു തീററിക്കുന്നു. കൂർത്തുമൂർത്ത കല്ലുകളുള്ള അമ്പലമുററങ്ങളിൽ അവനെക്കൊണ്ടു ചംക്രമണ വന്ദനവും സാഷ്ടാംഗ നമസ്കാരവും നടത്തിക്കുന്നു. പരുപരുത്ത പള്ളിവരാന്തകളിൽ അവനെ മുട്ടിട്ടിഴയിക്കുന്നു. ഇരുണ്ട മോസ്ക്കുകളിൽ അവനു് തല നിലത്തിട്ടടിച്ചു് നിസ്ക്കരിക്കേണ്ടിയിരിക്കുന്നു.

ചക്ക തല്ലിപ്പഴുപ്പിക്കുന്നതുപോലെ സമൂഹം അവനെ പാകമാക്കുന്നു.

## ഹേമമാലിനിയുടെ കൂർത്ത നഖം

മതങ്ങളുടെ ക്ഷുദ്രനിയമങ്ങളിൽക്കൂടി നീന്തിത്തുടിച്ചു് വരുന്ന ആ വിജ്ഞാനദാഹിക്കു് വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നു കിട്ടുന്ന സ്വീകരണമെന്താണു്?

തടിയൻ ചൂരലുകൾ കൊണ്ടു നടക്കുന്ന ഭീകരരൂപികളായ അദ്ധ്യാപകന്മാർ. അവർ അവനെ ആഞ്ഞ് പ്രഹരിക്കുന്നു. സ്വന്തം കുടുംബബന്ധങ്ങളുടെ ഭാരത്താൽ വിങ്ങിപ്പൊട്ടുന്ന, സമരങ്ങളുടെ വേലിയേററത്തിൽ മുങ്ങിക്കുളിക്കുന്ന, മാനേജുമെൻറിൻെറ ശിക്ഷണ നടപടികൾക്കു വിധേയരാകുന്ന അവരുടെ പതഞ്ഞു പൊങ്ങുന്ന കോപവും വെറുപ്പും പിന്നെ ആർക്കെതിരെയാണ് തിരിച്ചു വിടേണ്ടത്!

പിന്നെ കൂർത്തുനീണ്ട നഖങ്ങളുപയോഗിച്ച് ആ പിഞ്ചു കുട്ടിയെ എപ്പോഴും മുറിപ്പെടുത്തുന്ന അദ്ധ്യാപികമാർ. ഹേമമാലിനിയുടേയും, വൈജയന്തിമാലയുടേയും വസ്ത്രവിശേഷങ്ങളെ അനുകരിക്കുന്ന യക്ഷികൾ.

അദ്ധ്യാപിക– അദ്ധ്യാപകന്മാരുടെ സൊള്ളലുകൾ!

ഒടിഞ്ഞു തകർന്ന ബെഞ്ചിലിരിക്കുന്ന ആ കുട്ടി എപ്പോഴും ജാഗ്രതയോടെ ഇരിക്കേണ്ടിയിരിക്കുന്നു. ഏതു നിമിഷവും തകർന്നു തലയിൽ വീഴാവുന്ന ജീർണ്ണിച്ച സ്കൂൾ കെട്ടിടം. അവൻ ഭീതിതനാണ്. അമ്പരപ്പോടെ നാലുപാടും നോക്കാനേ അവനു പററൂ. അടിമ.

അങ്ങനെ വലുതായി വരുമ്പോൾ അവൻ രാഷ്ട്രീയക്കാരെ കണ്ടുമുട്ടുന്നു. ആയുധങ്ങളും ആശയങ്ങളും വേണ്ടുവോളമുള്ളവർ. അവരുടെ വിദ്യാർത്ഥി സംഘടനയിൽ അവർ അവനെ ചേർത്തു. വിപ്ലവവും ഗാന്ധിസവും, അലറിക്കൊണ്ടവർ അവനിലേക്കടിച്ചു കയറുന്നു. അവരുടെ നെടുനെടുങ്കൻ പ്രസംഗങ്ങൾ കേൾക്കാൻ സമയമില്ലാതെ എങ്ങനെയും വീടെത്താൻ ധൃതിപ്പെട്ട് ബസ്സിൻെറ ഫുട്ട്ബോഡിനു വെളിയിൽ അർദ്ധപ്രാണനായി തൂങ്ങിക്കിടക്കുന്ന അവനെ ബസ്സുകൾ തടഞ്ഞിട്ട് അവർ നിർബന്ധമായി പ്രസംഗങ്ങൾ കേൾപ്പിക്കുന്നു.

## വളർച്ചയുടെ അന്ത്യം

വളർന്നു വളർന്ന് അവനൊരു ഗുമസ്തനോ പകർത്തെഴുത്തുകാരനോ ആയിത്തീരുന്നു. ചിതലരിക്കുന്ന ഫയലുകൾക്കിടയിൽ ഊളിയിടുന്ന അവനെ ഏതെങ്കിലും അസോസ്സിയേഷനോ യൂണിയനോ കൊളുത്തിയെടുക്കുന്നു. ടി. എ യ്ക്കും ബോണസ്സിനും പ്രോവിഡൻറ് ഫണ്ടിനും ഗ്രാററുവിററിയ്ക്കും വേണ്ടി– അവ കൂട്ടാനും കുറയ്ക്കാനും ഇരട്ടിപ്പിക്കാനും വേണ്ടി, അവനും സമരം ചെയ്യുന്നു.

## അവസാനത്തെ കുരുക്കുകൾ

ഗുമസ്തന് വീട്ടിൽ രക്ഷയുണ്ടോ? അച്ഛൻ, അമ്മ എന്നീ ജയിൽ വാർഡന്മാർക്ക് ഒരു കണ്ണിക്കല കാണാൻ പെട്ടെന്നൊരു മോഹം. വേണ്ടി വന്നാൽ ഇതിനായി അവർ അവനെ പട്ടിണിക്കിടുകയോ ദേഹോപദ്രവം ഏൽപ്പിക്കുകയോ പോലും ചെയ്യും. (പെണ്ണാണെങ്കിൽ നിസ്സംശയം!) അടുത്ത വീട്ടിലെ ജാനകിയമ്മ അവരുടെ മരുമകൾക്കെതിരെ ചൊരിയുന്ന ശകാര വർഷങ്ങൾ കേട്ട് തിമിരം ബാധിച്ച അവൻെറ അമ്മയ്ക്ക് ഒരു മോഹമുണ്ടായതാണ്– ഞങ്ങൾക്കും വേണ്ടേ ഒരു മരുമകൾ?

അങ്ങനെ ഭാര്യ എന്ന കുരുക്കുകൂടിയായി. പന്ത്രണ്ടു കാഷ്വൽ ലീവും പത്തു ഹാഫ്പേ ലീവും ഏഴ് കമ്മ്യൂട്ടഡ് ലീവും അപഹരിച്ചു കൊണ്ട് അവൻെറ വിവാഹം കടന്നു പോയി.

അവൻെറ പത്രം വായന മുടങ്ങി, സിനിമാകാണൽ മുടങ്ങി, ചീട്ടുകളി മുടങ്ങി. അവന് റോഡിലേക്കു നോക്കിക്കൂടാ. അടുത്ത വീട്ടിലെ ശോശാമ്മയോട് സംസാരിച്ചു കൂടാ. എല്ലാത്തിലും [illegible] സംശയങ്ങൾ; എപ്പോഴും വഴക്കുകൾ. എല്ലാ സ്വാതന്ത്ര്യങ്ങളും അസ്തമിച്ചു. തലയിണ മന്ത്രങ്ങൾ കേട്ട് അവൻെറ ചെവികൾ അടഞ്ഞു കഴിഞ്ഞു.

വെള്ളം കോരലും അലക്കും വീട്ടു ജോലികളും കഴിഞ്ഞ് അവൻ ഓഫീസിലെത്തുമ്പോൾ എന്നും ലേററാകും. തടിച്ച മരുന്നു കുപ്പികളുമേന്തി ആശുപത്രികളിലെ അവസാനിക്കാത്ത ക്യൂവിൽ മണിക്കൂറുകളോളം നിന്ന് അവൻെറ തോളെല്ലുകൾ വളഞ്ഞു തുടങ്ങി, തല കുനിഞ്ഞു തുടങ്ങി. സന്ധ്യാനേരങ്ങളിൽ റേഷൻ കടയുടെ തിരക്കുള്ള കൗണ്ടറുകൾക്കു മുന്നിൽ നിന്ന് അവിടത്തെ ഓരോ മണൽത്തരിയേയും അവൻ പരിചയപ്പെട്ടു. വർഷാവർഷം ജനിക്കുന്ന അവൻെറ ഓരോ കുട്ടികൾക്കും വേണ്ടി പുതിയ പേരുകളന്വേഷിച്ച് എല്ലാ മാസികകളും വീക്കിലികളും അവൻ പരതി നടന്നു. ഓണത്തിനും, വിഷുവിനും, ക്രിസ്തുമസ്സിനും, ബക്രീദിനും, മേലുദ്യോഗസ്ഥന് അല്ലെങ്കിൽ വീട്ടുമുറ്റത്ത് കാഴ്ചകൾ കൊണ്ടു പോകാനായി അവൻ തൻെറ ഇൻക്രിമെൻറുകൾ ചെലവാക്കി.

## പൗരത്വം എന്ന മിഥ്യ

അവൻ സ്വതന്ത്രഭാരതത്തിലെ പൗരനായിപ്പോയി. വോട്ടുകൾക്കും സംഭാവനകൾക്കുമായി രാഷ്ട്രീയക്കാർ അവനു മുൻപിൽ മഞ്ഞച്ച പല്ലുകളും വളിച്ച പുഞ്ചിരികളുമായി വന്നു നിന്നു. തേനും പാലും

ഇന്ത്യൻ ദേശീയധനത്തിൻെറ 80%വും എഴുപത്തഞ്ചോളം കുത്തകകളുടെ അധീനതയിലാണ് എന്നതാണ് സത്യം. ധനശക്തിയുടെ കേന്ദ്രീകരണം അപരിമേയമായ വേഗതയിൽ തുടരുകയാണിന്നും. ഈ ഭയാനകമായ കേന്ദ്രീകരണത്തിൻെറ ഫലമായി സാമാന്യജനത കൂടുതൽകൂടുതൽ ദരിദ്രവൽക്കരിക്കപ്പെട്ടുകൊണ്ടിരിയ്ക്കുകയാണ്.

# 'സ്വാതന്ത്ര്യഭാരതം'

പി. എൻ. ആർ. പിഷാരടി

നൂററാണ്ടുകാം നീണ്ടു നിന്ന വൈദേശികാധിപത്യത്തിനു ശേഷം 1947ൽ ഭാരതം സ്വതന്ത്രയായി. പക്ഷേ അവളെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം രാഷ്ട്രീയാർത്ഥത്തിൽ മാത്രമായിരുന്നു. 1944നു ശേഷമുള്ള ഇന്ത്യൻ സമൂഹത്തിന് സാമൂഹ്യമായോ, സാമ്പത്തികമായോ സ്വാതന്ത്ര്യം ലഭിച്ചിട്ടില്ലെന്നുള്ള യാഥാർത്ഥ്യത്തിലേയ്ക്കു് വെളിച്ചം വീശുവാനാണ് ഞാനിവിടെ ശ്രമിയ്ക്കുന്നതു്.

1951 മുതലാണ് സംഘടിതവും ആസൂത്രിതവുമായ വികസന മാർഗ്ഗങ്ങൾ ഇന്ത്യ അംഗീകരിച്ചതു്. 'സമ്മിശ്ര സമ്പദ്' വ്യവസ്ഥിതിയെ മുൻനിറുത്തിയാണ് ആസൂത്രകർ പഞ്ചവത്സര പദ്ധതികൾക്കു രൂപം നല്കിയതു്. മുതലാളിത്തത്തിന്റേയും, സോഷ്യലിസത്തിന്റേയും ദോഷഫലങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനാണത്രെ മിശ്രസമ്പദ് വ്യവസ്ഥയ്ക്കു് രൂപം നല്കിയതു്.

1951 മുതൽ 1966വരെ മൂന്നു പഞ്ചവത്സര പദ്ധതികളും, പിന്നീട് മൂന്നു ഏക വർഷ പദ്ധതികളും നടപ്പിലാക്കപ്പെട്ടു കഴിഞ്ഞു. 1969 മുതലാരംഭിച്ച നാലാം പദ്ധതി അതിൻെറ അവസാനത്തോടടുത്തുകൊണ്ടിരിയ്ക്കുന്നു. ഈ കാലയളവിനുള്ളിൽ നമുക്ക് വിവിധ രംഗങ്ങളുണ്ടായ പുരോഗതി ഗണനീയമല്ലെങ്കിലും തീരെ കുറവല്ല. വ്യവസായികോല്പാദനം വർദ്ധിച്ചിട്ടുണ്ട്. വാണിജ്യ, ഗതാഗത രംഗങ്ങളും വാർത്താവിതരണ രംഗങ്ങളും പുരോഗതി പ്രാപിച്ചിട്ടുണ്ട്. തത്ഫലമായി മൊത്തം വാർഷിക ദേശീയ വരുമാനം വർദ്ധിച്ചു. എന്നാൽ ജനസംഖ്യയിലുണ്ടായ ക്രമാതീതമായ വർദ്ധനവു മൂലം വാർഷിക പ്രതിശീർഷവരുമാനത്തിൽ ആശാവഹമായ പുരോഗതിയുണ്ടായില്ല. സമ്പദ് വ്യവസ്ഥിതിയിൽ ഘടനാപരമായ മാററം തന്നെ സൃഷ്ടിയ്ക്കപ്പെട്ടിട്ടുണ്ട്.

സാമ്പത്തിക രംഗത്തെ പുരോഗതിയുടെ ഫല

---

ഴുകുന്ന സൗഭാഗ്യങ്ങളുടെ നല്ല നാളെയെക്കുറിച്ച് അവർ ദീർഘമായി അവനെ ബോറടിച്ചു ശിക്ഷിച്ചു.

## ത്ത്മഹത്യ

ഒരുമുടികയററിൽ ജീവിതം അങ്ങവസാനിപ്പിച്ചുകിലോ? എന്നാലും സമൂഹം വെറുതെ വിടില്ല. അവന്റെ വെളുത്തു വിളറിയ തല അവർ തല്ലിപ്പൊളിച്ചു, ചീഞ്ഞു തുടങ്ങിയ ശരീരഭാഗങ്ങൾ വരഞ്ഞു

കീറി, പിന്നീട് കൂട്ടിത്തുന്നും. മണിക്കൂറുകൾ നീളുന്ന, ഇഴഞ്ഞ സ്വരത്തിലുള്ള കരച്ചിലുകൾ താളലയവിന്യാസങ്ങളോടു കൂടി സമൂഹം അവനു വേണ്ടി ഒരുക്കി വെച്ചിരിക്കുന്നു. അവസാനം അവനെ കെട്ടിവലിച്ച് ആഴമുള്ള കുഴിയിൽ പെട്ടിയിലടച്ച് സൂക്ഷിക്കുന്നു– എന്നുമെന്നും സമൂഹത്തിൻെറ അടിമയായിരിക്കാൻ.

—

ങ്ങളും, ആരെയാണ് അനുഗ്രഹിച്ചത് എന്നതാണ് ചിന്തനീയമായ പ്രശ്നം. നമ്മുടെ സാമ്പത്തിക വികാസത്തിന്റെ ചരിത്രം പഠിക്കുന്ന ഏതൊരു വ്യക്തിക്കും സംശയരഹിതമായി മനസ്സിലാക്കാൻ കഴിയുന്ന ഒരു സത്യമുണ്ട്; അതിതാണ്: പുരോഗതിയുടെ സത്ഫലങ്ങൾ അനുഭവിക്കുന്നത് മുഖ്യമായും വളരെക്കുറച്ച് ആളുകളാണ്, ഒരു പിടി മുതലാളിമാരാണ്. ഇന്ത്യൻ ദേശീയധനത്തിന്റെ (National-wealth) ന്റെ 80% വും ഏഴുപത്തഞ്ചോളം കുത്തകകളുടെ, അധീനതയിലാണ് എന്നതാണ് സത്യം. ധന ശക്തിയുടെ കേന്ദ്രീകരണം അപരിമേയമായ വേഗതയിൽ തുടരുകയാണിന്നും. ഈ ഭയാനകമായ കേന്ദ്രീകരണത്തിന്റെ ഫലമായി സാമാന്യ ജനത കൂടുതൽ കൂടുതൽ ദരിദ്രവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. 'ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് നിലനിൽക്കുന്നിടത്തോളം കാലം, അഹിംസാത്മകമായ ഭരണകൂടം സ്ഥാപിക്കുക എന്നത്, അസാദ്ധ്യമായിരിക്കുമെന്ന ഗാന്ധിവചനം ഈയവസരത്തിൽ സ്മരണീയമാണ്.

ഇതിനെല്ലാം പുറമെ കള്ളപ്പണം പ്രചുരപ്രചാരം നേടിയെടുത്തിരിക്കുകയാണ്; ഇന്ത്യൻ സമ്പദ് വ്യവസ്ഥിതിയിൽ. ഉറച്ച സാമ്പത്തിക ഘടനക്ക് ഭീഷണിയാകത്തക്കവിധത്തിൽ, കള്ളപ്പണത്തിന്റെ 'സമാന്തര സമ്പദ് വ്യവസ്ഥ' വളർന്നു കഴിഞ്ഞിട്ടുണ്ടെന്ന് അധികാരി വർഗ്ഗം തന്നെ സമ്മതിച്ചിരിക്കുന്നു. ഇതു കൊണ്ടുണ്ടായിട്ടുള്ളതെന്താണ്? സാധനങ്ങളുടെ വില കാര്യമായി കുതിച്ചുകയറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ വേണം വാർഷിക ദേശീയ വരുമാനത്തിലുണ്ടായ വർദ്ധനവ് എന്ന മാനദണ്ഡമുപയോഗിച്ച് സാമ്പത്തിക വികാസത്തെ അളക്കുവാൻ. ദേശീയ വരുമാനത്തിലുണ്ടായ ഗണനീയമായ വർദ്ധനവിനു കാരണം പണപ്പെരുപ്പവും തൽസൃഷ്ടിയായ വിലക്കയറ്റവുമാണ്. യഥാർത്ഥ വർദ്ധനവ് വളരെ ചെറുതാണ്. രൂപയുടെ ക്രയശക്തി ക്ഷയിച്ചതും ഇക്കാരണങ്ങളാലാണ്.

ഏറ്റവും രൂക്ഷമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ള മറ്റൊരു പ്രശ്നമാണ് തൊഴിലില്ലായ്മ. മുതലാളിത്ത വികസന മാർഗ്ഗത്തിന്റെ എല്ലാ പ്രത്യാഘാതങ്ങളും ഇന്ത്യൻ വ്യവസ്ഥിതിയിൽ സംജാതമായിട്ടുണ്ട്. വികസിത രാജ്യങ്ങളായ അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ മുതലാളിത്തരാഷ്ട്രങ്ങളിൽ സാമ്പത്തിക പ്രതിസന്ധിയും വൻതോതിൽ തൊഴിലില്ലായ്മയും സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

മിശ്ര സമ്പദ് നയത്തിന്റെ പാപ്പരത്തം വ്യക്തമാകുന്നുണ്ടിവിടെ. മുതലാളിത്ത– സോഷ്യലിസ്റ്റ് വ്യവസ്ഥിതികളുടെ ദോഷഫലങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനു പകരം, മുതലാളിത്ത വികസന മാർഗ്ഗം തുടർന്നതിന്റെ ഫലമായി മുതലാളിത്തത്തിന്റെ എല്ലാ ദോഷ ഫലങ്ങളും കിട്ടിയിട്ടുണ്ട് ഇന്ത്യൻ സാമൂഹ്യവ്യവസ്ഥിതിക്ക്.

സാക്ഷരതയുടെ നിരക്ക് ആശാസ്യമായി വർദ്ധിച്ചിട്ടില്ല. വിദ്യാഭ്യാസത്തിന്റെ കുറവുമൂലം, ഭാരത ജനത, എത്രയെത്ര അവാന്തര വിഭാഗങ്ങളായി ഭിന്നിച്ചു കിടക്കുകയാണ്. ജാതി, മത സങ്കുചിതത്വങ്ങൾ അവരിൽ നിന്നൊഴിഞ്ഞു പോയിട്ടില്ല. ഇത്തരം സാഹചര്യങ്ങളെ മുതലെടുക്കുവാൻ വേണ്ടിയല്ലേ നമ്മുടെ ഭരണാധികാരികൾ വിദ്യാഭ്യാസം സാർവ്വജനീയമാക്കാത്തത് എന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. അടുത്തകാലത്ത് ഉയർന്നു വന്നിട്ടുള്ള ദേശീയ വിഘടനമായ 'മണ്ണിന്റെ മക്കൾ നയത്തിനു' ഭരണ വർഗ്ഗത്തിന്റെ ഗൂഢ പരോക്ഷമായ പിൻതുണയുണ്ടെന്ന സംഗതിയും ദുഃഖകരമാണ്.

'സ്വാതന്ത്ര്യ' ഇൻഡ്യയെക്കുറിച്ചുള്ള മധുരോദാര സങ്കല്പങ്ങൾ എല്ലാവരുടേയും മനസ്സിൽ നിന്ന് മാഞ്ഞുപോയിക്കഴിഞ്ഞിരിക്കുന്നു. പകരം അവരുടെ മനസ്സിൽ വെറുപ്പും വിദ്വേഷവും, അസംതൃപ്തിയും പ്രതിഷേധവും ഘനീഭൂതമായി നിൽക്കുകയാണ്. വിസ്ഫോടനാത്മകമായ ഒരഗ്നിപർവ്വതം പോലെ പുകഞ്ഞുകൊണ്ടിരിക്കുകയാണ് ഇന്ത്യൻ സമൂഹം.

യുവതലമുറക്കിന്നൊരു കടമയുണ്ട്, കർത്തവ്യമുണ്ട്. 'ധീര നൂതന ലോകം' കെട്ടിപ്പടുക്കുക എന്നതാണത്. നമ്മുടെ സാമൂഹ്യവ്യവസ്ഥയുടെ പരമാർത്ഥവും കടുത്തതുമായ യാഥാർത്ഥ്യങ്ങളെക്കുറിച്ച് എല്ലാവരേയും ബോധവാന്മാരാക്കുകയും, അവരെ സംഘടിപ്പിച്ച്, അനീതിക്കും അസമത്വത്തിനും എതിരെ പോരാടുകയും ചെയ്യണം. ഈയവസരത്തിൽ അലസരാകുന്നത് ആത്മഹത്യാപരമാണെന്ന് എനിക്കു തോന്നുന്നു. നവ ലോക സൃഷ്ടിക്കുവേണ്ടി പോരാടുവാൻ ജീവിതത്തിന്റെ എല്ലാം രംഗത്തുമുള്ള യുവാക്കൾ തയ്യാറാവണം. ഇതാണ് ഭാരതത്തിന്റെ ഇന്നത്തെയാവശ്യം.

ലോക ചരിത്രത്തിൽ ഇന്നേവരെയുണ്ടായിട്ടുള്ള പ്രധാനവും അപ്രധാനവുമായ സംഭവ പരമ്പരകൾ പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു– സാമൂഹ്യ–സാമ്പത്തിക രംഗത്ത് പുരോഗമനപരമായ പരിവർത്തനം അനിവാര്യമാണ്. ഈ മാറ്റത്തെ ത്വരിതപ്പെടുത്തുന്ന ഒരു 'Catalyst' ന്റെ പ്രവൃത്തിയായിരിക്കണം നമ്മുടേത്.

—

വരമ്പിന്റെ അററത്തുള്ള വീടിന്റെ മുമ്പിലെത്തിയപ്പോൾ
ശിവരാമൻ നിന്നു. ചുററും നോക്കി. പതുക്കെ ചെററയിൽ മുട്ടി
ശബ്ദം കുറച്ചുവിളിച്ചു 'ജാനമ്മേ'
വാതിൽ തുറക്കുന്നതിന്റെ കരകര ശബ്ദം.
'കേറിക്കോ സാറെ'

# ഉത്രാടം

സന്തോഷ് കെ. പി.

വീതി കുറഞ്ഞ ഇടവഴി. ഒരു വശം മുഴുവൻ കുഴിച്ചിട്ടിരിക്കുകയാണ്. പൈപ്പ് ലൈൻ ഇടാനാണത്രെ. കാറു കടന്നു പോകാൻ വളരെ പ്രയാസം. ഡ്രൈവർ വണ്ടിനിർത്തിയപ്പോൾ ഇറങ്ങി. ഇനിയുള്ള വഴി നടക്കാം. ഡ്രൈവർക്ക് പൈസ കൊടുത്തു. എയർ ബാഗ് എടുത്തു. ലഗ്ഗേജായിട്ട് അതു മാത്രമേയുള്ളൂ. വളരെക്കുറച്ച് സാധനങ്ങളേ എടുത്തുള്ളൂ. രണ്ട് മുണ്ടും ഷർട്ടും, പിന്നെ അമ്മയ്ക്ക് വീതിക്കരയൻ മുണ്ടും കസവിന്റെ നേര്യതും. ചേച്ചിക്ക് ഒരു സാരി. മിനിമോൾക്ക് ഉടുപ്പും ബിസ്ക്കററും. ക[illegible]. മിനിമോൾ തന്നെ അറിയുമോ? എങ്ങിനെ അറിയാനാണ്. കൊല്ലത്തിൽ ഒരിക്കൽ വരുന്ന മാമനെ അവൾ എങ്ങിനെ അറിയും?

വല്ലാത്ത തണുപ്പ് തോന്നി. പോക്കററിൽ നിന്നും സിഗരററ് തപ്പിയെടുത്തു വലിച്ചു. വാച്ചു നോക്കി. മണി അഞ്ചാകുന്നേയുള്ളൂ. അമ്മ ഉണർന്നുകാണുമോ? അമ്മയ്ക്ക് വല്ലാത്ത അത്ഭുതമായിരിക്കും. വരില്ലെന്നായിരിക്കും പ്രതീക്ഷിച്ചിരിക്കുക. ലീവുകിട്ടാൻ വിഷമമാണെന്ന് എഴുതിയിരുന്നു. ഏതായാലും ഇന്ന് അമ്മയെ അത്ഭുതപ്പെടുത്തണം.

തണുത്ത കാററ്. മഞ്ഞിന്റെ ചെറിയ കഷണങ്ങൾ ദേഹത്തു വന്നടിച്ചു. കർച്ചീഫെടുത്തു മുഖം തുടച്ചു. വേഗം നടന്നു. മഞ്ഞ് അധികം കൊള്ളുന്നതിനു മുമ്പു വീട്ടിലെത്തണം.

ഇടവഴി അവസാനിക്കുന്നിടത്ത് പാടം തുടങ്ങുന്നു. ചെറിയ നിലാവുണ്ട്. നിലാവിൽ വരമ്പു കാണാൻ നല്ല രസം. വരമ്പിൽക്കൂടി നടക്കാൻ ചെറുപ്പത്തിലേ പഠിച്ചതാണ്.

വരമ്പവസാനിക്കുന്നതു് വീടിന്റെ പടിക്കലാണ്. ദൂരെ വച്ചു തന്നെ കണ്ടു. വീട്ടിൽ വിളക്കു തെളിച്ചിട്ടുണ്ട്. അമ്മ ഉണർന്നു കാണും. രാവിലെ ഉണരുന്നതു് അമ്മയുടെ പണ്ടേയുള്ള സ്വഭാവമാണ്. എത്ര തണുപ്പായാലും പച്ചവെള്ളത്തിൽ മുങ്ങിക്കുളിച്ചിട്ടേ അമ്മ അടുക്കളയിൽ കയറൂ.

വാരികൾ ഏച്ചുകെട്ടിയ പടി വേലിയോടു ചേർത്തു കെട്ടിയിരുന്നതു് അഴിച്ചു. സ്വന്തം മണ്ണിൽ കാലു കുത്തിയപ്പോൾ സന്തോഷം തോന്നി. വർഷത്തിലൊരിക്കൽ തോന്നുന്ന സന്തോഷം!

മുററത്തു-കുട്ടികളായിരിക്കും. ഇഷ്ടിക കൊണ്ട് തറകെട്ടിയിരിക്കുന്നു. അതിൽ തൃക്കാക്കര അപ്പന്മാരെ അണിയിച്ചു നിർത്തിയിരിക്കുന്നു. പെട്ടെന്ന് കുട്ടിക്കാലത്തെക്കുറിച്ചോർത്തു. അന്നൊക്കെ ഓണത്തിനു് എന്തുത്സാഹമായിരുന്നു. ഇന്ന് ഓർക്കുവാൻ രസം തോന്നുന്നു.

പഴക്കമേറിയ ഇളക്കക്കല്ലുകൾ ചവിട്ടി വരാന്തയിലേക്ക് കടന്നപ്പോൾ ആദ്യമായി കണ്ടതു് അച്ഛന്റെ ഫോട്ടോ ആണ്. ഒരു നിമിഷം അതിൽ തന്നെ നോക്കി നിന്നു. ഫോട്ടോയിൽ മാത്രം കണ്ടിട്ടുള്ള അച്ഛൻ. തനിക്കു മൂന്നു വയസ്സുള്ളപ്പോഴാണത്രെ മരിച്ചതു്.

പതുക്കെ വാതിലിൽ മുട്ടി. ആരോ നടന്നു വരുന്ന ശബ്ദം. അമ്മയായിരിക്കുമോ? വാതിൽ തുറന്നതു് ചേച്ചിയാണ്. സാരി വലിച്ചുകൊണ്ട് മിനിമോൾ. ചേച്ചിക്കും അത്ഭുതമാണ്.

“നീ വരില്ലാന്നാണല്ലോ അമ്മ പറഞ്ഞെ. മോള് ഓടിപ്പോയി മുത്തശ്ശിയോട് പറ മാമൻ വന്നെന്ന്”

അതിനു മുമ്പ് അമ്മ വന്നു കഴിഞ്ഞു. ഒച്ച കേട്ടിട്ടാവും.

“ഈയാണ്ട് ഓണം നീയില്ലാണ്ട് കഴിയുന്നാ തോന്നേ... നീ വല്ലാണ്ടിരിക്കണല്ലോ... ന്താ, അവിടെ തീറ്റേം കുടീം ഒന്നും കിട്ടൂല്ലേ?”

അമ്മ പുറത്തും തലയിലും തലോടിയപ്പോൾ നാണം തോന്നി. ഇപ്പോഴും കൊച്ചു കുട്ടിയാണെന്നാണ് അമ്മയുടെ ഭാവം.

എയർ ബാഗ് തുറന്നു. മുണ്ടും നേര്യതും അമ്മക്ക് എടുത്തു കൊടുത്തു.

“ഓ ഇതൊന്നും വേണ്ടീരുന്നില്ല. വെറുതെ കാശു കളഞ്ഞു. എനിക്കിനി ഓണക്കോടി ആരെക്കാണിക്കാനാ?”

എങ്കിലും അമ്മയുടെ കണ്ണുകളിൽ സംതൃപ്തിയുടെ തിളക്കം!

‘ഞാൻ അയച്ച എഴുത്തു കിട്ടിയോ?’ ചേച്ചി.
‘കിട്ടി.’

‘വിശേഷമൊക്കെ പിന്നെ പറയാം നീ പോയി കുളിച്ചിട്ടുവാ.’

തണുപ്പത്തു കുളിക്കുന്ന കാര്യമോർത്തപ്പോൾ വിഷമം തോന്നി. എങ്കിലും അമ്മയെ അനുസരിക്കാതിരിക്കാൻ തോന്നിയില്ല. അമ്മ എണ്ണ എടുത്തു തന്നു. കയ്യുണ്ണ്യത്തിന്റേയും കർപ്പൂരത്തിന്റേയും വാസനയുള്ള എണ്ണ. അമ്മ അടുത്തു വന്നാലും ഈ വാസനയാണ്.

ഉടുപ്പു മാറ്റി. എണ്ണ തേച്ചു. സോപ്പും തോർത്തും കൊണ്ടു വന്നു തന്നത് മിനിമോളാണ്. ചേച്ചി കൊടുത്തയച്ചതായിരിക്കും. സോപ്പും തോർത്തുമെടുത്തു പുറത്തേക്കിറങ്ങി. തൊടിയുടെ പടിഞ്ഞാറെ അറ്റത്താണ് കുളം. നേരം നല്ലവണ്ണം വെളുത്തിരിക്കുന്നു. കുണ്ടിച്ചെമ്പിന്റെ ഇലകളിൽ മഞ്ഞിന്റെ ചെറിയ തുള്ളികൾ.

കുളക്കടവിലിട്ടിരുന്ന അലക്കുകല്ലിൽ ചവിട്ടി നിന്നു. വേലിക്കു പുറത്തുള്ള വയലിൽ കൊയ്ത്തു കഴിഞ്ഞിരിക്കുന്നു. വരമ്പിൽ വളർന്നു നില്ക്കുന്ന പുല്ലുകളിൽ മഞ്ഞുതുള്ളികൾ തിളങ്ങുന്നു. വരമ്പിന്റെ അങ്ങേ അറ്റത്തുള്ള കുടിലുകൾ കണ്ടപ്പോൾ ചുണ്ടിൽ പുഞ്ചിരി പരന്നു. മധുരിക്കുന്ന ഓർമ്മ! മനസ്സ് ഒരു വർഷം പുറകോട്ടു കുതിച്ചു.

കഴിഞ്ഞ വർഷം ലീവിനു വന്നപ്പോഴാണ്. ഉത്രാടത്തിന്റെ അന്നായിരുന്നു. വൈകിട്ട് നടക്കാനിറങ്ങിയപ്പോഴാണ് ശിവരാമനെ കണ്ടത്. ഇടവഴിയുടെ അറ്റത്തേക്ക് മാറ്റി നിർത്തി ശിവരാമൻ ശബ്ദം താഴ്ത്തി പറഞ്ഞു.

‘ഒരു പുതിയ ചരക്ക് വന്നിട്ടുണ്ട്. വേണോങ്കി അരക്കൈ നോക്കാം.’

ദാഹിച്ചു വലയുന്നവന്റെ മുമ്പിൽ നീരുറവ. തട്ടിമാറ്റാൻ തോന്നിയില്ല. വേഗം വീട്ടിലേക്കു നടന്നു. ഊണു കഴിച്ചു പുറത്തേക്കിറങ്ങിയപ്പോൾ അമ്മ ചോദിച്ചു എവിടേക്കാണെന്ന്. ഓണക്കളി കാണാനാണെന്നാണ് അമ്മയോട് പറഞ്ഞത്. പാവം അമ്മ വിശ്വസിച്ചിരിക്കും. ശിവരാമനൊത്ത് കുടിയിലേക്കു നടക്കുമ്പോൾ മനസ്സിൽ കുറ്റബോധമായിരുന്നു. അമ്മയോടു കള്ളം പറഞ്ഞു. പിന്നെ...

ശിവരാമൻ കവലയിൽ തന്നെയുണ്ടായിരുന്നു. ‘ഒരു നൂറ് മില്ലി അടിക്കണോ, ഒരു ഉശാറിന്.’ ‘എനിക്കുവേണ്ട ശിവരാമന് വേണോങ്കി ആയിക്കോ.’ ‘സാറിനു വേണ്ടെങ്കിൽ എനിക്കും വേണ്ട.’

ശിവരാമൻ നടന്നു. തൊട്ടു പുറകെ താനും. സിരകളിലെ രക്തത്തിനു ചൂട് വർദ്ധിക്കുകയായിരുന്നു. അതോടൊപ്പം മനസ്സിലെ ഭയത്തിനും. ആരെങ്കിലും കണ്ടാൽ എന്ന ഭയമായിരുന്നു മനസ്സിൽ.

‘ശിവരാമാ, വീട്ടിലാരൊക്കെയുണ്ട്? ആണുങ്ങളാരെങ്കിലും?’

‘ഹെ പേടിക്കാതെ സാറെ. അവളും തള്ളേം മാത്രോള്ളൂ.’ ആ തള്ളക്കാണെങ്കി കണ്ണും ചെവീം ശരിക്കറിഞ്ഞൂം കൂടാ!

എങ്കിലും മനസ്സിൽ ഭയമായിരുന്നു.

വരമ്പിന്റെ അറ്റത്തുള്ള വീടിന്റെ മുമ്പിലെത്തിയപ്പോൾ ശിവരാമൻ നിന്നു. ചുറ്റും നോക്കി. പതുക്കെ ചെറ്റയിൽ മുട്ടി ശബ്ദം കുറച്ച് വിളിച്ചു.

‘ജാനമ്മേ’.

വാതിൽ തുറക്കുന്നതിന്റെ കരകര ശബ്ദം.

അകത്ത് കാലെടുത്തു വയ്ക്കുമ്പോൾ വിറയ്ക്കുന്നുണ്ടായിരുന്നു. പുറകിൽ വീണ്ടും വാതിൽ അടയുന്നതിന്റെ ശബ്ദം. വിലകുറഞ്ഞ സെന്റിന്റെ കടുത്ത മണം മൂക്കിലേക്ക് അരിച്ചു കയറി. മൂലയിലിരുന്ന വിളക്ക് കത്തി. വിളക്കിന്റെ മങ്ങിയ വെളിച്ചത്തി

ൽ കണ്ടു. മററ നോട്ടത്തിൽത്തന്നെ ഇഷ്ടപ്പെട്ടു. അവ ൾ പുഞ്ചിരിച്ചുകൊണ്ട് അടുത്തേക്കു വന്നു.

'എന്താ കണ്ടിട്ടില്ലാത്തപോലെ നോക്കണെ' കിലുക്കമുള്ള ശബ്ദം.

നനുത്ത വിരലുകൾ കഴുത്തിലും മുടിയിലും ഓ ടി നടന്നു.

'— ന്റെ ലക്ഷ്മി അമ്മേടെ മോനല്ലെ; ബോം ബേല് ജോലിയുള്ള'

അവൾ തന്നെ മനസ്സിലാക്കിയിരിക്കുന്നു.

ഹരം പിടിപ്പിക്കുന്ന നിമിഷങ്ങൾ. വികാര ത്തിന്റെ കുടുക്കുകൾ അഴിഞ്ഞു. നെഞ്ചിൽ മുനയുള്ള താമര മൊട്ടുകൾ വിടർന്നു. സൗന്ദര്യമുള്ള നിമിഷങ്ങളി ൽ അലിഞ്ഞു ചേരലിന്റെ സുഖം. മനസ്സിന്റെ തൃ ഷ്ണ ശമിച്ചപ്പോൾ ക്ഷീണം തോന്നി.

'ഇനി എന്നു വരും?' ക്ഷീണത്തിന്റെ സ്വരം. 'വിഷുന്' ലീവിന് വരുമ്പം വരാം.'

പക്ഷെ വാക്കു പാലിക്കാൻ കഴിഞ്ഞില്ല. വി ഷുവിന്' ലീവു കിട്ടിയില്ല. അവൾക്കു പരിഭവമാ യിരിക്കും. ഛെ! അതൊന്നും കാണില്ല. പരിഭവിക്കാ ൻ അവൾ കാമുകിയൊന്നുമല്ലല്ലോ. പക്ഷെ വെറു മൊരു വേശ്യയായി മാത്രം കണക്കാക്കാൻ സാധിക്കു ന്നില്ല. ഹൃദയത്തിൽ പോറലേല്പിക്കുവാൻ അവൾക്കു കഴിഞ്ഞു.

...

'അല്ല. ഇതു് ബാലകൃഷ്ണനല്ലേ. എപ്പഴാവന്നേ?' വേലിക്കു പുറത്തു നിന്ന്. ശങ്കരൻനായരാണ്.

'ഇന്ന്' വെളുപ്പിനു് വന്നേയുള്ളൂ'.

'എന്താ കുളക്കടവില്' നിന്ന്' കിനാവു കാ ണുകയാണോ?'

'ഏയ്' അങ്ങിനൊന്നുല്ല. തണുപ്പായിരുന്നു വെള്ളം. അങ്ങിനെ മടിച്ചു നിന്നതാ.'

'എന്നാ ഞാൻ പോട്ടെ, പിന്നെക്കാണാം. ഈ വഴിയൊന്ന്' ആ പീടേ്യ കൊടുക്കണം.'

ശങ്കരൻ നായർ പോയപ്പോൾ സ്വയം ചിരി ച്ചു. അയാൾ പറഞ്ഞതു് ശരിയാണ്. എത്രനേരമാ യിക്കാണും ഇവിടിങ്ങനെ നിന്നിട്ട്? അമ്മ വിചാ രിക്കും വിസ്തരിച്ചു കുളിക്കുകയാണെന്ന്.

മെല്ലെ പതുക്കെ വെള്ളത്തിലേക്കിറങ്ങി. നല്ല തണു പ്പ്. എന്നിട്ടും രസം തോന്നി. ക്ലോറിന്റെ കുത്തു മ ണമുള്ള ഷവറിലെ വെള്ളം പണ്ടേ മടുത്തു കഴിഞ്ഞി രുന്നു. വേഗം കുളിച്ചു. കുളികഴിഞ്ഞു കയറിയപ്പോൾ ഉന്മേഷം തോന്നി. വേഗം വീട്ടിലേക്കു നടന്നു. അ മ്മയും ചേച്ചിയും അടുക്കളയിൽ ധൃതി കൂട്ടുകയാണ്.

എയർ ബാഗു തുറന്നു. ഷർട്ടും മുണ്ടും എടുത്തു. ഈറൻ മാറിവന്നപ്പോൾ മേശപ്പുറത്തു് പുന്നെല്ലിന്റെ ആവിപറക്കുന്ന പുട്ട്. പാളയംതോടൻ പഴം. വാ യിൽ വെള്ളമൂറി. പപ്പടത്തിയും ഉരുളക്കിഴങ്ങു കറി യും കഴിച്ച് വായ് മരവിച്ചു പോയി.

വയറു നിറയെ തിന്നു. എന്നിട്ടും അമ്മ പി ന്നേയും നിർബ്ബന്ധിക്കുകയാണ്. പഴത്തിന്റെ പകു തി മിനിമോൾക്കു കൊടുത്തു. അവൾക്കു വാങ്ങാൻ നാണം.

കാപ്പികുടികഴിഞ്ഞപ്പോൾ ഒന്നു പുറത്തേക്കിറ ങ്ങണമെന്നു തോന്നി. അമ്മയോടു പറഞ്ഞിട്ട് ഇറ ങ്ങി നടന്നു. ഒരു സിഗരറ്റു വലിക്കണം. പിന്നെ ശി വരാമനെ കാണണം. ഇന്ന് ഉത്രാടമാണ്. കഴിഞ്ഞ ഉത്രാടത്തിന്റെ വാർഷികം ഒന്നാഘോഷിക്കണം.

വരമ്പു കഴിഞ്ഞുള്ള പെട്ടിക്കടയിൽ നിന്നും സിഗരറ്റു വാങ്ങി വലിച്ചു. കവലയിലേക്കു നടന്നു. ശിവരാമൻ അവിടെക്കാണും. ഭാസ്കരൻ എതി രേ വരുന്നു. പണ്ട് കൂടെ പഠിച്ചതാണ്.

'ബാലൻ എപ്പൊ വന്നു?'

'ഇന്നു രാവിലെ.'

'ലീവ് എത്രേണ്ട്?'

'ഒരാഴ്ച്ചയുണ്ട്. അതിരിക്കട്ടെ ഭാസ്കരൻ ഇ

പ്പോ എന്തു് ചെയ്യണ്. ജോലി വല്ലതും ആയോ'?

'ഞാ ഒരു ചെറിയ ബിസ്സിനസ്സൊക്കെയുണ്ട്.'

'മാധവേട്ടനൊ'?

'ഏട്ടനിപ്പോഴും രാഷ്ട്രീയം കൊണ്ടു നടക്കണ്.'

'നമ്മുടെ പഴേ പാർട്ടിതന്നെ അല്ലെ?'

'ഏയ്' അതിന്നൊക്കെ മാറി. ഒരു പത്തുസെ

ൻറ് കൊടുക്കണ പ്രശ്നം വന്നു. അതാമാറാൻ കാര

ണം.'

പഠിക്കുന്ന കാലത്തു് രാഷ്ട്രീയത്തിൽ വലിയ ദേ

പഠിക്കുന്ന കാലത്തു് ... നേതാവു്.

മമായിരുന്നു. അന്നു മാധവേട്ടനായിരുന്നു നേതാവ്.

'ഭാസ്കരാ ആ ശിവരാമനെ അവിടെങ്ങാനും

കണ്ടോ?'

'ആ പരമന്റെ ചായപ്പീടേ്യലിരിപ്പുണ്ട്. ആ

ട്ടെ. ശിവരാമനെ തെരക്കണതെന്തിനാ?'

ഭാസ്കരന്റെ ചുണ്ടിൽ കള്ളച്ചിരി.

'അതൊക്കെ പിന്നെ പറയാം. അവനെ ഒന്നു അത്യാവശ്യായിട്ടു കാണണം.'

ഭാസ്കരനോടു യാത്ര ചോദിച്ചിട്ടു നടന്നു.

കണ്ടപ്പോഴേ തന്നെ ശിവരാമൻ ഇറങ്ങി വന്നു.

'സാറെപ്പോവന്നു?'

'ഇന്നു രാവിലെ.'

'സാറെ. ഒരു സ്പെഷൽ ചായ എടുക്കട്ടെ?' പരമൻ വിളിച്ചു ചോദിച്ചു.

'വേണ്ട.' വയററിൽ ഒട്ടും സ്ഥലമില്ല. അമ്മ നിർബ്ബന്ധിച്ചു തീററിയ പുട്ടും പഴവുമാണ് വയർ നിറയെ.

'പിന്നെ ഞാൻ ശിവരാമനെ തിരക്കിവന്നതു് എന്തിനാണെന്നറിയാമോ?'

'എന്തിനാണ്?'

'കഴിഞ്ഞ കൊല്ലത്തെപ്പോലെ ഇക്കൊല്ലവും ഉത്രാടം ഒന്നാഘോഷിക്കണം.'

'അത്രേയൊള്ളു്. അതിനെന്താ ഒരുപുതിയ ഉരുപ്പടി വന്നിട്ടൊണ്ടു്.'

'പുതിയതൊന്നും വേണ്ട. പഴയതു തന്നെ മതി.'

'പഴേതെന്നാ വച്ചാ?'

'കഴിഞ്ഞ കൊല്ലത്തെ ആളെ, ജാനമ്മ'

'ങാ, അതിനവള് കാഞ്ഞു പോയില്ലേ സാറെ. അവക്കങ്ങിനെ തന്നെ വേണം. ഞാനെത്ര പ്രാവശ്യം പറഞ്ഞതാന്നോ ഉരുക്കിക്കളയാമെന്ന്. അവള് കേട്ടില്ല. ഒടുക്കം ഒമ്പതാം മാസത്തില് മുറിയാണ് ച ത്തതു്.'

പറഞ്ഞതു മുഴുവൻ കേട്ടു! പിന്നെ അവിടെയി ല്ലാൻ കഴിഞ്ഞില്ല.

'ഞാൻ പോണ് ശിവരാമാ.'

'അപ്പൊ, വൈകുന്നേരം കാണ്വൊ?'

'ഇല്ല'

'സാറെ. അതിനേക്കാളും പച്ച് ചരക്കാണ്. മ ന്നു പരീക്ഷിച്ചു കള.'

'വേണ്ട ശിവരാമ, ആരായാലും വേണ്ട'

നിരത്തിന്റെ അരികു ചേർന്ന്, ഏകനായി വീ ട്ടിലേക്കു നടക്കുമ്പോഴും മനസ്സു് നിറയെ കഴിഞ്ഞ ഉ ത്രാടത്തിന്റെ മധുരിക്കുന്ന, വേദനിപ്പിക്കുന്ന ഓർ കളായിരുന്നു.

...

K & K Agencies
'LAMINA' Building
Banerji Road
COCHIN-18

Dealers in: Polyster Resins, Fibreglass;
Bath Tubs, Helmets Etc.

സന്ദർശകനു് കാര്യം മനസ്സിലായി.
പ്ലാവിൻെറ തറയിൽ മേൽപ്പോട്ടുനോക്കി
തപസ്സുചെയ്യുന്ന തരുണികളെ അപ്പോഴാണു് സന്ദർശകൻ
ശ്രദ്ധിച്ചതു്. ഓ, ഇങ്ങനെയാണല്ലോ ചരിത്രം ആരംഭിക്കുന്നതും അവസാനിക്കുന്നതും.

# സന്ദർശകൻെറ ഡയറി

കുരുവിള ജേക്കബ്ബ്

'ഗുരുകുലമാണോ ശിക്ഷണ രീതി'? സന്ദർശകൻ സംശയിച്ചു. 'എന്താണ് ഇവർ മരത്തിൻെറ ചുവട്ടിലിരിക്കുന്നതു്? കേരളത്തിലെ ശാന്തിനികേതനമല്ലേ'? സന്ദർശകനു് മനസ്സിലായി. 'ആകാംക്ഷയോടെയാണല്ലോ അവർ ഇരിക്കുന്നതു്? ഗുരുനാഥനെ പ്രതീക്ഷിച്ചാകാം.'

പടവുകൾ കയറിപ്പോകുന്ന തരുണീമണികളെ കണ്ടു് (വിദ്യുല്ലതയായി) ദാഹിക്കുന്ന ഹൃദയമുള്ളവർ വാ പൊളിച്ചിരിക്കുന്നതു് കണ്ടപ്പോൾ സന്ദർശകനു് ചിരിവരാതിരുന്നില്ല.

'അവർ എന്തൊക്കെയോ വിളിച്ചു പറയുന്നുണ്ടല്ലോ' സന്ദർശകനു് തൻെറ അജ്ഞതയെക്കുറിച്ച് ബോധമുണ്ടായി. 'ഇതും സിലബസ്സിലുണ്ടായിരിക്കും......

... ... ...

കച്ചേരിക്കെട്ടിടത്തിൻെറ മേലേക്കു കയറിയപ്പോൾ, സന്ദർശകൻ സമീപത്തെ ജനലിൽക്കൂടി ഉള്ളിലേക്കു നോക്കി. 'ഗുമസ്തന്മാരെന്താണിരുന്നു് ഉറങ്ങുന്നതു്? കേസില്ലായിരിക്കും.' സന്ദർശകൻ ചിന്തിച്ചു.

മേലത്തെ നിലയിൽ അഞ്ചാം മുറി സന്ദർശകനെ ആകർഷിച്ചു. ചരിത്രപരമായ അന്തരീക്ഷം സന്ദർശകനിഷ്ടപ്പെട്ടു.

'ചരിത്ര വിഭാഗമായിരിക്കും.'

പുറകിലത്തെ അഴികളുള്ള വരാന്തയിലേക്കു നോക്കി. 'എന്തിനാണു് ഒരു ബെഞ്ചിൽ വിദ്യാർത്ഥികൾ പുറംകോട്ടു തിരിഞ്ഞു് കീഴോട്ടു നോക്കിയിരിക്കുന്നതു്?' സന്ദർശകൻെറ ജിജ്ഞാസ വർദ്ധിച്ചു. അങ്ങോട്ടു ന-

സന്ദർശകനു് കാര്യം മനസ്സിലായി. പ്ലാവിൻെറ തറയിൽ മേല്പോട്ടു നോക്കി തപസ്സു ചെയ്യുന്ന തരുണികളെ അപ്പോഴാണു് സന്ദർശകൻ ശ്രദ്ധിച്ചതു്. 'ഓ, ഇങ്ങനെയാണല്ലോ ചരിത്രം ആരംഭിക്കുന്നതും അവസാനിക്കുന്നതും!

... ... ...

പരന്ന ഫുട്ബോൾ കോർട്ടിലേക്കും അതിനപ്പുറത്തെ റബ്ബർത്തോട്ടത്തിലേക്കും സന്ദർശകൻ നോക്കി. അടുത്തുള്ളതു് പോസ്റ്റ്ഗ്രാജുവേററ് ക്ലാസാണു്.

അവിടെ രണ്ടു വിദ്യാർത്ഥികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ രണ്ടു വിഭാഗത്തെയും പ്രതിനിധീകരിച്ചിരുന്നു. 'മററുള്ളവർ കൻറീനിൽ പോയിരിക്കും.' സന്ദർശകൻ കാരണം കണ്ടു പിടിക്കാൻ ശ്രമിച്ചു.

'അവർ എന്തോ സംസാരിക്കുന്നുണ്ടല്ലോ? പോസ്ററ് ഗ്രാജുവേററല്ലേ? ഫൈലറ്റലായിരിക്കും.' സന്ദർശകൻ പ്രതീക്ഷിച്ചു.

"സീസറുടെ ക്ലിയോപാട്ര, ഒഥല്ലോയുടെ ഡെസ്ഡിമോണ, റോമിയോയുടെ ജൂലിയററ്... ഇവരുടെയെല്ലാം പൂർത്തീകരണം ഞാനാരിലാണു് കാണുന്നതെന്നറിയാമോ?"

'ആരിലാണു്?'

'ദുഷ്യന്തൻെറ ശകുന്തളയിൽ' എന്നു് പറയണമെന്നു് സന്ദർശകനു് തോന്നി. പറഞ്ഞില്ല

ചെറിയ ഒരു ശബ്ദം സന്ദർശകൻെറ കാതിൽ വന്നലച്ചു.

'എൻെറ...... യിൽ.'

സന്ദർശകന് കാര്യം മനസ്സിലായി. വളരെ വേഗം അവിടെനിന്ന് നടന്നു നീങ്ങി.

... ... ...

'കൊച്ചു കുട്ടികളാണ്. ക്ഷമിക്കാം......' സന്ദർശകൻ ആശ്വസിക്കാൻ ശ്രമിച്ചു.

'നല്ല താവളം തന്നെ. എങ്കിലും ഇവർക്കിതുവേണോ?' സന്ദർശകൻ സംശയിച്ചു.

ഗോവണിയുടെ കീഴിൽ നിന്നുകൊണ്ട് സസ്യശാസ്ത്ര വിഭാഗത്തിലേക്കു പോകുന്ന ഓരോ വിദ്യാർത്ഥിനികളോടും സംസാരിക്കുന്ന പയ്യന്മാരെ കണ്ടിട്ട് സന്ദർശകന് രസിച്ചില്ല.

സുവോളജി ലാബിന്റെ മുന്നിലെ അരഭിത്തിയിൽ ചാരി നിന്നു കൊണ്ട് മണിക്കൂറുകളോളം നടക്കുന്ന 'വധം' കണ്ടപ്പോൾ സന്ദർശകൻ അതിശയിച്ചു പോയി.

'എന്താണ് ഇത്ര സംസാരിക്കാൻ?'

ചിന്തിച്ചു...... സന്ദർശകൻ സമാധാനിച്ചു. 'കൊച്ചു കുട്ടികളല്ലെ......'

... ... ...

പഴയ പ്രീഡിഗ്രി പരീക്ഷണശാലയുടെ തെക്കെ വരാന്തയിൽക്കൂടി, ഗ്ലാവിൻ ചുവട്ടിലേക്കു നോക്കി നില്ക്കുന്ന പയ്യന്മാരെയും കണ്ടു കൊണ്ട് സന്ദർശകൻ നടന്നു. മുൻപിൽ കണ്ട ക്ലാസിലേക്ക് ഒന്നു ശ്രദ്ധിച്ചു. സക്സസ് ഗാലറിയാണ് സന്ദർശകൻ പെട്ടെന്നോർമ്മിച്ചത്.

അഭ്യാസി ആരാണ് എന്നറിയുവാൻ സന്ദർശകൻ എത്തി നോക്കി. വെളുത്ത്, കളസമിട്ട ഒരാളാണ്. അയാൾ തന്റെ അഭ്യാസത്തിന് മുഖവുര നല്കുകയാണ് "നോവൽ സാഹിത്യത്തെക്കുറിച്ച് ആധികാരികമായി എന്തെങ്കിലും പറയുവാൻ എനിക്കു മാത്രമെ സാധിക്കുകയുള്ളു."

'സാക്ഷാൽ എം. പി. പോളിനു പോലും!...' സന്ദർശകൻ സംശയിച്ചു.

പെട്ടെന്നുണ്ടായ കൂക്കുവിളിയും, അർജ്ജുനന്റെ വില്ലിൽ നിന്നെന്നപോലെയുള്ള ശരവർഷവും സന്ദർശകനെ അമ്പരപ്പിച്ചു.

'വിദ്യാഭ്യാസം! അതല്ലും വിസ്മയകരമായ ഒരഭ്യാസമാണ്'' സന്ദർശകൻ ചിന്തിച്ചു.

'ഞാൻ ഒരു യൂണിവേഴ്സിറ്റി കോളജ് ഉല്പന്നമാണ്. ഓർമ്മയിരിക്കട്ടെ.'

'അപ്പോൾ ഇതു പുത്തരിയല്ലല്ലോ.'

തുടർന്നുണ്ടായ ശബ്ദങ്ങൾ മലയോര പ്രദേശങ്ങളിലെ കുറുക്കന്മാരെ അനുസ്മരിപ്പിച്ചു.

'ഡാർവിന്റെ പരിണാമ സിദ്ധാന്തം തെറ്റാണ്. മനുഷ്യന്റെ മുൻഗാമി കുരങ്ങല്ല കുറുക്കനാണ്.' സന്ദർശകൻ ചിന്തിച്ചു കൊണ്ട് മുമ്പോട്ടു നടന്നു.

... ... ...

സമയം നാലുമണിയായതിനാൽ സന്ദർശകൻ സന്ദർശനം മതിയാക്കി. തിരികെപ്പോകുന്നതിന് കോളേജ് കവാടത്തിലെത്തി. അവിടെ വെളുത്തുതടിച്ച അദ്ധ്യാപകനെ കണ്ടു. തിരുവനന്തപുരം മൃഗശാലയിലെ വെള്ളയാനയെയാണ് സന്ദർശകൻ ഓർമ്മിച്ചത്. വെള്ളിയാഴ്ചയായതിനാൽ അദ്ദേഹം വീട്ടിൽ പോകുന്നതിനുള്ള തത്രപ്പാടിലാണ്.

പടിഞ്ഞാറേക്കു പോകുന്ന സർക്കാർവക ബസ്സിലേക്ക് സന്ദർശകന്റെ ശ്രദ്ധ തിരിഞ്ഞു. അതിന്റെ ഗോവണിയിൽ കണ്ടകാഴ്ച സന്ദർശകനെ ചിന്താക്കുഴപ്പത്തിലാക്കി

'ഡാർവിന്റെ സിദ്ധാന്തം ശരിയായിരിക്കാം.' സന്ദർശകൻ സംശയിച്ചു.

# Lovigy' - to wide wild eyes beyond the misty roof

**Geevarghese A M**

I saw a child being burned by fire:
Clothes ablaze, hair ablaze
with open mouth and shooting tongue
screaming pose-
but no sound from charring windpipe.
Waving hands, fuming head,
fire in nose, in mouth, in eyes.
The child - twisting, twining, twitching,
twinging like a burning twig.
    The fire was Me.
    The victim, too, was Me.

A snake twined round a child:
Coiled round and round till throat;
snake-head facing baby-face,
snake-eyes staring tender eyes,
reptile hissed and stung in eyes.
Baby-hands and baby-legs
were volcanic-still;
were locked by spiral reptile flesh.
Bloody melting eyes
gazed the hissing head.
    The snake was Me.
    The victim, too, was Me.

On the road- I saw a child:
A car hit him as he ran across,
he sprawled head-cracked;
brain plopping out
like white of egg from cracked egg-shell.
Blood like ripe grape's juice oozed.
He stirred and stilled-the car bolted on.
    The car was Me.
    The victim, too, was Me.

Around me and in me were
frying fire, twining snake, bolting car;
en-fired child, en-snaked child, en-carred child.

Above me a roof of mist.
Through the thick misty roof I saw;
    The outline of a gentle face,
    with misty frame and wide wild eyes.
- That I could be there,

Standing beside that misty frame!
And no fires, or snakes or violent cars.
Fire-free, snake-free, car-free
    Me and she
    Amidst a ring of smiling kids.

# Hatched Well

S. S. L. C. results are now in the press. Menon and Krishnan has hatched well.

S. S. L. C. classes begin immediately after results. Boys and Girls have separate classes and times.

Large and disciplined Hostels open from today to accommodate boys and girls from outside Cochin.

Tuition classes for ambitious 2nd year Pre-Degree and 2nd year Degree students have begun. Apply for admission to these evening classes.

Plan today to pass well tomorrow

KERALA'S GREATEST TUTORIAL COLLEGE

## MENON AND KRISHNAN

D. H. Road Ernakulam Cochin 16 Telephone 32238




designers

**Thre is no real meaning in advising the Indian masses to tighten their belts when there is no belt to tighten**

# INDIA'S MIRAGE

**ASOK KUMAR**

The spirit, intellect, dedication and drive-mind you, real hard drive- that witnessed the acquisition of freedom twenty six years back has ever since been undergoing a process of hibernation in some remote part of the Indian Mind.

The malignant growth of a Political and Economic Inferno in areas of this country is adversely affecting the political strong-hold, severing the economic life—lines and gradu-ally and painfully impeding the establishment of national intergration and racial harmony. The recent and dire developments like the border issue involving the Karnataka and Maharashtra states, mass dissension in the state of Gujarat and superseding all these the discriminatory and bullying tactics indulged in by the "heroic patriots" of Shiv Sena on the Southerners is as prelude to an event-ual political instability and disintegration. The food crisis that initiated the mass rioting and then the downfall of the Gujarat State Government proves that things were allowed to run too freely. It seems that the centre is extremely ambitious to put on an internatio-nal cloak by condemning the massacre in Mozambique, viewing disapproval on American Naval moves on the Indian Ocean ,Island of Diego Gracia and irrational stout support for Arabs. Bootlicking the Arabs was of no avail and has only resulted in the price hike of oil. Domestic affairs come first and is not logical if such sine area non subjects are neglectedr. How are we going to cope with multitudes of international. problems when uncontrollable trouble brews internally with none in the centre showing any interest in resolving it? Underdeveloped to be decent, developing literal states can best trek only as far as to voice their resent on the Indian Ocean being tansformed into a theatre of super power rivalries. If only India determines to be a super power then to a higher degree such fears will be allayed. The new political weapon. the oil, wielded by the Arabs has evidently thrown the ever unstable Indian economy in to the doldrums. The oil price hike if prolonged even for short period is most likely to bleed the Indian economy white for there will be a real hard squeeze on the foreign exchange. The economy will be so badly mauled with no foreign aid to come and in fact there will be no turning back. Such will be an occasion witnessing each and everyone getting at the throats of the others. Deliberately reducing the produ-ction of oil and discriminately raising the price for that small quantity produced will seriously hamper the advancement of Indian industries to such a state that only a limited quantity of raw materials will come to the market and the acute shortage of raw mate-rials will push the agriculture relying on nature into a bottomless canyon where star-vation due to food shortage will become common. There is no real meaning in advis-ing the Indian masses to tighten their belts when there is no belt to tighten. A major proportion of the Indian population are deprived of even their basic needs and mar-ginally live above starvation limits. "Time

and tide wait for no man" but poverty does not, for it has become the living embodiment of the majority of the Indian masses. Certainly, the centre is too reluctant to eradicate poverty through action. Politicians rather take great pleasure in inducing the people on pre-election occasions of how with their exceptional capabilities and quick strategic moves they would make the people of India wish farewell to poverty.

An ocean of difference there is between the economically advanced West and Japan and developing India.

If it was democracy that guided India falsely for these twenty six years (on the road of becoming an economically and technologically advanced country,) a democracy where poverty is 'jealously guarded' a democracy where people indulge in violence, strikes and attitudes such as 'work to rule, a democracy where unlimited rights are showered upon the people to produce as many offsprings they are capable of manufacturing, a democracy with the embelishment of corruption and red-tapism— such a democracy is rightly trash. It is upto the people to decide whether we want freedom that runs from Atoz or a disciplined rule more of a military-type that promises the upliftment of this country within a short duration. The increasing population problem would have been solved ages ago only if such a thing as compulsory vasectomy had been imposed on males who were about to exceed the maximum limits of production.

Thus if the ingrained spirit, dedication, intellect and drive are electrified once again in the minds of both the government and people then this electrification definitely will push India to the frontlines of a technologically advanced, economically stabilised super power.

◆

With the best compliments of

LAL PRODUCTS

H. O. ERNAKULAM

Branch MADURAI

*Manufacturers of:*

"CHANDRIKA AYURVEDIC TOILET SOAP"

**His home is the White House and all continents are his playgrounds. He is a jew in Israel, he is a 'Fixit' on move in U. A .R and a non jew in Middle East**

# KISSINGER-THE SUPER STAR

P. D. JOHN

As a vessel is known by the sound whether it be cracked or not, so men are proved by their speeches, whether they be wise or foolish. Kissinger who warrants comparison to Metternich, the niniteenth century Austrian statesman is proved to be a superstar. He bears similarity with the fast moved comet Kohoutek. Kissinger warranted comparison to Talleyrand and other great foreign ministers of the past. In fact no other Secretary of State in United States history has ever carried so much power and earned so much reputation.

Kissinger is the Superstar, firm but conciliatory, trying to soothe the feelings of the depressed. In diplomacy, I think, Kissinger is a unique figure, no one in America, from Henry Clay, the great Compromiser to the Dulles, the statesman who resolved the end of the "cold war" is competent in such a role. His home is the White House and all continents are his playgrounds. He is a jew in Israel, he is a 'Fixit' on move in U. A. R and a non jew in Middle-East.

The achievement of a negotiated settlement in the Vietnam war is a personal triumph for Kissinger. In the sphere of doplomacy no one could dispute his claim to the first place in 20th century. In early October 1972 he flew to Washington with a 58 page document in his brief case. It was a draft — to lead to a rapid settlement of the Vietnam War. Kissinger and his entourage were in high spirits when they arrived in Paris in January 1973. His usual, gentle self deprecating jokes took on wild flights of humour in Peking and in Moscow.

Kissinger took his whirlwind tour to Middle-East where he sought to put the firm foundation under the peace talks. He induced the Arabs to relent on oil. In Algeria — diplomatic relation broken off-in 1967 are likely to be resumed. In Cairo he was an old friend to President Sadat. "In Israel Kissinger was a jew in U. A. R a devout Arab, in U S S R a slav, and in Peking Mongolian' — like Napoleon Bonaparte, who was a Mohemmedan in Egypt and was a Catholic in France.

But Kissinger is clearly comfortable in his new role. He wrote his Phd. thesis on Metternich and admires Bismarck the Iron man of Germany. But while — Metternich was the reactionary genius fighting for a lost cause Kissinger, preserved often making tactical compromises, always following his maxim, that policy depends on calculation and not emotions. Nothing but the German interest was Bismark's guide in the evolution of his foreign policy. Kissinger juggled with five balls, China, Russia, Israel, United Arab Republic and Syria, of which two were always in the air.

More secretaries of State from Thomas Jefferson and Daniel Webster to John Foster Dulles have been lawyers, like Kissinger. They have done well their roles, they were the architects, of the American foreign policy. But Kissingers is more effective because he has a policy.........one may not agree with the policy, says Marrie De Murville, De gaull'es long time Foreign Minister "but one can see its — directions." His writing talent has made, him known as the fastest pen in "Kissingers Shop"

Harris Alfred alias Henry was born in Bavaria at 'Perth' on 27th May 1923. He is the eldest of the two sons of Louis Kissinger and Polo. Kissingers one half was his father and the other half was his mother in boyhood. As a jewish boy in Nazi Germany Kissinger knew persecution. After his family fled to Newyork in 1928 he kept to himself there. He was a good soldier in Bulgi war and the brain behind the new govt: in Germany. He joined the University of Harvard in 1946 and took his B. A degree in 1950, followed by the M. A degree after two years. He wrote his Phd. thesis on Metternich in 1954.

Kissinger joined on the staff of the University of Harvard as a lecturer in International relations. He was elevated to fame by his first thesis on Nuclear weapons and Foreign Policy, and was raised to the designation of adviser on National Security Affairs. From 1955 the history of the United States of America in diplomacy and foreign relation is the history of Kissinger. He is the buckle that fastens different departments, a hyphen which joins hostile nations. To President Eisenhower Kissinger was indispensable, to Kennedy an inevitable. He was the bedrock on which foreign relations were built during the period of Lyndon. B. Johnson. He is the skilled mechanic for the Locomotive — the Federal Govt: under Nixon who spent most of his time in oiling and greesing it. Different as he is from Nixon in so many ways, Kissinger yet shares with the president a passion for secret diplomacy and dramatic break-through; Kissinger could freeze the Watergate dynamite.

Kissinger is variously referred to by his governmental colleagues as 'Henry the K', Henry the Kiss Herr Doktor and the Metternich from Yonkers and Henry Clay of the present times. Kissinger—48, dominates United States foreign policy far more than any White House aide in recent memory. He had seized total control of the White House. He serves up options for presidential decision. In a crisis he chairs, in a victory he presides, conceiving executing and explainig external relations. Thus he is Nixons triple agent.

Kissingers' name is coined for diplomacy. His name is written in golden letters in history a synonym for entourage. The epithet 'the super star' Fixit or Kissinger the King is conferred on him and his period will be titled the Era of Kissinger.

★

*With Best Compliments from-*

Telegrams: "ANAKKATT" Phone: 449

ANAKKATT TRANSPORTS (Regd.)

BANK ROAD, ALWAYE

Contractors of M/s. INDIAN ALUMINIUM COMPANY LTD.

**If the deductive approach to the Philosophy of History is unprofitable, we can turn it to the inductive**

# PHILOSOPHY of HISTORY

**Rajan Kurukkal**

Is history a philosophy? History was philosophy teaching by examples for a long time. Philosophy of History evolves a dichotomy of which the first concerns the actual events as they occured and tries to discover their meaning and purpose. The second points to an enquiry into the nature of a historian's thought and the character of the method followed by him. Hegel in his "Philosophy of History" referred to what is underlying and significant in history and its philosophy.

Ancient historians were not much fascinated by the so called Philosophy of History. For long ages till the 19th century historical narration was a branch of literature and after had a religious and theological association. Historians of these times often sought to justify the ways of God and men or at least to unfold the inner meaning and purpose of the events they witnessed. Bossuet in his "Discourse on Universal History" and the Italian philosopher Vico in his "New Science" looked upon the history of human evolution as a spiral process in which similar if not the same situations recurred at higher levels. This attempt to discover a rhythm or pattern of historical events is perhaps as old as history itself.

Herodotus the father of history had few children. The writers of classical antiquity were little concerned with the future as with the past. Herodotus, Thucydides or Polybius believed that neither anything significant had preceded the events discribed by them nor anything significant was likely to follow. It was the Jewish-Christian Teleology — the new idea or postulating a goal towards which the historical process is moving — which philosophised history and changed it into theodicy.

The classical view of an anthropo centric world and of primacy of reason came back with Renaissance. But the impact of Teleology painted the view of future with optimism instead of classical pessimism. Time which had been hostile and corrodent became friendly and creative. The rationalists now secularised God and restored rational character of historical process. History became progress towards the goal of the perfection of man's state on earth. With the age of Newton and Descartes history animated the spirit of science. A new outlook was emerging out of the technological progress which led to the perfection and dissemination of a new Cosmology. Historians began to treat the subject matter of history on an analogy with natural sciences.

German philosophers of 19th century especially Hegel were responsible for making history a subject for serious study. To Hegel history was the product of an infinite and active reason. His hypothetical concept of "Zeit Giest" was explained by him as the inscrutable spirit of the progress of history. Through dialectical analysis he defined history as the progressive realisation and materialisation of the "World Spirit" or "Absolute." The history of a people to him was the process in which the "Spirit" realises itself and unfolds its unique con-

tribution of vitality to the whole of civilisation. Hegel had remarkable forerunners in Kant, Schelling, Herder and Fichte.

Kant contemplated a rational process proceeding on an intelligible plan through hidden tracts to a morally desirable goal. Herder recognised the working of Natural laws in the unfoldment of history, that the flowering of a civilisation is as natural as that of a rose. Compte and other positivists tried to apply the methods of positive Sciences to Social data and evolve a new Science of Social dynamics.

Positivism died with Compte. Marx broke open to the scene with Hegel's diaectic held head down. His interpretation of History was materialistic and maintained that all the phenonomena of history are determined by economic conditions. History moved through inevitable stages towards perfection and each stage, however bad, it may seem was a necessary stage on the way to a classless society. "Men cannot therefore shortcircuit history and overlead the natural phases of evolution."

Demilosky observed certain uniform regularities in the birth, growth, maturity and decay of civilisations. Spengler in his "Decline of the West" treats history as a series of completed cycles, not a succession of stages in a continuous development. To him civilisation was fated to die. Toynbee's "Study of History" envisages an optimistic future of civilisation. He was enchanted by the nation of rhythmical alterations, of stability and movement, repose and turbulance, divine peace and diabolic unrest in the past. He discerned a pattern or rhythm in history.

Who are we to impose our will on History? Philosophy of History suffers from the deseases of all speculations. The fallacy of any so called philosophy of history lies in professing to discover certain immutable laws for change. If the deductive approach to the philosophy of history is unprofitable we can turn it to the inductive. "Philosophy is not something you take to history; it is something you carry away from history."

With Best Compliments
from

OEN INDIA LTD.
A JOINT VENTURE WITH
OAK Industries Inc. USA

Manufacturers of high Precision Professional and Military Grade Electromagnetic Relays, Rotary, Pushbutton and Keyboard Switches, Miniature Trimming Potentiometers etc.

**Marketing Department:**

P. B. No. 1905
19/88-B, KALOOR ROAD
COCHIN—682018
Kerala

എങ്കിലും എനിക്കു ദാഹിക്കുകയായിരുന്നു:
കിഴക്കേ മലച്ചെരിവിൽനിന്നും ഒരു മനുഷ്യൻ
നടന്നു നടന്നു വരുന്നതുകണ്ടു. അവൻ
ദേവതാരു മരങ്ങളുടെ ഇടയിലൂടെ നടന്നു്
എന്റെ അടുക്കൽ എത്തിക്കഴിഞ്ഞിരുന്നു.

# നിർവൃതി

എം. ജി. പൗലോസ്

ആദ്യത്തെ ഓർമ്മകൾ.
അവ ദുഃഖത്തെക്കുറിച്ചുള്ളവയായിരുന്നു.
അവയ്ക്കു് വേദനയുടെ കഥകൾ പറയാനുണ്ടായിരുന്നു;
നിസ്സഹായതയുടെ നെടുവീർപ്പുകളും.
പിന്നെ അനുഭവങ്ങൾ.
അവ കൈപ്പുള്ളവ മാത്രമായിരുന്നു.
മനുഷ്യൻ മനുഷ്യനെ വഞ്ചിച്ചപ്പോൾ
ഹൃദയം പിളർന്നു പോയിരുന്നു;
കരൾ ഉരുകി ഒഴുകിപ്പോയിരുന്നു.
പിന്നെപ്പിന്നെ അവനെ മററിക്കൊടുത്തപ്പോൾ
വേദനയുണ്ടായില്ല,
വികാരമുണ്ടായില്ല,
വിചാരമുണ്ടായില്ല.

കാലങ്ങൾക്കു ശേഷം ആത്മാവിന്റെ ഉള്ളിൽ വേദനയുടെ നാമ്പുകൾ തേടിച്ചെന്നു; അവിടെ ശൂന്യത നിറഞ്ഞു നിന്നിരുന്നു അവിടെ സ്നേഹത്തിന്റെ കണികകളെ അന്വേഷിച്ചു നടന്നു; അപ്പോൾ വിദ്വേഷത്തിന്റെ കൂർത്ത പാറക്കല്ലുകളിൽ കാലിടറി വീണു്.

കണ്ണുകൾ ചിമ്മി ചുററും നോക്കി
വെറും ഊഷര ഭൂമി!
സഹാറായുടെ വിശാലതയും
അതിന്റെ ദാഹകോഷ്മാവും!
ഹൃദയത്തിന്റെ അഗാധതയിൽ തീ കത്തുകയായിരുന്നു. അഗ്നിജ്വാലകൾ ആത്മാവിൽ പടർന്നുപിടിക്കുകയായിരുന്നു.
അപ്പോൾ എനിക്കു് ദാഹിച്ചു.
ഞാൻ കൈക്കുമ്പിൾ നീട്ടി.
സ്നേഹത്തിനു വേണ്ടി
സ്നേഹിക്കപ്പെടുവാൻ വേണ്ടി.
ലോകം നിസ്സഹായതയോടെ കൈകൾ മലർത്തിക്കാണിച്ചു.
അതിന്റെ ഉറവകൾ വരണ്ടതായിരുന്നു.
അവിടെയും ശൂന്യത നിറഞ്ഞു നിന്നിരുന്നു!
അവിടെ വച്ചു് നിസ്സഹായത
ജന്മം–കൊണ്ടു.
അതു വളർന്നു.
അവസാനം നിരാശ എന്ന പുതിയ വ്യക്തി ജനിച്ചു.
ഞാൻ മരിച്ചു.

എന്നിട്ടും ജീവിക്കുകയാണെന്നു നടിച്ചു. ഞാൻ സ്നേഹം തേടി അലഞ്ഞു നടന്നു.

മരുഭൂമിയുടെ മടിത്തട്ടിൽ അവളെക്കണ്ടു മുട്ടി. അവളുടെ കണ്ണുകൾ എന്നെ മാടി മാടി വിളിച്ചു. ഞാൻ ഓടി ഓടിച്ചെന്നു.

ദാഹിക്കുന്ന എന്റെ കണ്ണുകൾ അവളുടെ കണ്ണുകളിലെ അഗാധ നീലിമയിലേക്കു് ഇറങ്ങിച്ചെന്നു. അതിലെ മാദകത്വം എന്നെ കോരിത്തരിപ്പിച്ചു

അപ്പോൾ ആത്മാവിനു ദാഹം! ഞാൻ വിവശതയോടെ അവളുടെ മാറിടത്തിലേക്ക് വീണു. അവളുടെ കൊഴുത്തുരുണ്ട കരവലയത്തിൽ അമർന്നമർന്നിരുന്നപ്പോൾ–

സുഖം,
സന്തോഷം,
സംതൃപ്തി
പിന്നെ വിവശത!

സൂര്യൻ ഉദിച്ചപ്പോൾ വീണ്ടും എനിക്കു ദാഹിച്ചു. ഞാൻ വീണ്ടും വിവശനായി. ആർത്തിയോടെ അവളുടെ കണ്ണുകളിലെ നീലക്കയങ്ങളിൽ സൂക്ഷിച്ചു നോക്കി

നീലാകാശത്തിന്റെ നീലിമപോലെ അതു ശൂന്യമായിരുന്നു!

ഞാൻ മോചനത്തിനു വേണ്ടി യാചിച്ചു. പക്ഷേ, അവൾ ചെവിക്കൊണ്ടില്ല.

ഞാൻ സ്വാതന്ത്ര്യത്തിനു വേണ്ടി പടപൊരുതാൻ ശ്രമിച്ചു; പക്ഷേ, എനിക്ക് ശക്തിയുണ്ടായിരുന്നില്ല.

അവളുടെ മിനുത്ത കരവലയത്തിൽ ഞാൻ അമർന്നമർന്നുതളരുകയായിരുന്നു. അപ്പോൾ ആത്മാവിനു വീണ്ടും വേദന തോന്നി. ശരീരത്തിനു പുകച്ചിലും.

ഞാൻ നിലവിളിച്ചു.

മനുഷ്യർ കേൾക്കുന്നില്ലെന്നു തോന്നി. അവർ കേൾക്കുകയില്ലെന്നു അറിയാമായിരുന്നു. എന്നിട്ടും ഉറക്കെ ഉറക്കെ നിലവിളിച്ചു. ഹൃദയത്തിന്റെ ആഴത്തിൽ വീണ്ടും സ്നേഹത്തിനു വേണ്ടിയുള്ള ദാഹം! ആത്മാവിന്റെ ഉള്ളിൽ വീണ്ടും വേദന!

അപ്പോൾ ആത്മാവിൽ ഒരു ശബ്ദം മുഴങ്ങി മുഴങ്ങി വന്നു. വിസ്മൃതിയിൽ നിന്നും അലയന്നലയന്നു വരും പോലെ!

"ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. ദാഹിക്കുന്നവൻ...... എല്ലാം......... എ ........."

വിസ്മൃതിയുടെ മരുഭൂമിയിൽ നിന്നും ഒരു പുതിയ ലോകത്തിലേക്ക് വരുന്നതു പോലെ എനിക്കു തോന്നി. ഞാൻ ഗലീലാക്കടൽപ്പുറത്തെ വെളുത്ത മണൽപ്പരപ്പിൽ നിവർന്നിരുന്നു. അവിടത്തെ ഇളം കാറ്റിനു കുളിർമയുണ്ടായിരുന്നു.

എങ്കിലും എനിക്കു ദാഹിക്കുകയായിരുന്നു. കിഴക്കേ മലച്ചെരുവിൽ നിന്നും ഒരു മനുഷ്യൻ നടന്നു വരുന്നതു കണ്ടു. അവൻ ദേവതാരു മരങ്ങളുടെ ഇടയിലൂടെ നടന്ന് എന്റെ അടുക്കൽ എത്തിക്കഴിഞ്ഞിരുന്നു.

അപ്പോഴും എനിക്കു ദാഹിക്കുകയായിരുന്നു.
ഞാൻ ആകാംക്ഷയോടെ അവനെ നോക്കി,
അവന്റെ കണ്ണുകളിൽ നോക്കി,
കണ്ണുകളിലെ നീലിമയിൽ നോക്കി;
അവിടെ സ്നേഹ പൂർണ്ണിമയുടെ ആഴങ്ങൾ!
അപ്പോഴും എനിക്കു ദാഹിക്കുകയായിരുന്നു. എന്റെ ആത്മാവിനു വേദനയുണ്ടായിരുന്നു.

ഞാൻ വീണ്ടും ആകാംക്ഷയോടെ ആ മുഖത്തേക്കു നോക്കി. അപ്പോൾ അവൻ പറഞ്ഞു. "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ."

ഞാൻ അടുത്തേക്കു ചെന്നു.

എന്നെ കെട്ടിപ്പുണർന്നുകൊണ്ട് അവൻ പറഞ്ഞു. "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും ജീവജലത്തിന്റെ നദികൾ ഒഴുകും."

ഞാൻ തേങ്ങി തേങ്ങിപ്പറഞ്ഞു:

"ഞാ......ൻ വി...ശ്വ...സി...ക്കു...ന്നു."

അവന്റെ ബലമുള്ള കരവലയത്തിൽ അമർന്നിരുന്നപ്പോൾ

സുഖം തോന്നി,
സന്തോഷം തോന്നി,
സമാധാനം തോന്നി;

അപ്പോൾ ആത്മാവ് ആത്മാവിൽ ഇഴുകിച്ചേരുകയായിരുന്നു.

**A. M. MOHAMED USMAN & BROTHER**
Broadway, Ernakulam
COCHIN-682011

Agents for:

1. The Western India Plywoods Ltd — Plywoods, Hardboards etc.
2. Kent Ceramic Tiles & Co (P) Ltd — Ceramic Tiles for Bathrooms & Co.
3. Light Roofings Ltd. — Ideal roofing sheets for all roofing purposes.
4. Gillanders Arbuthnot & Co Ltd — Vineratex, Decorative Coat for walls etc.

ഓരോ പാർട്ടിയുടേയും പ്രധാന ആവശ്യം ഭരണം നേടുക, നേടിയാൽ കൈവിടാതിരിക്കുക എന്നതാണ്. ഓരോ തിരഞ്ഞെടുപ്പിനും ഇവർ ചിലവിടുന്ന പണം എത്രയാണ്! അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ അത്താണിയെന്ന് അവകാശപ്പെടുന്ന ഇവർ തിരഞ്ഞെടുപ്പുകഴിയുമ്പോൾ അവരുടെ കത്താണിയായിത്തീരുകയാണ്.

# ആസൂത്രിത പുരോഗതിക്ക് വിഘാതം ജനാധിപത്യ വ്യവസ്ഥിതിയോ?

ജെയിംസ്

1947 ഓഗസ്റ്റ് 15-ാം തീയതി, ബ്രിട്ടീഷാധിപത്യത്തിൻ കീഴിലിരുന്ന ഇൻഡ്യൻ ജനത സ്വാതന്ത്ര്യം പ്രാപിച്ച ദിനമാണ്. സ്വാതന്ത്ര്യത്തിന്റെ നീണ്ട ഇരുപത്തിയാറ് വർഷങ്ങൾ നാം പിന്നിട്ടു കഴിഞ്ഞു. ഈ 26 വർഷം കൊണ്ട് വളരെയൊക്കെ നേടി. വളരെയൊക്കെ പഠിച്ചു. നമുക്ക് തെററുപററിയിട്ടുണ്ട്; പാളിച്ചകൾ പററിയിട്ടുണ്ട്. ആത്മവിശ്വാസത്തോടും ധീരതയോടും ക്ഷമയോടും കൂടി നാം പ്രവർത്തിച്ചു. പല പ്രതിസന്ധികളെയും അതിജീവിച്ചു. നമ്മുടെ ശക്തിയെന്തെന്നും ബലഹീനതയെന്തെന്നും വളരെ കഷ്ടപ്പെട്ട് നാം മനസ്സിലാക്കി. സ്വാതന്ത്ര്യത്തെ ആവേശപൂർവ്വം വിലമതിക്കുവാൻ നാം പഠിച്ചു. എന്നിട്ടും നാം നമ്മുടെ ലക്ഷ്യത്തിലെത്തിച്ചേർന്നോ? നമ്മുടെ ഉദ്ദേശ്യം നിറവേററപ്പെട്ടോ? യഥാർത്ഥത്തിൽ നാം സ്വാതന്ത്ര്യം വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തിയോ?

1947-ൽ നാം സ്വതന്ത്രരായെങ്കിലും 1950 ൽ മാത്രമാണ് ഒരു പരമാധികാര ജനാധിപത്യ രാഷ്ട്ര മായി നാം രൂപം കൊണ്ടത്. അവിടുന്നിങ്ങോട്ട് ഏററവും നല്ല ഭരണരീതിയെന്ന് എല്ലാവരും അഭി പ്രായപ്പെട്ടിരിക്കുന്ന, ജനാധിപത്യ ഭരണക്രമം നാം സ്വീകരിച്ചു പോന്നു. ലോകത്തിലെ ഏററവും വ ലിയ ജനാധിപത്യ രാഷ്ട്രങ്ങളിൽ പ്രമുഖമായ സ്ഥാ നവും നാം പിടിച്ചുപററി. പക്ഷെ സാമൂഹ്യ സാ മ്പത്തിക-വ്യാവസായിക മണ്ഡലങ്ങളിൽ നാം മററ ജനാധിപത്യ രാഷ്ട്രങ്ങളോടൊപ്പം എത്തിയിട്ടില്ല എന്നുള്ളത് ഒരു സത്യമായി ഇന്നും അവശേഷിക്കുക യാണ്. അതിനു കാരണം നമ്മുടെ പരിപാടിക ളുടെ ആസൂത്രണത്തിൽ ഉണ്ടായ പിശകാണോ അതോ നമ്മുടെ ഭരണ ക്രമമാണോ?

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നമ്മുടെ ഭാവിനീക്കങ്ങൾ ഏതു രീതിയിൽ കൊണ്ടു പോകണമെന്ന്

നമ്മുടെ നേതാക്കന്മാർ പരിചിന്തനം ചെയ്യുകയും 1950 ൽ Planning commission രൂപീകരിക്കുകയും ചെയ്തു. അന്ന് റഷ്യയിൽ സ്റ്റാലിന്റെ ഭരണകാലത്ത് അദ്ദേഹം തന്നെ ആവിഷ്കരിച്ച ഒരു പ്രധാന കർമ്മപരിപാടിയായിരുന്നു പഞ്ചവത്സര പദ്ധതി. പ്രസ്തുത പദ്ധതികൾ മുഖേന രാഷ്ട്രത്തിന്റെ മുഖച്ഛായ മാറ്റുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇത് കാണാനിടയായ നമ്മുടെ നേതാക്കന്മാർ, രാഷ്ട്രത്തിന്റെ അടിയന്തര പ്രശ്നങ്ങൾ പരിഹരിക്കുവാൻ വെമ്പൽ പൂണ്ടുകൊണ്ടിരുന്ന നമ്മുടെ നേതാക്കന്മാർ, നമ്മുടെ എല്ലാ പ്രശ്നങ്ങളുടേയും പരിഹാര മാർഗ്ഗമായി ഇതിനെ കാണാൻ ശ്രമിച്ചു. തത്ഫലമായി 1951-ൽ ഒന്നാം പഞ്ചവത്സരപദ്ധതിക്ക് തറക്കല്ലിടുകയും ചെയ്തു.

ഭരണഘടനയുടെ ദേശീയ നയങ്ങൾക്കുള്ള താത്വിക നിർദ്ദേശങ്ങളാണ് നമ്മുടെ പദ്ധതികളുടെ അടിസ്ഥാനവും മാർഗ്ഗദർശിയും. നമ്മുടെ ലക്ഷ്യം ഒരു സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥിതിയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആ ലക്ഷ്യപ്രാപ്തിക്കുള്ള കർമ്മപരിപാടിയാണ് ആസൂത്രിത പദ്ധതികൾ.

ഇന്നും രാജ്യത്തിലെ പകുതിയാളുകൾ നാട്ടിലെ നേട്ടങ്ങളുടെ ഫലം അനുഭവിക്കാത്തവരായിക്കഴിഞ്ഞു കൂടുകയാണ്. ഇതെങ്ങനെ സംഭവിച്ചു? വർദ്ധിച്ചു വരുന്ന ജനസംഖ്യ ഇതിനു കാരണമായി പറയപ്പെടുന്നുണ്ട്. ഒരു പരിധിവരെ അത് ശരിയാണ്. അനിയന്ത്രിതമായ ജനപ്പെരുപ്പം സാമ്പത്തിക വികസനത്തിനായി നാം നടത്തിയ ശ്രമങ്ങളെ അമ്പേ പരാജയപ്പെടുത്തിക്കളഞ്ഞു. ഇതിന്റെ പരിണിത ഫലമോ ദാരിദ്ര്യം ഒരു തീരാവ്യാധിയും തൊഴിലില്ലായ്മ ഒരു വിഷമ പ്രശ്നവും ആയിത്തീർന്നു. നമ്മുടെ ജീവിതത്തിന്റെ, ചരിത്രത്തിന്റെ, പാരമ്പര്യത്തിന്റെ ഭാഗമായിക്കഴിഞ്ഞ, രാഷ്ട്രത്തിന്റെ ചുമലിൽ നെടുനാളായി സ്ഥിതിചെയ്യുന്ന ഒരു ഭാരമാണ് ദാരിദ്ര്യം. ' ഒരെഴുത്തുകാരൻ ഇങ്ങനെ രേഖപ്പെടുത്തുകയുണ്ടായി. "പാവപ്പെട്ട ജനങ്ങൾ വസിക്കുന്ന സമ്പന്നമായ ഒരു രാജ്യമാണ് ഇന്ത്യ" എന്ന്. എത്രയോ ശരിയാണിത്!

വിവിധ തരത്തിലുള്ള ആസൂത്രിത പുരോഗതിയെ തടസ്സപ്പെടുത്തിയ കാരണങ്ങളെന്താണ്? സ്വാതന്ത്ര്യത്തിന്റെ 26 വർഷം കഴിഞ്ഞിട്ടും നമ്മുടെ പ്രശ്നങ്ങളുടെ കുരുക്കഴിയാത്തതെന്താണ്?, പുരോഗതിയുടെ രാജപാതയിൽ നാം വളരെയൊന്നും മുന്നേറാത്തതെന്താണ്? ഈ ചോദ്യങ്ങൾക്കെല്ലാം പല ഉത്തരങ്ങളും പലരും പറയാറുണ്ട്. വ്യാപാരക്കമ്മി, പ്രതികൂലമായ കാലാവസ്ഥ, രാഷ്ട്രീയ അസ്ഥിരത, വിദേശരാജ്യങ്ങളുടെ ആക്രമണം.- അങ്ങനെ പലതും പറയാറുണ്ട്. ഇതിലെല്ലാമുപരിയായി ഇന്നത്തെ നമ്മുടെ ഭരണാധികാരിയേയും ആസൂത്രണത്തിലുള്ള അപാകതയേയും ചൂണ്ടിക്കാണിക്കുന്നവരുമുണ്ട്. അതിന്റെ സാധ്യതയെ ഒന്നു പരിശോധിക്കാം.

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇൻഡ്യ അവലംബിച്ച ഭരണരീതി ജനാധിപത്യ പരമായിരുന്നുവെന്ന് മുൻപേ പറഞ്ഞുവല്ലോ. എന്താണീ ജനാധിപത്യം? എബ്രഹാം ലിങ്കന്റെ അഭിപ്രായത്തിൽ ജനാധിപത്യമെന്ന് പറയുന്നത് ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ജനങ്ങൾക്കുവേണ്ടി ഭരിക്കുന്ന രീതിയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഭരിക്കുന്നവർ രാജ്യത്തെ ഭൂരിപക്ഷമായിരിക്കണം. ജനാധിപത്യത്തിനു നേരെ ഉയരുന്ന പ്രധാന ആരോപണവും ഇതുതന്നെയാണ്. quality-യേക്കാൾ quantity-യെ പരിഗണിക്കുന്നു എന്ന്, ഈ അടുത്ത കാലത്ത് ശരിയായ ജനാധിപത്യത്തെപ്പറ്റി സർവ്വോദയ നേതാവ് ജയപ്രകാശ് നാരായണൻ അഭിപ്രായപ്പെടുകയുണ്ടായി. 'ജനങ്ങൾക്ക് സമ്പൂർണ്ണ പൗരസ്വാതന്ത്ര്യമുണ്ടായിരിക്കുകയും വിചാരണ കൂടാതെ ആരെയും തടങ്കലിൽ വയ്ക്കാതിരിക്കുകയും സ്വതന്ത്രമായ പ്രവർത്തനം അനുവദിക്കുകയും സമ്മതിദായകരുടെ സ്വാതന്ത്ര്യത്തിന് ഹാനിനേരിടാതിരിക്കുകയും അഴിമതിക്ക് സ്ഥാനമില്ലാതിരിക്കുകയും ചെയ്യുന്ന ഭരണ സംവിധാനമാണ് ജനാധിപത്യം'. ഈ വസ്തുത ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ബാധകമായിട്ടുണ്ടോ?

ലോകത്തിലെ ഏറ്റവും വലിയ സമ്പന്ന രാഷ്ട്രങ്ങളിൽ പലതും-സാമ്പത്തികമായും വ്യാവസായികമായും ഉയർന്ന-സ്വീകരിച്ചിരിക്കുന്ന ഭരണ രീതി ജനാധിപത്യമാണ്. ഉദാ: ബ്രിട്ടൻ, ഓസ്ട്രേലിയ, അമേരിക്ക, സ്വിറ്റ്സർലണ്ട്, ജപ്പാൻ ഇങ്ങനെ പലതും. രണ്ടാം ലോകമഹായുദ്ധത്തോടുകൂടി നശിച്ചു പോയ ജപ്പാൻ ഇന്ന് ഏറ്റവും വലിയ ശക്തിയായിത്തീർന്നത് ജനാധിപത്യത്തിലൂടെയാണ്. അപ്പോൾ ചിലർ പറയുന്നുണ്ട് റഷ്യയിൽ ജനാധിപത്യമല്ലായിരുന്നല്ലോ, എന്നിട്ടും അവിടെ പുരോഗതിയുണ്ടായല്ലോ എന്ന്. ശരിയാണ്. പക്ഷെ അവിടെയും ഒരു രീതിയിൽ ജനാധിപത്യമായിരുന്നു. പക്ഷെ അതൊരു ഏകീകൃതജനാധിപത്യമായിരുന്നു. ഇൻഡ്യയിൽ നെഹ്റു ജനാധിപത്യ വ്യവസ്ഥിതി സ്വീകരിച്ചിട്ട് അതെന്താണെന്ന് ജനങ്ങളെ ബോധവാന്മാരാക്കാതെ ആസൂത്രിത പദ്ധതികൾ ഇടങ്ങ

യാണ് ചെയ്തത്. ഇന്നും നാം ജനാധിപത്യം എന്താണെന്ന് ശരിക്ക മനസ്സിലാക്കിയിട്ടുണ്ടോ? ഉണ്ടായിരുന്നുവെങ്കിൽ നമ്മുടെ ഗതി ഇങ്ങനെയാകുകയില്ലായിരുന്നു.

ഒരു ജനാധിപത്യ സമൂഹം സ്വാതന്ത്ര്യവും സമത്വവും, ഊർജ്ജസ്വലതയും ബുദ്ധിശക്തിയും ഉള്ള ജനതയെ ഉൾക്കൊണ്ടതാണ്. സമത്വത്തിലും സഹവർത്തിത്വത്തിലുമാണിത് വളരേണ്ടത്. സാമൂഹ്യവും സാമ്പത്തികവും ആയി ഒരുമയില്ലാത്തത് ജനാധിപത്യ സമൂഹമല്ല. സ്വന്തം ഇഷ്ടപ്രകാരം ആർക്കും എന്തും ചെയ്യാം, ഒരു പരിധിവരെ. പക്ഷെ റഷ്യയിൽ അങ്ങിനെയല്ല. അവിടെ ഇന്നതേ ചെയ്യാവൂ എന്ന് നിബന്ധനയുണ്ട്. അങ്ങിനെയെങ്കിൽ ജനാധിപത്യം ഒരു ഗവർമെൻറ് അല്ല പ്രത്യുത, Order of the Society-യെ ആണ് സൂചിപ്പിക്കുന്നത്. ജനാധിപത്യത്തിൻെറ വിജയം പരസ്പര ബഹുമാനത്തിലും ചേരിതിരിവില്ലായ്മയിലുമാണ്. സാമൂഹ്യ സാമ്പത്തിക സമത്വം വരാതെ ജനാധിപത്യം വിജയിക്കുകയില്ല. അതാണ് ഇൻഡ്യയിലെ ജനാധിപത്യത്തിനു് പററിയ തെററ്. സാമൂഹിക സാമ്പത്തിക രംഗത്ത് നികത്താനാവാത്ത ഭിന്നതയാണ്, ഇൻഡ്യയിൽ.

ഇൻഡ്യ ഇന്നും രാഷ്ട്രീയമായ അരാജകത്വത്തിലും പ്രതിസന്ധിയിലുമാണ് സ്ഥിതിചെയ്യുന്നത്. ജനാധിപത്യത്തിൻെറ ശവക്കുഴി തോണ്ടുന്ന ഒന്നാണ് ക്ഷുദ്രമനസ്ഥിതിക്കാരായ രാഷ്ട്രീയപാർട്ടികൾ. ഈ പാർട്ടികളുടെ അതിപ്രസരം ഇന്ന് എല്ലായിടത്തും—തൊഴിലാളി വിദ്യാർത്ഥി വിഭാഗത്തിലുംപ്പെടെ- കടന്നുകയറിയിരിക്കുകയാണ്. കേരളത്തിലെ മാത്രം കണക്കിതാണ് 2¼ കോടി ജനങ്ങൾക്ക് 2½ ഡസൻ പാർട്ടി. ജനങ്ങളുടെ പ്രശ്നങ്ങളെ കൂലംകഷമായി പഠിച്ച്, ശാസ്ത്രീയമായി അപഗ്രഥിച്ച് അവയെ തരണം ചെയ്യുവാൻ കർമ്മ പദ്ധതികൾ ഉള്ള എത്ര പാർട്ടികളുണ്ടിവിടെ? ഓരോ പാർട്ടിയുടെയും പ്രധാന ആവശ്യം ഭരണം നേടുക, നേടിയാൽ കൈവിടാതിരിക്കുക എന്നതാണ്. ഓരോ തിരഞ്ഞെടുപ്പിനും ഇവർ ചെലവഴിക്കുന്ന പണം എത്രയാണ്! അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ അത്താണിയെന്ന് അവകാശപ്പെടുന്ന ഇവർ തിരഞ്ഞെടുപ്പ് കഴിയുമ്പോൾ അവരുടെ കത്താണിയായിത്തീരുകയാണ്. നിരന്തരമായ തിരഞ്ഞെടുപ്പുകളും സമ്മേളനങ്ങളും നമ്മുടെ എത്ര പണമാണ് അപഹരിക്കുന്നത്? ആ പണമെല്ലാം നമ്മുടെ രാഷ്ട്രപുരോഗതിക്കായി ഉപയോഗിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

ഇനിയും നമ്മുടെ ജനാധിപത്യത്തെ അധഃപതനത്തിലാക്കുന്ന ഒന്നാണ് കൈക്കൂലിയും അഴിമതിയും. ഇവ രണ്ടും ഇന്ന് ഒരു സാധാരണ സംഭവമായിത്തീർന്നിരിക്കുകയാണ്. ഇവ ഈ രാഷ്ട്രത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്താലേ നമ്മുടെ കർമ്മപരിപാടികൾ വിജയിക്കുകയുള്ളൂ. അക്രമവും നിയമ നിഷേധവും ദിനം തോറും വർദ്ധിച്ചു വരുകയാണ്. ഇവയെല്ലാം നമ്മുടെ വികസനപരിപാടികൾക്ക് ഇരങ്കം വയ്ക്കുന്നവയാണ്. തെരുവു മുതൽ അങ്ങ് നിയമനിർമ്മാണം നടത്തുന്നവരുടെ ഇടയിൽവരെ സമരവും മററ അക്രമപ്രവർത്തനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ അടുത്തയിടെ ഗുജറാത്തിലും ബീഹാറിലും സംഭവിച്ചതെന്താണ്? രാഷ്ട്രത്തിന്റെ പൊതു ശ്രദ്ധയെ അങ്ങോട്ടേക്ക് മാററുവാൻ നാം നിർബ്ബന്ധിതരായി. ഒരു പക്ഷെ ജനതയുടെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കാനായിരിക്കാം അവർ ഇത്തരം പ്രവർത്തനങ്ങൾ അഴിച്ചു വിട്ടത്. പക്ഷെ അവ നമ്മുടെ രാഷ്ട്രത്തിന്റെ പുരോഗമന പ്രവർത്തനങ്ങളെ ബാധിക്കാനിടയായാൽ പിന്നത്തെ ഗതിയെന്താണ്? നിസ്സാരകാര്യങ്ങൾക്ക വരെ സമരം എന്ന രീതി മാറണം. എല്ലാ പാർട്ടികളുടേയും അന്തിമ ലക്ഷ്യം രാഷ്ട്ര പുരോഗതിയായിരിക്കണം. എല്ലാവരുടേയും വീക്ഷണം ഒരേ രീതിയിലാകണം.

നമ്മുടെ രാജ്യത്ത് ജനാധിപത്യം വിജയിക്കണമെങ്കിൽ ആസൂത്രിത പദ്ധതികൾ, പുരോഗമന പ്ര ദമാകണമെങ്കിൽ, നാം ഒററക്കെട്ടായി നിന്നേ മതിയാകൂ. ഇത്രയും നാളുകളായിട്ടും നാം സാമ്പത്തിക സാമൂഹ്യരംഗത്ത് സ്വാശ്രയത്വം നേടിയിട്ടില്ല. അസമത്വവും അവജ്ഞയും സമൂഹത്തിൽ നിന്നും മാറിയിട്ടില്ല. ഇതിനെല്ലാം ചെയ്യേണ്ട പരിപാടികൾ ജനതയിലാണ് സ്ഥിതിചെയ്യുന്നത്. ഒരു പക്ഷെ ഭരണനേതൃത്വത്തിന് അല്പം അധികാരം ഉപയോഗിക്കേണ്ടിവന്നേക്കാം. ഇന്ന് ദിനം തോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പുതിയ പാർട്ടികളേയും രാഷ്ട്രപുരോഗതിക്ക് തടസ്സമായി വരുന്ന സംഘടനകളേയും നിരോധിക്കണം. തൊഴിലാളികളുടെ നിരുത്തരവാദിത്വപരമായ പ്രവർത്തനങ്ങൾ ഇല്ലാതാകണം. സമരവും മററും കുറെ നാളത്തേക്ക് നിരോധിക്കണം. കൈക്കൂലിയും അഴിമതിയും തിരോധാനം ചെയ്യപ്പെടണം. ഇതെല്ലാം സാധ്യമായാലേ ജനാധിപത്യ രാഷ്ട്രമായ ഇൻഡ്യയിൽ ആസൂത്രിത പദ്ധതികൾ വിജയിക്കുകയുള്ളൂ.

നമുക്ക വേണ്ടത് അടിയന്തിര പുരോഗതിയാണ്. ഇൻഡ്യയിലെ ഇപ്പോഴത്തെ പരിതസ്ഥിതിയിൽ മേല്പറഞ്ഞ കാര്യങ്ങൾ നടപ്പാക്കിയാലേ നമ്മു

(ശേഷം 68-ാം പേജിൽ)

# COMPLEXES

Michael Tharakan

## LIFE

The agony of living
having born
is an acute pain.
It grows with life.
It never dies.

Why should I suffer?
Is life a lot of suffering?
Why should I be happy?
Is life a lot of happiness?

The chains that hold me tight
to life for being born
are heavy chains.
They get stronger with life
they never relent.

Why should I be unfree,
is life a locked up cell?
Why should I be free,
is life an aimless trip?
The weight that crumbles me
down to earth that gave me life
is a mighty weight.

It grows enormous as life goes on
never it lessens nor withers.

## DREAMS

Withering away of the state, is a dream.
Weightlessness is also a dream.
I dream many dreams, nay, fantasies
of flesh and blood and formlessness.

To dream is a matter of joy for me.

I dream of hills and valleys,
of dew drops dripping down green leaves,
of satisfaction,

of love and kisses,
of spicy food,
of travels, riches, pleasures, triumphs;
I have a lot of dreams.

## LOVE

To live is to love
and to love is to live.
Love love, love life.
Life is worth a living
and love is worth a giving

In giving you receive;
Our gifts are our rewards.
Give life.
Give love.
Love, love, love life.

## SADNESS

When he is sad
he is glad.
He sings when sad;
his songs are sad.
He loves when sad;
his lovers are sad.
He is glad when he sings,
he is glad when he loves,
he sings when he is sad,
he loves when he is sad;
when he is sad
he is glad.

## INNOCENCE

They say it is a matter of innocence,
not knowing, hence not acting.
I wonder really. Are they right?
I didn't know; so didn't I act.
Then people said I am innocent.
Had I known, would I have; been innocent?

## FACE

There is salt on the face—
black, earthly face
there is glitter in the eyes
eyes that have a deeper dye.
Chiselled features, hardset jaws
there is salt on the face—
black, earthly face.
Character writ large
Scarred but steady—
it holds you tight
revealing no age, no feelings
it's hard set, the face.
There is character on the face,
black, earthly face.

## WORDS

I am a prisoner of words
my words, your words, many other's words.
words surround me. I am trapped.

Meaningless words
Purposeless words
words devoid of life
are aplenty.
Words lose credibility
they are soulless
when not born in pain;
comforting words are the most painful.

## BEAUTY

Dami't, I don't know why I write.
Tell me if you know it.
I would like to know why I write
of beautiful things.

I will stop if you want
But you can't stop me, I bet;
that's the beauty of my life.

◆

ലേഖനം

മതം സാർവ്വലൗകികമായ ഒരു സ്നായുരോഗമാണ്. മതാനുഷ്ഠാനങ്ങളെല്ലാം വ്യാപകമായ ന്യൂറോസിസ്സുകളുമാണ്. ഇങ്ങനെയുള്ള മതങ്ങളെ, ലോകശരീരത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഈ ക്യാൻസറുകളെ എത്രയും വേഗം ഛേദിച്ചുകളയേണ്ടതാണ്.

# മതങ്ങളും സമൂഹവും

പൗലോസ്. പി. എ.

ഒരു പാരമ്പര്യാധിഷ്ഠിത സമൂഹത്തിന്റെ ചട്ടക്കൂട്ടിൽനിന്ന് മോചിതമാകാനുള്ള യുവതലമുറയുടെ തീക്ഷ്ണമായ ആഗ്രഹത്തിൽനിന്ന് ഉത്ഭൂതമായ കൊടുങ്കാറ്റ്, പടിഞ്ഞാറിനേയും കിഴക്കിനേയും ഒരുപോലെ പ്രകമ്പനം കൊള്ളിക്കുന്ന അത്ഭുതപൂർവ്വമായ ഒരു കാഴ്ചയാണ് ഇന്ന് നമ്മുടെ മുമ്പിലുള്ളത്. അർത്ഥം നഷ്ടപ്പെട്ട പഴയ ആചാരങ്ങളുടേയും വിശ്വാസങ്ങളുടേയും ജീർണ്ണിച്ച ഗോപുരങ്ങളുടെ ഉച്ചിയിൽനിന്ന് "ഞങ്ങൾ പറയുന്നതു മാത്രമേ സത്യമായിട്ടുള്ളൂ" എന്ന് ഉദ്ഘോഷിക്കുന്ന വയസ്സൻ തലമുറ, അടിത്തറ തന്നെ ഇളകിയിരിക്കുന്നു എന്ന സത്യം അറിഞ്ഞ ഭാവംപോലും നടിക്കുന്നില്ല. ഇങ്ങനെയുള്ള ഒരു പരിതസ്ഥിതിയിൽ, പഴയ തലമുറ പിതൃസ്വത്തെന്നപോലെ നമുക്ക് സമ്മാനിക്കുന്ന മതങ്ങളുടെ സ്വാധീനം, സമൂഹത്തെ എങ്ങിനെ ബാധിക്കുന്നു എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ചില കാലഘട്ടങ്ങളിൽ മതങ്ങൾക്ക് സമൂഹത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ സാധിച്ചിരുന്നെങ്കിലും ആധുനികീകൃതമായ ഒരു സമൂഹത്തിന്റെ ആവിർഭാവത്തോടുകൂടി മതങ്ങൾക്ക്, അവികസിത രാജ്യങ്ങളിലെ ജനങ്ങളുടെ മേലുള്ള പിടി അയഞ്ഞുകൊണ്ടിരിക്കുന്നതായിട്ടാണ് കാണുന്നത്. ഇഹത്തിൽ നിഷേധിക്കപ്പെട്ടെങ്കിലും പരത്തിലെങ്കിലും സുഖസമ്പൂർണ്ണ ജീവിതമാസ്വദിക്കാമെന്ന വ്യാമോഹത്തിന്റെ പിടിയിലൊതുങ്ങിയ മനുഷ്യന്റെ മുമ്പിൽ ഏതു വിഡ്ഢിത്തവും എറിഞ്ഞുകൊടുത്താൽ അവനതു സ്വീകരിക്കുന്ന കാലം കഴിഞ്ഞിരിക്കുന്നു. മാറിയ ചുറ്റുപാടുകളിൽ മതവിശ്വാസം എങ്ങിനെ മനുഷ്യന്റെ പ്രവൃത്തിമണ്ഡലങ്ങളെ സ്വാധീനിക്കും എന്നാണ് നമുക്കറിയാനുള്ളത്.

(65-ാം പേജിൽനിന്നും)

ടെ പ്രശ്നങ്ങൾ പരിഹൃതമാകൂ. അതുകൊണ്ട് നാം ഒരു ഏകാധിപത്യത്തിലേക്ക് പോകണമെന്നല്ല ഉദ്ദേശിക്കുന്നത്. അല്പം ചില നിയന്ത്രണങ്ങളും മാറ്റങ്ങളും നമ്മുടെ വ്യവസ്ഥിതിയിൽ ഉണ്ടാകണം. ഇതിലെല്ലാമുപരി രാഷ്ട്രത്തിന്റെ ഭാവി ശോഭനമാക്കുവാൻ ജനങ്ങൾ ശ്രമിക്കണം. ഓരോ പദ്ധതിയുടെയും വിജയം ജനങ്ങളിലാണ്. അർപ്പണമനോഭാവത്തോടും നിശ്ചയദാർഢ്യത്തോടും അച്ചടക്കത്തോടും കൂടിയുള്ള ഒരു സമീപനമായിരിക്കണം നമ്മുടേത്. നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി ഇതാ പുതിയ ഒരു പദ്ധതി– അഞ്ചാം പഞ്ചവത്സരപദ്ധതി ആരംഭിക്കുവാൻ പോകുന്നു. ഈ പദ്ധതി നടപ്പാക്കുന്ന ചുമതല പ്രധാനമായും യുവജനങ്ങളിലാണ്. അതുകൊണ്ട് വിദ്യാർത്ഥികളായ നാമും ഇതിൽ പങ്കുകൊണ്ട് നമ്മുടെ രാഷ്ട്രത്തിന്റെ മുഖച്ഛായ മാറ്റുവാൻ ഉതകുന്ന ഈ പദ്ധതിയുടെ വിജയത്തിനായി ശ്രമിക്കണം. നമുക്ക് ശ്രമിക്കാം. വിജയം നമ്മുടേതാണ്.

...

പുതിയ മൂല്യങ്ങൾക്ക് വേണ്ടിയുള്ള തിരച്ചി
ലിൽ ഉരുത്തിരിഞ്ഞ പുതിയ തത്വസംഹിതകളിൽ
മിക്കവയും സമകാലീന സമൂഹത്തോടുള്ള യുവതല
മുറയുടെ എതിർപ്പിന്റെ ബഹിർസ്ഫുരണങ്ങ
ളായി മാത്രമേ കണക്കാക്കാൻ കഴിയൂ. 'ഹിപ്പിയി
സവും' 'ജീസസ് മൂവ്മെന്റും' 'ഹാരേകൃഷ്ണ' പ്രസ്ഥാ
നവുമെല്ലാം ഈ എതിർപ്പിന്റെ പ്രതീകങ്ങൾ മാത്ര
മാണ്. കാലഹരണപ്പെട്ട വിശ്വാസങ്ങളുടെ അടി
ത്തറയിളക്കാനുള്ള ചാതുര്യം പ്രദർശിപ്പിച്ച യുവതല
മുറ പുതിയ അന്ധവിശ്വാസങ്ങളെ ആലിംഗനം
ചെയ്യാൻ മുതിരുന്നതു കാണുമ്പോൾ സത്യത്തിൽ വേ
ദനയാണനുഭവപ്പെടുന്നത്. മാറ്റത്തിനു വേണ്ടി
യുള്ള ഒരു മാറ്റമാണോ ഈ പ്രസ്ഥാനക്കാരുദ്ദേശി
ക്കുന്നത് എന്ന് വ്യക്തമല്ല. എന്നിരുന്നാലും, പര
സ്പരം വെട്ടിയും കുത്തിയും സ്വയം നശിക്കുന്ന ആധു
നിക ലോകത്തോടുള്ള വെറുപ്പ് ഇവർ പ്രകടിപ്പിക്കു
ന്നുണ്ടെന്നുള്ളത് ആശാവഹമാണ്.

ലോകത്ത് ഇന്നുള്ള മതങ്ങളെല്ലാം ഒരേ ലക്ഷ്യ
ത്തിലേയ്ക്കാണുന്നം വയ്ക്കുന്നത്. മാർഗ്ഗം പലതാണെങ്കി
ലും ലക്ഷ്യമൊന്നുതന്നെ. സാഹോദര്യത്തിലും പരസ്പര
സ്നേഹത്തിലുമധിഷ്ഠിതമായ ഇഹലോക ജീവിതവും
നന്മയ്ക്ക് പ്രതിഫലവും തിന്മയ്ക്ക് ശിക്ഷയും നൽക
പ്പെടുന്ന പരലോകവുമാണ് ആത്യന്തികമായി എല്ലാ
മതങ്ങളും വിഭാവനം ചെയ്യുന്നത്. ഈ ലക്ഷ്യങ്ങൾ
പ്രാപിക്കാൻ ഈ മതങ്ങൾക്ക് എത്രകണ്ട് സാധിച്ചു
വെന്നുള്ളത്. ഒരു സൂക്ഷ്മപഠനത്തിന് വിധേയമാക്കേ
ണ്ടതാണ്. മതങ്ങൾ സമൂഹത്തിൽ എന്തുചെയ്തു,
സമൂഹത്തിന്റെ ആരോഗ്യകരമായ നിലനില്പിന്
ഈ മതങ്ങൾ ആവശ്യമാണോ, മതസംബന്ധമായ
വിഷയങ്ങളിൽ ആധുനിക മനുഷ്യന്റെ നിലയെ
ന്തായിരിക്കണം, തുടങ്ങിയ ചോദ്യങ്ങളാണ് ഈ
ലേഖനത്തിൽ വിശകലനം ചെയ്യാൻ ഞാനാഗ്രഹി
ക്കുന്നത്.

## നന്മയോ തിന്മയോ?

മതങ്ങൾ മനുഷ്യസമൂഹത്തിന് നന്മയാണോ
തിന്മയാണോ നൽകിയിട്ടുള്ളതെന്ന ചോദ്യത്തിന്
ഒറ്റവാക്കിൽ ഉത്തരം നൽകാൻ ബുദ്ധിമുട്ടുണ്ട്. ര
ണ്ടും നൽകിയിട്ടുണ്ട്. ഏതിനാണ് മുൻതൂക്കമെന്നു
ചോദിച്ചാൽ രണ്ടാമത്തേത് തെരഞ്ഞെടുക്കാൻ ഞാൻ
പ്രേരിതനായിത്തീരും. കാരണങ്ങൾ വിശദമാക്കാം.

ഇന്ന് കാണുന്ന രീതിയിലുള്ള മതങ്ങൾ, നല്ല
വരായ മതസ്ഥാപകരുടെ സ്വപ്നങ്ങളിൽപ്പോലും
ഉണ്ടായിരിക്കാനിടയില്ല എന്ന് തോന്നുന്നു. മത
ങ്ങൾ സംഘടിച്ച് ഒരു മഹാപ്രസ്ഥാനമായി വളര
ണമെന്ന് അവർ ആശിച്ചതായി കാണാൻ വക കാ
ണുന്നില്ല. പരസ്പര സ്നേഹത്തിന്റെയും മനുഷ്യ
സാഹോദര്യത്തിന്റെയും മഹത്തായ സന്ദേശങ്ങൾ
മാത്രമാണ് ഈ മതസ്ഥാപകർ എന്നു പറയപ്പെടുന്ന
വർ നൽകിയിട്ടുള്ളത്. പക്ഷേ സ്വാർത്ഥരായ കുറെ
മനുഷ്യർ ആ സന്ദേശങ്ങളെ വളച്ചൊടിച്ച് ആ
മഹാന്മാരുടെ മുഖത്ത് കരിതേക്കുകയാണ് ചെയ്തത്.
ആ നല്ല മനുഷ്യർ, യഥാർത്ഥത്തിൽ മതങ്ങളെന്ന് വി
ളിക്കപ്പെടുന്ന ആഭാസങ്ങളെ പ്രോത്സാഹിപ്പിച്ചു
എന്നു പറയുന്നത് കടുത്ത ക്രൂരതയാണ്. അവർ,
സ്വാർത്ഥ ലക്ഷ്യങ്ങളാകുന്ന അപ്പക്കഷണങ്ങൾക്കും
അധികാരത്തിന്റെ എല്ലിൻ കഷണങ്ങൾക്കും പരസ്പരം
കടിപിടി കൂടുന്ന തത്വദീക്ഷയില്ലാത്ത മനുഷ്യരാൽ
നയിക്കപ്പെടുന്ന മതങ്ങളെ സ്ഥാപിച്ചിട്ടില്ലെന്ന്
ഞാൻ തീർത്തു പറയുന്നു. മനുഷ്യന്റെ നിലനില്പി
ന്നുതകുന്ന ഒരു ജീവിത രീതി കാണിച്ചു കൊടുക്കുക
മാത്രമാണവർ ചെയ്തത്.

ആചാരാനുഷ്ഠാനങ്ങൾക്ക് വലിയ വില കല്പി
ക്കാത്തതും സർവ്വ ശക്തനായ ഒരു ദൈവത്തിൽ വി
ശ്വാസമില്ലാത്തതുമായ, ധർമ്മത്തിലധിഷ്ഠിതമായ ഒരു
ചിന്താഗതിയുടെ പ്രോക്താവായിരുന്ന ഗൗതമ ബുദ്ധ
നെന്ന സർവ്വസംഗ പരിത്യാഗിയെ ദൈവമായി ആ
രാധിക്കാനുള്ള മൗഢ്യം പ്രദർശിപ്പിച്ച 'മഹായാന'
പ്രസ്ഥാനം സംഘടിത മതത്തിന്റെ നിരർത്ഥകത
യല്ലേ കാണിക്കുന്നത്? ലോകത്തിന് സ്നേഹത്തിന്റെ
സന്ദേശം നൽകിയ ക്രിസ്തുവും അഹിംസ പ്രസം
ഗിച്ച ശ്രീബുദ്ധനും മഹാവീരനും ഇന്നെവിടെ?
ക്രിസ്തുവെന്ന ആ മഹാമനുഷ്യന്റെ നിത്യനൂതനങ്ങ
ളായ ആശയങ്ങളെ കേവലം അർത്ഥശൂന്യങ്ങളായ
ആചാരങ്ങളിൽ തളച്ചിട്ടതാണോ ക്രിസ്തുമതത്തിന്റെ
'വിശുദ്ധി?' സമാധാനത്തിന്റെ സന്ദേശം ലോക
ത്തിന്ന നൽകിയ ക്രിസ്തുവിന്റെ അനുയായികൾ
മതപ്രചരണത്തിന്നു വേണ്ടി കാട്ടിക്കൂട്ടിയ കോലാഹ
ലങ്ങൾ, അവർ സൃഷ്ടിച്ച രക്തക്കളങ്ങൾ, എത്ര ബീ
ഭത്സങ്ങളാണ്! ക്രിസ്തുവെന്ന മനുഷ്യനെ ദൈവ
മായി കൊട്ടിഘോഷിച്ച്, അദ്ദേഹത്തിന്റെ പ്രതി
പുരുഷരെന്ന് സ്വയം വിളിച്ച് പണം പിടുങ്ങുന്ന
പുരോഹിതന്മാരെ, ഇതാണോ ക്രിസ്തുവിന്റെ മതം?
ഫ്യൂഡൽ വ്യവസ്ഥിതിയെ എന്നേയ്ക്കുമായി നില
നിർത്താൻ, ചൂഷക വർഗ്ഗത്തെ താങ്ങിനിർത്താൻ
വേണ്ടി എന്തൊക്കെയാണ് മദ്ധ്യകാലത്തേയും കഴി
ഞ്ഞ നൂറ്റാണ്ടിലേയും ക്രിസ്തുമതനേതാക്കൾ ചെയ്തി
ട്ടുള്ളത്! ജീവൻ നിലനിർത്താൻ വേണ്ടി കഷ്ടപ്പെ
ടുന്ന പാവപ്പെട്ടവരുടെ കണ്ണീരൊപ്പുന്നതിനുപകരം,
സമൃദ്ധിയുടേയും സുഭിക്ഷതയുടേയും നിറവിൽ ഉല്ല

സിച്ചിരുന്ന ഈ 'ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട മക്കൾ' ചെയ്യുന്നതെന്താണെന്നോ, എവിടെയോ ഉണ്ടെന്നു പറയപ്പെടുന്ന ഒരു സ്വർഗ്ഗം അവർക്ക് വാഗ്ദാനം ചെയ്യും.. പോരേ? ക്രിസ്തുവിന്റെ അനുയായികൾ ചെയ്യുന്നത് അധികമല്ലേ? 'ഭൂമിയിലെ സ്വർഗ്ഗം ഞങ്ങൾക്കുവേണ്ടിമാത്രം' എന്നു പറഞ്ഞ് പാവങ്ങളുടെ രക്തമൂററിക്കുടിക്കുന്ന മതാധികാരികളേ, നിങ്ങൾക്കീ പൊയ്മുഖങ്ങൾ മാററിവെച്ചുകൂടേ? നിങ്ങളുടെ ഔദാര്യം കൊണ്ട് ദരിദ്രർക്ക് നിങ്ങൾ വാഗ്ദാനം ചെയ്യുന്ന 'സ്വർഗ്ഗത്തിന്റെ ആവശ്യം' ദരിദ്രർക്കില്ലെന്ന് അവർ അധികം താമസിയാതെ വിളിച്ചുപറയും. മതങ്ങൾ—പ്രത്യേകിച്ച് ക്രിസ്തുമതം—എന്നും സമ്പന്നവർഗ്ഗത്തിന്റെ കൂടെയായിരുന്നു എന്നു പറയുമ്പോൾ സേവനത്തിന്റെ വെളുത്ത കുപ്പായം ധരിച്ചവർ നെററിചുളിക്കേണ്ട. എന്തുകൊണ്ട്, 'ദരിദ്രരോട് സുവിശേഷം പ്രസംഗിക്കാനയക്കപ്പെട്ട' ക്രിസ്തുവിന്റെ അനുയായികൾക്ക് 'ആത്മാവിൽ ദരിദ്രരായ' സമ്പന്ന വർഗ്ഗത്തോട് സമത്വ സമൂഹത്തിന്റെ സുവിശേഷമറിയിക്കാൻ കഴിയുന്നില്ല?

ഹിന്ദുമതത്തിന്റെ നേട്ടങ്ങൾ കേൾക്കണോ? പ്രകൃതി പൂജയിൽ നിന്ന് തുടങ്ങി ജാതിവ്യവസ്ഥയിലും വിഭാഗീയതയിലും സ്വാർത്ഥ ചിന്തയിലും ചെന്നെത്തി, അർത്ഥമില്ലാത്ത ഏതാനും ചില ആചാരങ്ങളായി, ജീവനില്ലാത്ത ഒരു മതമായി അതിനെ രൂപാന്തരപ്പെടുത്താൻ ഹിന്ദുമത നേതാക്കൾക്ക് കഴിഞ്ഞു. മനുഷ്യനെ ജാതികളായി തിരിച്ച്, കുറെപ്പേരെ താഴ്ന്നവരായി മുദ്രയടിച്ച് അവരെ ചൂഷണം ചെയ്ത് സവർണ്ണരുടെ ജീവിതം സുഖസമ്പൂർണ്ണമാക്കിയത് ഹിന്ദുമതത്തിന്റെ ഒരു നേട്ടമല്ലേ? ഹരിജനങ്ങളെ ബലാൽസംഗം ചെയ്യാനും അവരെ ജീവനോടെ ദഹിപ്പിക്കാനും മററുമുള്ള അധികാരങ്ങൾ സവർണ്ണർക്കുണ്ടാക്കിക്കൊടുത്തത് ഹിന്ദുമതത്തിന്റെ മറെറാരു നേട്ടമല്ലേ? ലൈംഗിക വികാരശമനത്തിന് വേണ്ടി, കല്ലിൽ കൊത്തിവച്ച ശിവലിംഗങ്ങളുടേയും യോനി പ്രതിഷ്ഠകളുടേയും മുമ്പിൽ കൈകൂപ്പിനിന്ന് സായൂജ്യം നേടാൻ ഹിന്ദുമതം അവസരം നൽകുന്നില്ലേ?

മനുഷ്യർക്ക് സഹായഹസ്തം നീട്ടിക്കൊടുക്കാൻ വെമ്പൽപൂണ്ട നബിയും ഖലീഫമാരും, എണ്ണപ്രതിസന്ധി സൃഷ്ടിച്ച് ലോകത്തെ ഞെരുക്കുന്ന ഷേയ്ക്കുമാരെ എങ്ങനെ ന്യായീകരിക്കും? ലോകത്തിലെ പ്രധാനപ്പെട്ട മതങ്ങളെല്ലാം കാലത്തിനു നിരക്കാത്ത പലതിനും വേണ്ടിയാണ് ഇന്ന് നിലകൊള്ളുന്നത് എന്നു പറയുമ്പോൾ മതത്തിനു വേണ്ടി ജീവൻ കളയാൻ പോലും തയ്യാറായി നിൽക്കുന്ന മതവിശ്വാസികളെ, നിങ്ങൾക്കെന്ത് പറയാനുണ്ട്? ജാതിയുടേയും മതത്തിന്റേയും പേരിൽ രക്തപ്പുഴകളൊഴുക്കിയ ഭാരതത്തിലെ മതവിശ്വാസികളേ, നിങ്ങൾക്കെങ്ങനെ ആർഷഭാരത സംസ്കാരത്തിൽ അഭിമാനം കൊള്ളാൻ കഴിയുന്നു? ഈ ലോകം മിഥ്യയാണ്, മായയാണ് എന്നൊക്കെപ്പറഞ്ഞ് സാധുജനങ്ങളെ കബളിപ്പിക്കുന്നതാണോ, മതങ്ങളെന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന പമ്പരവിഡ്ഢിത്തം?

## മതങ്ങൾ ഒഴിച്ചുകൂടാൻ വയ്യാത്തതോ?

അർത്ഥശൂന്യമായ എണ്ണമററ ആചാരങ്ങളുടെ സമാഹാരങ്ങളാണ് മിക്ക മതങ്ങളും. ആചാരങ്ങൾ നീക്കിയാൽ ഈ മതങ്ങളിൽ ഒന്നും തന്നെ അവശേഷിക്കുന്നുണ്ടാവില്ല. 1907 ൽ എഴുതിയ ഒരു ഉപന്യാസത്തിൽ ഫ്രോയ്ഡ് പറയുന്നത് ശ്രദ്ധിയ്ക്കുക—"മതം സാർവ്വ ലൗകികമായ ഒരു സ്ഥായീരോഗമാണ്; മതാനുഷ്ഠാനങ്ങളെല്ലാം വ്യാപകമായ ന്യൂറോസിസ്സുകളുമാണ്"' ഇങ്ങനെയുള്ള മതങ്ങളെ, ലോകശരീരത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഈ കാൻസറുകളെ, എത്രയും വേഗം ഛേദിച്ചു കളയേണ്ടതാണ്. മതം സമൂഹത്തെ നിയന്ത്രിക്കുന്ന ഒരു ശക്തിയായിരുന്ന കാലം കഴിഞ്ഞിരിക്കുന്നു. ലോകത്തിലിന്ന് മതങ്ങൾ കാര്യമായ സ്വാധീനം ചെലുത്തുന്നില്ല. ഉണ്ടായിരുന്നെങ്കിൽ ലോകമഹായുദ്ധങ്ങളോ, ദൈനംദിനം നടന്നുകൊണ്ടിരിക്കുന്ന നരഹത്യകളോ, സുഭിക്ഷതയുടെ നടുവിലെ ദാരിദ്ര്യമോ ഉണ്ടാകുമായിരുന്നില്ല. ഇങ്ങനെയാണെങ്കിൽ, അവയുടെ ആവശ്യമെന്താണ്? ചിലരുടെ ഉദരപൂർത്തിയോ? എങ്കിലെന്തുകൊണ്ട് തെരുവിലിറങ്ങി ഭിക്ഷയാചിച്ചുകൂടാ? മതങ്ങൾക്ക് ഇന്നത്തെ നിലയിൽ ലോകത്തിനു വേണ്ടി ഒന്നും ചെയ്യാൻ കഴിയുകയില്ല. മനുഷ്യജീവിതത്തിൽ സമൂലമായ ഒരു മാററം സൃഷ്ടിക്കണമെങ്കിൽ ഇന്നത്തെ മതങ്ങളെ എത്രയും വേഗം നിർമ്മാർജ്ജനം ചെയ്യണം. മനുഷ്യന് അതല്പം സ്വൈരം കൊടുക്കും.

## മതങ്ങളും ആധുനിക മനുഷ്യനും

ലോകത്തിന്റെ പല ഭാഗങ്ങളിലും വ്യവസ്ഥാപിത മതങ്ങൾക്ക് അവയുടെ ചെങ്കോൽ ഉപേക്ഷിക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നത്. ജനനം മുതൽ മരണം വരെ വ്യക്തിയെ നിയന്ത്രിക്കുകയും പലപ്പോഴും കഷ്ടപ്പെടുത്തുകയും ചെയ്യാൻ മതത്തിനുണ്ടായിരുന്ന കഴിവ് നഷ്ടപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ആധുനിക മനുഷ്യൻ പുതിയ മൂല്യങ്ങളെ ക

# College Union Elections and After



roy kuri-n
president

If howmany gangfights injured and maimed howmany of us be the criterion for the just judgement of a college union, then, our union lags behind for sure. Not that it was all a peaceful comedy (without any student agitations, as the old people say). The union affairs weren't murderous, that's all.

Elections were held not so early and not so late. Once the colourful campaigns and vote-begging days were over, the political life of the college lay dormant under the veil of friendly locks.



santhosh k. p
general scretary



a. n. kutty
councillor

There were many candidates-politically oriented as well as independent--to fight the elections. All of them, the mini-politicians, were learning to imitate the fast ones pulled by their useless elders. No newspaper media, no corner meetings—but the colourful pamphlets, class to class queues of endless speakers and the array of individual-begging added to the festivity of the season.

Not all won. But no party was neglected.



k. balakrishnan nair
editor

As the political rivalries weaned off, the campus life regained its usual slow pace. Now and then students were once again seen visiting class rooms to peck the sound of knowledge. They were seen conversing about very non-political subjects. The hostels, canteen and corridors were filled with sweet-nothings.

The College Union Inauguration was not altogether a happy affair, but well it was the Vice Chancellor Dr. Krishnan himself who inaugurated.



v. k. abdul sathar
arts club secretary



george jacob
social service league secretary



remadevi
ladys' representative

Even though the college union activities were marred by clear cut political leanings, the inter-personal relations of student friends were healthy enough to compensate. Thus there was the drama festival and arts festival—both sponsored by the arts club, the All Kerala Elocution and Music Competitions and arts day steered by the college union and the Basket Ball Tournaments held with the claps of all hands.



joy t.
arts groups' representative



viswanathan
science groups' representative



padmanabhan
post graduate representative



joy francis
malayalam association
secretary



rajan tharian
hindi association
secretary



jessie paul-representative
of the english association
on the magazine committee

Nothing different or out-of-the-way happened—the usual formalities
festivals, strikes and socials closed the academic year with the valedictory
function of the college union. The chief guest of the occasion was
Ravichandran who looked fit enough to give away the prizes (a good
number of small boys was seen flocking around him for the filmy touch).
Thus died the year's college union unnoticed.



abdul lahir
p d c representative gr. I



sreekumar
p d c representative gr. II



abubaker
p d c representative gr. III

# ബാസ്ക്കറ്റ്ബാൾ മത്സരങ്ങൾ—



ഉദ്ഘാടനദിവസം ഡാ. ബേബി സ്വാഗതമാശംസിക്കുന്നു.

1966 മുതൽ നടന്നുവരുന്ന ബാസ്ക്കറ്റ്ബാൾ മത്സരങ്ങളാണ് മനോരമ ട്രോഫിയും, ഡാ. പി. എം. ചെറിയാൻ ട്രോഫിയും.

'മലയാള മനോരമ' സംഭാവന ചെയ്ത 'എവർ റോളിംഗ് ട്രോഫി'യോടൊപ്പം ഇപ്പോൾ യു. സി. കോളജിന്റെ സുവർണ്ണജൂബിലി ട്രോഫികൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പുരുഷവിഭാഗത്തിനുവേണ്ടിയുള്ള ഈ മത്സരപരമ്പരകളിൽ കേരളത്തിൽനിന്നും പുറത്തുനിന്നും അനവധി കോളേജുകൾ പങ്കെടുക്കുന്നു. ബാസ്ക്കറ്റ്ബാൾ രംഗത്തെ പ്രാധാന്യമുള്ള ഒരു മത്സരമാണ് മനോരമട്രോഫി. ഡാ. പി. എം. ചെറിയാൻ ട്രോഫി വനിതകളെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.



ശ്രീ. ആൻഡ്രൂസ് കളിക്കാരെ പരിചയപ്പെടുന്നു.

യു. സി. കോളേജിലെ 'ഫ്ളഡ് ലിററ്' സി. പി. ആൻഡ്രൂസ് സ്റ്റേഡിയം മത്സരദിവസങ്ങളിൽ ഒരുതരം ഉത്സവപ്രതീതി സൃഷ്ടിക്കുന്നു. ബാസ്ക്കററ് പ്രേമികളായ സ്ത്രീ പുരുഷന്മാരുടെ തിരക്ക് വർണ്ണപ്പകിട്ടാർന്നതാണ്.



യു. സി. കോളേജും ടി. ഡി. മെഡിക്കോസുമായി ഒരു മത്സരം



ഇതുവരെ ട്രോഫി നേടാൻ കഴിഞ്ഞിട്ടില്ലെങ്കിലും സാധാരണയായി നമ്മുടെ പുരുഷവിഭാഗം മത്സരങ്ങളിൽ പങ്കെടുക്കാറുണ്ട്. കഴിഞ്ഞവർഷം നാം 'റണ്ണേഴ്സ് അപ്പ്' ആയി ഉയർന്നു എന്നത് സ്മരണീയമത്രേ. ഈ നേട്ടത്തിൽ നിന്ന് ആവേശമുൾക്കൊണ്ടുകൊണ്ട് ഇത്തവണ നമ്മുടെ വിദ്യാർത്ഥിനികളും ഡാ. പി. എം. ചെറിയാൻ ട്രോഫിക്കു വേണ്ടി പൊരുതി. ഏതു കളിയിലും 'ഫൈററിങ് സ്പിരിററ്' ആണല്ലോ സർവ്വപ്രധാനം.

ഡാ. പി. എം. ചെറിയാൻ ട്രോഫിക്കുവേണ്ടി

# മനോരമ—പി. എം. ചെറിയാൻ ട്രോഫി

വളരെ താമസിച്ചാണ് ഇക്കൊല്ലത്തെ മത്സരങ്ങൾ നടന്നത്. കഴിഞ്ഞ കൊല്ലത്തെ ജേതാക്കൾ — ആലപ്പുഴ എസ്. ഡി. കോളേജ്—തന്നെ ഇത്തവണയും ട്രോഫി കൊണ്ടുപോയി. പി. എം. ചെറിയാൻ ട്രോഫി എറണാകുളം സെയിന്റ് തെരേസാസ് നേടി.



സമ്മാനദാനാവസരത്തിൽ റ: ഫ്രഡറിക് സംസാരിക്കുന്നു.

# SPORTS



Principal welcomes Sri. P. V. S. Namboothiripad at the closing ceremony of the annual sports meet. Anto garlands.



Men Championship for the Class II and Sr. PDC gr.II



Team Championship (women) for Class II and Sr PDC gr. II



Mary Alexander, Lizie Varghese, Nobe and Leelamma Chacko—represented Kerala University in Hockey



Under officer
Chandrahasan K. M.



S. U/o. Santhosh P. S.



L cpl. Sherafudeen.

# N C C



Winners—Inter-District Firing Compatition



Jose Clement—'Mr U C'



Geetha—Best Singer



Sasi—Best Actor

# THE BEST
# THE OUTSTANDING



Anto Francis—Men Champ



Bisini—Lady Champ



M. M. Mohanan-
Represented
Kerala University in athletics



Sunil C. Jacob
Junior State Player-
Basket Ball



George Jacob
University Player—Hockey



Paulson
the all round



Gopalakrishnan
Sr. Day Scholars Secretary



Chacko Kurien
Physics Association Secretary



Ranjit
Pre-degree Day Scholars
Secretary



The out-going Class III Physics



Captains
Sreekumar, Paul Jacob, Jacob Thomas, Venu, Paulson, George Jacob, Anto and N. P. Joseph-



Athletic Team



The Hockey Coaching Camp



Pre-degree Day Scholars Association Committee

We can go on making an endless list of suggestions for reforming our present economic system. But the crux of the problem is, how best we can find solution to our present economic problem in order to enable us to bring about social justice.

# SOCIAL JUSTICE

Dr. M. V. Kurien

We are living in an age when there is too much talk about social justice. It is a very pet topic of the politicians. There is hardly any politician who does not speak about his passion for social justice. There are different aspects of social justice– economic, social, political etc. Only the economic aspect is discussed in this article. Social justice can be realised and enjoyed only when there is economic progress.

The governments - both central and states - try to bring about social justice by two methods. (1) By taking away what they feel the excess wealth and income from the hands of the so-called well-to-do class and distributing it among the so-called poor class. Land reforms and progressive taxation are designed for the realisation of this goal. (2) By bringing about economic development through progressive utilisation of the means of production.

Unfortunately major emphasis is placed on the first method in our country while the second one is considerably more important. It is believed by most of our political parties that the easiest and best method of ushering in an era of social justice is by grabbing what the so-called 'rich' have and give it to the poor. This is based on the fundamental assumption that there is a heavy concentration of wealth in the hands of the rich and if it can be grabbed then it will be sufficient for distribution among the poor. This is a crude way of bringing about social justice. It must be remembered that the few rich do not have enough wealth and income to be distributed satisfactorily among the poor. To bring about social justice through this method is neither practical nor wise.

The experience of many countries including that of several advanced countries like U.S.A., U.S.S.R., Japan, etc. shows that social justice can be brought about only through increased production, that is the creation of more income and wealth. There is a distribution that comes through production. The very act of production brings about distribution through wages, salaries, interest, profit, lower price for goods and services and so on. Only when our unemployed people are employed and only when we create sufficient opportunities to absorb the new entrants to the labour market into productive process of employment and thereby distribute our resources through

wages, salaries, etc. and meanwhile increasing our national income and wealth can we bring about social justice. If so, we as a nation will be richer and our people will be materially better off. The present policies of the government such as indiscriminate nationalisation of industries, heavy taxation, dissuading private sector to play its proper role etc., can result in poverty of our country rather than material richness.

We can increase production either through the socialistic way or the capitalistic way. India appears to have chosen the first path. Granting that socialism is the goal for India, we have to examine it as it is practised in India today. To different people, socialism means different things. If there is any failure in the economy due to the implementation of the ill-advised policies the leaders and chotta politicians find scape-goats. The people in power will blame the opposition parties rather than accept their failures. Facts speak louder than labels. Whatever label, we choose to give to our economic system, the fact remains that so far we have managed to build one of the world's most messy models which effectively combines the major weaknessess of the leading faiths and ideologies-democracy, capitalism, communism, syndicalism and Gandhism. If we want to increase our production in the country and to enable the people to have a better standard of living we have to replace our mock-socialism by a genuine model. How can we replace our messy model by a genuine model? The following reforms can be suggested:

We have to stamp out illiteracy. Progress in our education has so far been disgracefully slow. Even according to official figures 75% of the population are illiterate today. This is enough to make a mockery of socialism. Mass illiteracy does not have peaceful coexistence with mass welfare. It must be treated on the same footing as an epidemic.

We have to translate land reform paper legislation into reality by plugging out all its loop-holes. We must also devise suitable machinery for optimum utilisation of land. The momentum that the 'Green Revolution' achieved in the late 1960's must be kept on. Every effort must be made to make India self-sufficient in food materials.

We have to mobilise man-power for productive purposes, especially for urban and rural public works such as highways, village roads, irrigation works, and construction of schools and hospitals, urban and rural houses, etc.

An all out effort must be made to provide employment for the unemployed. Full employment like provision of education and medical service is a universally accepted principle of socialism. But in spite of a century's planning and lavish public investments there has been little or no progress in the solution to this problem although one would imagine that planning should have been the 'open sesame' formula for unemployment. But the number of unemployeds has increased with every Five Year Plan. Social justice involves a large element of equality, at least of opportunity. How wherein the world is there any social justice for the unemployed? We must evolve our own pattern of a full employment policy. If we do not provide employment for all those who desire employment the talk about socialism will sound hollow and hypocritical.

If we want to increase our production, provide employment for the unemployed and better use our national resources we must do something about our public sector enterprises. Most of the public sector enterprises are run with heavy losses. We must arrest this trend. For this, we must stop the blind expansion of the existing enterprises and reform them. They must be decentralised, debureaucratised and depoliticised. In them we must build modern principles of management and harness to them the brilliant crop of young executives by replacing politicians and bureaucrats. The reckless nationalisation of well-run private industrial units must be stopped until the present public sector projects are modernised, reorganised and revitalised. Not only that, we mnst develop a vigorous, dynamic and expanding private sector giving it judicious incentives to grow into the right directions. The private sector in India has been looked down upon by the politicians on the ground that it is motivated by profit. But its profit motive is better than the loss motive of the public sector and the power motive of the politicians. A wise government can make use of the profit motive of the private sector to increase production and

employment and regulate the system through fiscal and monetary measures. The communist world has belatedly discovered this old truth and is now revising its attitude towards profit.

We can go on making an endless list of suggestions for reforming our present economic system. But the crux of the problem is, how best we can find solution to our present economic problem in order to enable us to bring about social justice. Whatever policies we adopt they must be pragmatic rather than dogmatic. The economic system we adopted at the early years of independance. i. e. mixed economy gives us enough elbow room to be pragmatic. There is a place for both public sector and private sector in India. Apart from public utilities and strategic industries the govenment has and alone can run gigantic industries which require millions of rupees worth of capital. But simply in the name of socialism the government must not strangle to death well-run private sector projects. By merely nationalising certain industries here and there socialism cannot be achieved. This act can scare only the private industrialists who can play a very significant role in our present juncture. The government's announced industrial policies of 1948 and 1956 must be effective guidelines to our present industrial policies. But it appears from the experience of the past few years as if the government pays no respect for its announced policies. Without adequate reasons or explanations the government indiscriminately nationalises or threatens to nationalise industries which have been previously set apart for private sector. The government must seek the cooperation of private sector to solve some of our present urgent problems which are poverty, stagnation, unemployment, inflation, low production etc. Only when these problems along with other problems like population explosion, illiteracy, unhygenic conditions, discrimination on the basis of caste and community. etc are solved we can usher in an era of social justice.

...

GANDHIJI SAID.........

Rights accrue automatically to him who duly performs his duties. In fact the right to perform one's duties is the only right that is worth living for and dying for. It covers all legitimate rights. All the rest is garb under one guise or another and contains in it seeds of Himsa. Let us by our actions make ourselves worthy of his teachings and sacrifice!!

**All night, All day, Every night, Every day devoted hands and brains are working in**

**T. C. C.**

to supply vital chemicals such as

** CAUSTIC SODA ** SODIUM SULPHIDE ** SODIUM HYDROSULPHITE **CHLORINE ETC. ETC.

to industries, which make soap, Rayon, Paper, Textiles, Dyes, Leather and a host of other articles of everyday use.

**THE TRAVANCORE COCHIN CHEMICALS LTD.,**

UDYOGAMANDAL-683501

KERALA STATE

## page of grief



Sathynathan

feel of flesh for ever's gone—
cemetery lilies,
bloom down our dear graves
and scent
with the feel of their flesh

## page of grief



Prof: T. B. Ninan (1897—1974)



Cicy Babu

70-ാം പേജിൽ നിന്നും തുടർച്ച

പിടിക്കേണ്ടിയിരിക്കുന്നു. മതത്തിന്റെ സ്വാധീനത്തിൽ നിന്ന് വിട്ട് മനുഷ്യസാഹോദര്യത്തിൽ അടിയുറച്ച ആദർശങ്ങളുമായി മുന്നോട്ട് വരാൻ നമുക്ക് കഴിഞ്ഞതാൽ നാം വിജയിച്ചു. മതങ്ങളും, അർത്ഥമില്ലാത്ത ആചാരങ്ങളേയും ചൂഷണോപാധികളേയും ഓടയിലെറിഞ്ഞിട്ട്, സാമൂഹ്യ സേവനത്തിലും മനുഷ്യ നന്മയിലും ശ്രദ്ധവെച്ചെങ്കിൽ! മനുഷ്യത്വത്തെ മാനിക്കുന്ന ഒരു തത്വസംഹിതയല്ല, പ്രവർത്തന പാതയാണ് 'നമുക്ക്' ലഭിക്കേണ്ടത്. മതങ്ങളുടെ അനുഭൂതി മണ്ഡലമല്ല, ഒരു ചാൺ വയറാണ് നമ്മുടെ പ്രഥമവും പ്രധാനവുമായ പ്രശ്നം. പുതിയ ഇസങ്ങളും മതങ്ങളും പ്രതിഷ്ഠിച്ചതുകൊണ്ട് കാര്യമില്ല; കർമ്മോന്മുഖമായ ഒരു പദ്ധതി ലോകത്തിന്റെ മുഴുവൻ നന്മയ്ക്കുവേണ്ടി ആവിഷ്കരിക്കുകയാണ് വേണ്ടത്. ഒരു പുതിയ 'ഹ്യൂമനിസ'മാണിന്നാവശ്യം. നശിച്ചുകൊണ്ടിരിക്കുന്ന, പാലായന പ്രേരകങ്ങളായ മതങ്ങളെക്കൊണ്ട് മനുഷ്യനെന്തു നേട്ടം? എല്ലാം വിധിയാണെന്നും കർമ്മഫലമാണെന്നും പറഞ്ഞ് മനുഷ്യരെ ചതിക്കുന്ന ഈ മതങ്ങളുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് മോചിതരാകൂ: സമത്വത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ യുവജനങ്ങളേ, "മതമെന്ന കറുപ്പ്" നിങ്ങൾ വലിച്ചെറിയൂ.

അവസാനമായി, എനിക്കൊന്നു പറയാനുള്ള, മതം മനുഷ്യന്റെ വ്യക്തിപരമായ ഒരാവശ്യമാണ്. സമൂഹം അതിൽ കൈകടത്തുന്നത് ദോഷകരമാണ്. ഒരദൃശ്യ ശക്തിയിൽ വിശ്വാസമർപ്പിക്കുന്നതുകൊണ്ട് ചിലർക്കെങ്കിലും മനസ്സമാധാനവും ആത്മസംതൃപ്തിയും ലഭിക്കുന്നുണ്ടെങ്കിൽ അവരെ വെറുതെ വിടൂ. പക്ഷേ മതങ്ങളുടെ പേരിൽ ചിലർ കാട്ടിക്കൂട്ടുന്ന ലജ്ജാകരങ്ങളായ പ്രവർത്തനങ്ങളേയും യുക്തിരഹിതമായ നീക്കങ്ങളേയും എതിർക്കാനുള്ള ചങ്കൂറ്റം, സ്വതന്ത്ര ചിന്താഗതി, യുവതലമുറയ്ക്കുണ്ടാകണം. മതവിശ്വാസമില്ലാത്തവരെ, ദൈവനിഷേധികളെ, പ്രതിക്കൂട്ടിൽ കയററി, അവരെ സമൂഹത്തിൽനിന്ന് ഒററപ്പെടുത്താൻ ചിലർക്കുള്ള താല്പര്യം വളരെ ഗർഹണീയമാണെന്നുവേണം പറയാൻ.

സത്യസായിബാബമാരുടേയും ബാലയോഗേശ്വരന്മാരുടേയും കള്ളക്കടത്തു ദൈവങ്ങളുടേയും അവരുടെ വൈതാളികരായ 'സത്യാന്വേഷികളുടേയും' നാടായ ഭാരതം പുരോഗതി പ്രാപിക്കണമെങ്കിൽ മതത്തിന്റെ കാലഹരണപ്പെട്ട മൂല്യങ്ങളെ തിരുത്തിയെഴുതണം. ഇവിടെ ഹിന്ദു–മുസ്ലീം ലഹളകളുണ്ടാകുന്നുണ്ടെങ്കിൽ, അതിനുത്തരവാദി സാധാരണജനങ്ങളെ വഴിതെററിക്കുന്ന മതനേതാക്കളാണ്. ഇന്ത്യ, യഥാർത്ഥത്തിൽ ഒരു മതേതര രാഷ്ട്രമാകണമെങ്കിൽ, മതത്തിന്റെ പേരിലുള്ള ചോരത്തിരിവുകൾക്ക് ഒരു വിരാമമിടണം; അതിന് നമ്മുടെ സർക്കാരും രാഷ്ട്രീയപ്പാർട്ടികളും നേതൃത്വം നൽകണം. വർഗ്ഗീയതയുടേയും മതവിദ്വേഷത്തിന്റേയും വിഷാണുക്കളെ ഭാരതത്തിന്റെ രക്തത്തിൽ നിന്ന് പുറത്താക്കാൻ കഴിയുന്നതാണ്, മതേതര ഇന്ത്യയുടെ വിജയം.

---

# നിസ്സഹായത

ശശിധരൻ

ഉത്തമേ നിൻകരത്തെ ഗ്രഹസ്ഥലങ്ങളിലൊതുങ്ങി
ചിതറപ്പെട്ടു പോയെൻ ഭാവിയൊരു മായ് പോൽ
അത്യഗാധമാം നീർക്കയത്തിലാണ്ട് പതിച്ചു
നിത്യവിഷാദ നിശ്ശബ്ദതയിൽ ഞാൻ ഗതിമുട്ടി
—യല്ലം പ്രാണവായുവിനായി മർത്ത്യജീവിത
—ത്തിലേകനായൊരു ദ്വീപിൽ, ഇരുളിൽ
പ്രജ്ഞയററുവീണു പോയിന്നലെ.

കാലം വളരെക്കഴിഞ്ഞു്, പേശികൾ ചുക്കിച്ചുളിഞ്ഞു്, ശക്തി ക്ഷയിച്ചു്, പൂർവ്വകാലങ്ങൾ അയവിറക്കുമ്പോൾ മയിലടപ്പനിലെ കുററൻ കയററങ്ങൾ കയറിയ ആവേശത്തിമിർപ്പും വന്യമൃഗങ്ങളുടെ നടുവിൽ ആയുധങ്ങളില്ലാതെ കഴിച്ചുകൂട്ടിയ സാഹസിക നിമിഷങ്ങളും ഒററയാനകളുടെ വിഹാരരംഗമായ ഒരുക്കൊമ്പൻ കുട്ടിയിലെ കാട്ടാനകൾ ഇടിച്ചുതകർത്ത കെട്ടിടങ്ങളിലെ രാത്രിയുമെല്ലാം ഓർമ്മയിൽ വീണ്ടും വീണ്ടും തികട്ടിവരാതിരിക്കില്ല. സൗന്ദര്യത്തിന്റേയും ആവേശത്തിന്റേയും ഈററില്ലങ്ങളായ ഈ വനങ്ങൾ അന്നും ഉണ്ടായിരിക്കുമെന്നതിനെന്താണുറപ്പ്?

# ഒരു വനപ്രവേശത്തിന്റെ കഥ

ചന്ദ്രൻ

മങ്ങിയ നിറത്തിലുള്ള കാലുറകളും കനത്ത സ്വെററുകളും ധരിച്ച് ചുമലിൽ തൂങ്ങുന്ന നീണ്ട സഞ്ചികളുമായി വാഴച്ചാലിനടുത്തുള്ള കണ്ണൻകുഴിയിൽ ബസ്സിറങ്ങിയ ഊർജ്ജസ്വലരായ പത്തിരുപതു ചെറുപ്പക്കാരെ ആളുകൾ വിസ്മയത്തോടെ നോക്കി. അവർ വനം കീഴടക്കാൻ ചെന്ന സാഹസികരായിരുന്നു. ആയുധങ്ങളായി നല്ലൊരു കൈക്കോടാലിയും –വഴി വെട്ടിയുണ്ടാക്കാനാണതു്– കുറേ കത്തികളുമാണ് അവരുടെ കൈയിലാകെ ഉള്ളതു്. കണ്ണൻകുഴിയിൽ നിന്നു വന്ന കണ്ണൻകുട്ടി എന്ന 'സെക്രട്ടറി' ('കാടന്മാർ' എന്ന കാട്ടു ജാതിക്കാരുടെയിടയിലെ' ഒരു നേതാവാണയാൾ; പക്വതയും ധാരാളം വനപരിചയവുമുള്ള ഒരു കാടൻ.) അയാളുടെ കൂടെയുണ്ടായിരുന്ന മററു രണ്ടു കാടന്മാരുമൊരുമിച്ച് അവർ വനപ്രവേശം നടത്തുകയായി.

–ഞങ്ങൾ ജനത്തിന്റെ സംശയം തീർത്തുകൊടുത്തു: ആലുവ യൂ. സി. കോളേജിൽ നിന്നു വരുന്നവരാണ്. ഇവിടെ നിന്നു പത്തറുപതു മൈൽ ഘോരവനം പിന്നിട്ട്–കാൽനടയായി– പറമ്പിക്കുളത്തെത്തുകയാണ് പരിപാടി......

നമ്മുടെ കിഴക്കൻ മലകളെ 'അനുഭവിക്കുക' എന്റെ വലിയ ആഗ്രഹങ്ങളിലൊന്നായിരുന്നു. മലകളും അവയെ പൊതിഞ്ഞു നില്ക്കുന്ന വൃക്ഷലതാദികളും–വൃക്ഷങ്ങൾ ഏററവും നല്ല ഭംഗിയോടെ നിലനില്ക്കുക മനുഷ്യപാദസ്പർശമേല്ക്കാത്ത കാട്ടിൽത്തന്നെയാണ്– ഇടയ്ക്കു തുള്ളിക്കുതിച്ചൊഴുകുന്ന കാട്ടു നീർച്ചോലകളും 'മാനംമുട്ടെ പച്ചപിടിച്ച താഴ്വാരങ്ങ'ളുമെല്ലാം എന്റെ സ്വപ്നത്തിന്റെ ചൈതന്യങ്ങളായിരുന്നു. ആദിമകാലങ്ങളിലെപ്പോലെ തന്നെ ഇപ്പോഴും സ്ഥിതിചെയ്യുന്ന പർവ്വതവനങ്ങളോടു സല്ലാപം നടത്തി അവയുമായി ഇഴുകിച്ചേരാനും. അവയുടെ ഭംഗി അപ്പാടെ ഉൾക്കൊള്ളാനും ഉതകിയ ഒന്നായിരുന്നു വാഴച്ചാൽ–പറമ്പിക്കുളം വനയാത്ര; ഒരു സാഹസിക സ്വപ്നത്തിന്റെ സാക്ഷാൽക്കാരം!

'ആനമുടിക്കപ്പുറം ഒരു രാത്രി' കഴിച്ച ധീരതയുടെ കഥയിൽ നിന്നാവേശം ലഭിച്ച് അതേ സാഹസം കോളേജിലെ ഒരു വിഭാഗം കഴിഞ്ഞ വർഷം നടത്തുകയുണ്ടായി. അവർ അതിൽ വിജയിച്ചു. കോളേജിൽ ഒരു മൗണ്ടനീറിങ്ങ് ക്ലബ്ബ് ഉടലെടുക്കുകയും ചെയ്തു. ഈ ക്ലബ്ബിന്റെ ആഭിമുഖ്യ

ത്തിൽ സ്റ്റാഫും വിദ്യാർത്ഥികളും, കൂടെ മൂന്നു കാടന്മാരുമുൾപ്പെടെ ഇരുപതുപേർ ചേർന്നു നടത്തിയ ദീർഘമായ ഒരു 'പദയാത്ര'യുടെ കഥയാണിതു്.

തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ നിന്നു് ഇരുപതു കിലോമീറ്റർ കിഴക്കുള്ള കണ്ണൻകുഴിയിലെ ഫോറസ്റ്റ് ഓഫീസിൽ എത്തിയപ്പോൾ കാലത്ത് ഏഴുമണികഴിഞ്ഞിരുന്നു. ഞങ്ങളെ കാത്തുനിന്നിരുന്ന റേഞ്ചർ അല്പം ക്ഷമാപണത്തോടെ പറഞ്ഞു: 'പറഞ്ഞേൽപ്പിച്ചിരുന്ന കാടന്മാർ എത്തിയിട്ടില്ല... ഉടനെ വരാതിരിക്കില്ല...' ഏതായാലും കാടൻ വരാൻ വൈകിയതു് ഒരർത്ഥത്തിൽ നന്നായി. രസകരമായ ആ പ്രദേശം ഞങ്ങൾ ചുറ്റി നടന്നു കണ്ടു. വനത്തിന്റെ ആരംഭസ്ഥലമാണ്-കാണാൻ പോകുന്ന വനമാധുരിയുടെ ഒരു ചെറിയ തെന്നല. അവിടെയൊഴുകുന്ന സുന്ദരമായ കാട്ടാറിന്റെ തീരത്തു വച്ച് കൂടെ കൊണ്ടുവന്നിരുന്ന ഉച്ചഭക്ഷണം കഴിച്ചു. നഗ്നരായി നീർച്ചോലയിൽ കിടന്നു കൊണ്ടാണ് ചിലർ ആഹാരം കഴിച്ചതു്....

യാത്രാരംഭം. കൂറ്റൻ ചീനിമരങ്ങളും തലയുയർത്തി നില്ക്കുന്ന പുൽപ്പടർപ്പുകളും തലയാട്ടി വനപ്രവേശത്തിന്റെ മൗനാനുവാദം തരുന്നുണ്ടായിരുന്നു. ദീർഘദൂരം വനത്തിലൂടെ സഞ്ചരിച്ച് ഒട്ടുവളരെ നൂതനാനുഭവങ്ങൾ ഉൾക്കൊള്ളാനുള്ള ഉത്സാഹം അവിടെ വച്ചാരംഭിച്ചു; രാജൻ വർഗ്ഗീസിന്റേയും ഉണ്ണിക്കൃഷ്ണന്റേയും നേതൃത്വത്തിലുള്ള സാഹസികയാത്രയും.

വിശ്രമത്തിനു ഭംഗമേററ പക്ഷികൾ ഞങ്ങളെ കൗതുകത്തോടെ നോക്കി. പിന്നീട്, വനത്തിലെത്തിയ അപരിചിതരെകണ്ട് അത്ഭുത ശബ്ദം പുറപ്പെടുവിച്ചു കൊണ്ട് പറന്നു പോവുകയായി അവർ. അവയിൽനിന്നു വാൽപിടിച്ചെട്ടത്ത മറ്റെന്തൊക്കെയോ ജന്തുക്കളും വനത്തിന്റെ ദൂരദിക്കുകളിൽ നിന്നു് പല പല ശബ്ദങ്ങൾ പുറപ്പെടുവിച്ചു കൊണ്ടിരുന്നു.

ക്രമേണ, ആൾ സഞ്ചാരമുള്ള 'വഴി' തീർന്നു. അനുയാത്ര ചെയ്തിരുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ യാത്രപറഞ്ഞു പിരിഞ്ഞു.

ഇടുങ്ങിയ ഇടനാഴികകളിലൂടെ കടന്നു പോകുന്ന പ്രതീതിയായിരുന്നു ഇടതൂർന്നു വളർന്നു നില്ക്കുന്ന ഈ കാട്ടിലെ താല്ക്കാലികമായി വെട്ടിയുണ്ടാക്കിയ വഴിയിലൂടെയുള്ളയാത്ര. ചരിവുകളിൽ മലമടക്കുകളെ അനുസ്മരിപ്പിക്കുന്ന തടിച്ചു വീർത്ത വേരുകൾ മലമ്പാമ്പുകളെപ്പോലെ പുളഞ്ഞിറങ്ങി. വനത്തിന്റെ പാരുഷ്യവും പതിയിരിക്കുന്ന അപകടങ്ങളുടെ ഭീഷണിയും ആദ്യം തന്നെ അനുഭവപ്പെട്ടു-റിനിയുടെ നേരെ കുതിച്ചു ചാടിയ ഒരണലിവീരന്റെ വധത്തോടെ. മാത്രമല്ല, ഒളിഞ്ഞിരിക്കുന്ന അപകടങ്ങളുടെ ഒരു 'കാടാ'ണ് നടന്നു തീർക്കാനുള്ളതെന്ന കാര്യം ബോദ്ധ്യപ്പെടുകയും ചെയ്തു. മറ്റൊരു ചെറു ഭീഷണിയായ 'ആനത്തൊണ്ടി'യെക്കുറിച്ച് കാടൻ ഒരു ഡെമോൺസ്ട്രേഷനും നല്കി. ഈ കാട്ടുചെടിയുടെ ഇലകൾ തൊലിയിലൊന്നുരസിയാൽമതി, ആഴ്ചകളോളം നീണ്ടുനില്ക്കുന്ന ചൊറിച്ചിലവിടെയുണ്ടാവുകയായി. സാധാരണ ഗതിയിൽ ഈ ചൊറിച്ചിലിനു മരുന്നൊന്നുമില്ലാതാനും.

വനഭീകരതയുടെ നടുവിലെ വിശാലമായ പാറക്കെട്ടുകളിലായിരുന്നു അന്നു വൈകുന്നേരത്തെ ക്യാമ്പ്. കാട്ടിൽ ഇരുട്ടു പരക്കുന്നതു പെട്ടെന്നായതിനാൽ സന്ധ്യക്കു വളരെ മുമ്പു തന്നെ അന്നത്തെയാത്രക്കു വിരാമമിട്ടു. മനുഷ്യ പാദസ്പർശം വളരെ വിരളമായി മാത്രം (വല്ലപ്പോഴും കാടന്മാർ തേൻ ശേഖരിക്കാനാവഴി കടന്നു പോയേക്കുമെന്നല്ലാതെ ജനങ്ങൾ അവിടേക്കെത്തി നോക്കുകപോലുമില്ല) അനുഭവിക്കുന്ന ആ ശിലാതല്പങ്ങളിൽ കൂടെ കൊണ്ടുവന്നിട്ടുള്ള കെട്ടുഭാണ്ഡങ്ങളെല്ലാമിറക്കിവച്ച് എല്ലാവരും സംതൃപ്തിയോടെ പരസ്പരം നോക്കി പുഞ്ചിരിച്ചു. എത്ര നല്ല സ്ഥലത്താണ് നമ്മളെത്തിയിരിക്കുന്നതു്!

കുറച്ചകലെ നെട്ടനുക്കായി നിന്നിരുന്ന ഒരു പടുകൂറ്റൻ പാറയുടെ മുകളിൽ നിന്നു വെള്ളം ഒലിച്ചു വരുന്നുണ്ടായിരുന്നു. നൂറ-നൂററിരുപത്തഞ്ചടി ഉയരത്തിൽ നിന്നു ചാടിവരുന്ന ആ ജലം താഴ്‌വാരത്തിലെ ചെറുതടാകത്തിൽ വന്നു നിറഞ്ഞ്, അധികം വരുന്നതു കവിഞ്ഞ് നാനാവഴി ഒഴുകി, ഇന്ദ്രജാല സദൃശമായ ഒരു രംഗം അവിടെ സൃഷ്ടിക്കപ്പെടുകയാണ്. തെളിമയും വിശിഷ്ട രുചിയോടു കൂടിയതുമായ ആ ജലം പാറകളിലടിച്ചു പതയുമ്പോൾ പൊട്ടിച്ചിരിക്കുന്നതായി തോന്നി. പ്രകൃതി ഒരുക്കിയ ആ ചെറു ജലസംഭരണിയിലെ രസകരമായ കുളിയും കഴിഞ്ഞ് ഞങ്ങൾ വനത്തിൽ ആർത്തു വിളിച്ചു നടന്നു.

സമയം അസ്തമയത്തോടടുത്തിരുന്നു. ചുവപ്പു രാശികലർന്ന സന്ധ്യാരശ്മികൾ താഴ്‌വരകളിലലിഞ്ഞു ചേർന്നു. അകലെ മലനെററികളിൽ കെട്ടടങ്ങിയ കാട്ടുതീയുടെ ചെറിയ തീനാളങ്ങൾ സന്ധ്യാരശ്മികളെപ്പോലെതന്നെ മങ്ങികത്തിനിന്നു......കൂട്ടിലേക്ക പറന്നകലുന്ന ഏതോ വനപക്ഷിയുടെ വിദൂര ചിത്രം-കലാകാരനായ ഷംസുദ്ദീൻ ഈ ഹൃദയഹാരിയായ ദൃശ്യങ്ങളെല്ലാം കടലാസ്സിൽ പകർത്തുന്നുണ്ടായിരുന്നു.

പിന്നെ ഉത്സാഹത്തിന്റെ മണിക്കൂറുകളായിരുന്നു. മനസ്സിലെ സാഹസികരസം പതുക്കെ നർമ്മരസത്തിനു വഴിമാറിക്കൊടുത്തു. കെ. എ. മാത്യുവിന്റെ പൊട്ടിച്ചിരിപ്പിക്കുന്ന ഫലിതങ്ങൾ– അവിവാഹിതനും മധ്യവയസ്കനുമായ ഞങ്ങളുടെ ക്ലബ്ബ് ചെയർമാനായിരുന്നു പലപ്പോഴും അദ്ദേഹത്തിന്റെ പരിഹാസ ശരവ്യം – അട്ടഹാസങ്ങളുയർത്തി. തല്ക്കാലത്തേക്കെല്ലാവരും 'സംസ്കാര സമ്പന്നർ' എന്ന പൊയ്മുഖം മാററിവച്ചു നർമ്മബോധം എല്ലാവരിലേക്കും പടർന്നു പിടിച്ചു; അന്തരീക്ഷത്തിനു സൗഹൃദത്തിന്റേയും സന്തോഷത്തിന്റേയും വശ്യത കൈവന്നു.

ആ ഭാഗത്തിന്റെ പേര് കണ്ടൂർ കണ്ട് എന്നത്രെ. അവിടെ വച്ചു നടന്ന പേടിപ്പെടുത്തുന്ന ഒരു സംഭവം ഓർക്കുന്നു. സമയം രാത്രി പത്തു മണി കഴിഞ്ഞു. ക്ഷാമമില്ലാതെ നല്ല നല്ല വിറകുകളിട്ട് ഉഗ്രമായി തീക്കുണ്ഡം കൂട്ടിയിട്ടുണ്ടായിരുന്നു. ചുററുമൊഴുകുന്ന കാട്ടാറ് അതിനെ പ്രതിഫലിപ്പിച്ചു. കാടന്മാരുടെയിടയിലെ പ്രാചീനമായ ഒരു നാടൻ പാട്ട് ആവേശത്തോടെ പാടി 'സെക്രട്ടറി'. ഞങ്ങൾ പാട്ടിനോടൊപ്പം തീയ്ക്കു ചുററും വനനൃത്തം നടത്തിക്കൊണ്ടിരുന്നു. അങ്ങനെ പരിസരം മറന്നു ഗാനനൃത്താദികളിൽ മുഴുകിയിരിക്കുമ്പോൾ പയ്യനായ ബേബി നീണ്ട ടോർച്ചും കൈയ്യിലേന്തി ഏതോ ഭീകര ദൃശ്യം കണ്ടു ഭയന്നു വിഹ്വലമായ മുഖഭാവത്തോടെ നില്ക്കുന്നു. ബേബി ചൂണ്ടിക്കാണിച്ചിടത്തേക്കു നോക്കിയപ്പോൾ ഞങ്ങൾ ക്യാമ്പടിച്ചിരിക്കുന്നതിന്റെ പത്തു പന്ത്രണ്ടു വാര അകലെ (അവിടം ഘോരവനമാണ്) തിളങ്ങുന്ന രണ്ടു നീലക്കണ്ണുകൾ ഞങ്ങളെ തുറിച്ചു നോക്കുന്നു! നായാട്ടിൽ പരിചയമുള്ള ബാപ്പുജിയ്ക്കു് ഒട്ടും പ്രയാസമുണ്ടായില്ല, ആ കണ്ണുകൾ ഒരു കരടിയുടേതെന്നറിയാൻ. (ഞങ്ങൾ തോക്കു കൂടെ കൊണ്ടുവന്നിരുന്നില്ല) ഒരു നനുത്ത ഭീതിയുടെ കാലടിയൊച്ച എല്ലാവരുടേയും ഉള്ളിൽ, പ്രതിധ്വനിച്ചു. കണ്ണുകൾ അപ്രത്യക്ഷമായി. രാത്രി വളരെ വൈകിയപ്പോൾ ഒരിക്കൽ കൂടി അവ പ്രത്യക്ഷപ്പെട്ടെന്നു ഒരു കൂട്ടർ . എല്ലാവരും ഉറങ്ങുമ്പോൾ ഈരണ്ടു പേർ വീതം ഉണർന്നിരിക്കണമെന്നും തീ നന്നായി കത്തിക്കണമെന്നുമുള്ള തീരുമാനത്തോടെ ഞങ്ങൾ ഉറങ്ങി.

അപകടമൊന്നുമുണ്ടായില്ല.

പിറേറ ദിവസം ഒൻപതു മണിയായപ്പോൾ യാത്ര പുനരാരംഭിച്ചു. നേരത്തെ കണ്ട ജലപാതത്തിനരികിലൂടെ നടന്നു. ഒരു വളവു തിരിഞ്ഞപ്പോൾ മുന്നിൽ നില്ക്കുന്നു—സാക്ഷാൽ കണ്ടൂർ മേട്! പാറക്കൂട്ടങ്ങൾ വിജൃംഭിച്ചു നില്ക്കുന്ന, സസ്യങ്ങൾ വളരെ കുറഞ്ഞ, ക്രൂരമായ തലയെടുപ്പോടെ ആകാശത്തിലുയർന്നു നില്ക്കുന്ന ഒരു പരുക്കൻ പർവ്വതം. ആ മലകയററത്തിൽ എല്ലാവിധത്തിലുമുള്ള ദുർഘടങ്ങളും ഉണ്ടാവുമെന്ന് താഴെ നിന്നു നോക്കിയപ്പോൾത്തന്നെ മനസ്സിലായി. അതു കയറിയിറങ്ങാനുള്ള ശ്രമമായി പിന്നീട്. മുതുകിൽ തൂക്കിയിട്ടിരിക്കുന്ന 'ധറി'യും കരിമ്പടവും ഭക്ഷണവുമടങ്ങുന്ന സഞ്ചിയുടെ ഭാരവും പേറി 'നാലുകാലിൽ' ഇഴഞ്ഞുള്ള കയററം...... അല്പം തെററിയാൽ അഗാധമായ അടിവാരത്തിലെ കൂർത്തപാറക്കെട്ടുകളിലായിരിക്കും ചെന്നു പതിക്കുക. ഹൃദയത്തിന്റേയും ശരീരത്തിന്റേയും ഒരുപോലെയുള്ള ഒരു പരീക്ഷ! ഏതെങ്കിലുമൊന്നു തളർന്നാൽ കയററം അസാദ്ധ്യമാകുമായിരുന്നു. മുകളിൽ ചെന്നു താഴേക്കു നോക്കിയപ്പോൾ ഞങ്ങൾ നിൽക്കുന്നതു് അത്ര മോശമായ സ്ഥലത്തല്ല എന്നു തോന്നി—അടിവാരത്തിലെ വലിയ വൃക്ഷങ്ങളെല്ലാം ചെടികളായി മാറിയിരിക്കുന്നു!

വിശ്രമത്തിന്റേയും ഭക്ഷണത്തിന്റേയും യഥാർത്ഥ സുഖം അറിയുക ഇത്തരം യാത്രകളിലാണെന്നതെത്രശരി! ചെങ്കുത്തായ പാറക്കെട്ടുകൾ നിറഞ്ഞ കണ്ടൂർ മേട് കയററം കഴിഞ്ഞുള്ളതായിരുന്നു അത്തരത്തിലുള്ള ഒരു വിശ്രമം. ഇതുപോലെതന്നെയുള്ള, എന്നാലിതിനെക്കാൾ എത്രയോ മഹത്തായ ഒരു സാഹസികയാത്ര നടത്തിയ ശ്രീ. കെ. പി. എസ്. മേനോൻ തന്റെ സഞ്ചാരത്തിനിടയ്ക്കു് 'കാറക്കോറം' എന്നൊരു പർവ്വതനിര കയറിയിറങ്ങിയതായി തന്റെ ഒരു ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.* ഘോരമായ ആ പേരുപോലെ തന്നെയായിരുന്നു മലയുടെ സ്വഭാവവും.

ആ പർവ്വതം കയറിയിറങ്ങി പിന്നീടദ്ദേഹം കണ്ടതു് പച്ചപ്പുൽപ്പടർപ്പുകളായിരുന്നു. മാർലോവിന്റെ 'ടാമ്പർലേൻ' വായിച്ചു കഴിഞ്ഞു് 'ആസ് യു ലൈക് ഇററ്' വായിക്കുന്ന പ്രതീതിയായിരുന്നത്രെ അദ്ദേഹത്തിനപ്പോഴുണ്ടായതു്. കണ്ടൂർ മേട് എന്ന ദുർഘടം കഴിഞ്ഞശേഷം ഞങ്ങൾക്കുണ്ടായതും ഏതാണ്ടിതേ ആശ്വാസം തന്നെയായിരുന്നു. അവിടെ കാണാൻ കഴിഞ്ഞതോ, പടർന്നു പന്തലിച്ചു നിൽക്കുന്ന ഇടതൂർന്ന ഈററവനങ്ങളും അവയ്ക്കിടയിലൂടെ

---

*ഡൽഹി–ചുങ്കിങ്ങ്*. കെ. പി. എസ്. മേനോൻ: അസാധാരണമായ ഒരു യാത്രാവിവരണമാണിതു്. ശ്രീനഗറിൽ നിന്നു കാഷ്ഗറിലേക്കുള്ള–പർവ്വതങ്ങളും മണലാരണ്യങ്ങളും മററും നിറഞ്ഞ–സാർത്ഥവാഹമാർഗ്ഗത്തിലൂടെ നാല്പത്തിയഞ്ചു ദിവസം കൊണ്ടു പൂർത്തിയാക്കിയ ഒരു സാഹസികയാത്രയുടെ കഥ.

ജനം വിട്ടു കുതിച്ചു പായുന്ന മലഞ്ചോലകളും ചേർന്നൊരുക്കുന്ന വിഭവ സമൃദ്ധമായ ഒരു നയനസദൃശ്യം.........

പണ്ടു ബ്രിട്ടീഷുകാർ നിർമ്മിച്ച 'ടാംവേ ലൈനി'ലൂടെ സാവധാനത്തിലേ നീങ്ങുവാൻ സാധിച്ചുള്ളൂ. കാട്ടിലെ തടികൾ ചാലക്കുടിയിലെത്തിക്കാൻ വേണ്ടിയുണ്ടാക്കപ്പെട്ട വഴിയാണതു്. ഈ വഴിയിലൂടെയുള്ള തടികടത്തൽ ഒരു പഴങ്കഥയായിത്തീർന്നിരിക്കുന്നു. കൊട്ടങ്കാടായി മാറിയിരിക്കുന്ന ഈ വഴിയിലൂടെ തന്നെയാണു് വന്യമൃഗങ്ങളുടേയും സഞ്ചാരം എന്നതിനു തെളിവുകൾ ലഭിച്ചു. ചില നിമിഷങ്ങൾക്കു മുമ്പു് അതുവഴി ആനക്കൂട്ടം കടന്നുപോയിട്ടുണ്ടെന്നു് കാടൻ പറഞ്ഞപ്പോൾ ഞങ്ങൾ ശ്രദ്ധിച്ചു് ജാഗരൂകരായി നടക്കുവാൻ തുടങ്ങി. വലതു വശത്തു പാറക്കൂട്ടങ്ങളെ തഴുകിയൊഴുകുന്ന അരുവിയാണു്. ആ അരുവിക്കക്കരെ ഞങ്ങൾ ആനക്കൂട്ടത്തെക്കണ്ടു. സകല സ്വാതന്ത്ര്യത്തോടും കൂടി രസിച്ചു മദിച്ചങ്ങനെ നീങ്ങുകയാണവ. എന്തു വലിപ്പവും ആരോഗ്യവുമാണവയ്ക്കു്! ആനക്കൂട്ടം ഞങ്ങളെ കണ്ടോ എന്തോ. ഒരു ഉഗ്രൻ ചിന്നം വിളി നടത്തിയിട്ടു് അവ അവയുടെ വഴിക്കുപോയി.

വെള്ളം ശേഖരിക്കുവാൻ ഇടയ്ക്കിടയ്ക്കു കാണുന്ന അരുവികളിലെല്ലാം ഞങ്ങൾ തങ്ങി. അവയിൽ കുളിച്ചു നിൽക്കുന്ന പാറകൾക്കു് അസാമാന്യ സൗന്ദര്യം തോന്നി. നൂററാണ്ടുകളായി ജലം ശക്തിമത്തായ ചുഴികളോടെ കുതികുത്തിയൊഴുകിയതിനാലാവാം പാറകളിൽ ചിലയിടത്തു് കാണുന്ന കുഴികൾ ചുഴികൾ പോലെ തന്നെയിരിക്കുന്നു കാഴ്ചയിലും. പ്രകൃതിയുടെ ചിത്രരചന അതിന്റെ വാച്യാർത്ഥത്തിൽ തന്നെ കാണുവാൻ കഴിഞ്ഞു. മററു ചില പാറകളിൽ വെളുത്ത നിറത്തിൽ സുന്ദരങ്ങളായ ചില 'പാറേറണുകൾ' ഒരിക്കലും മാഞ്ഞുപോകാത്ത രീതിയിൽ എത്ര പ്രഗത്ഭമായാണു് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതു്! കമ്പ്യൂട്ടർ 'രചിച്ച' ചില പാറേറണുകളെ അനുസ്മരിപ്പിക്കുന്നതായിരുന്നു ചിലതു്.

